**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 796** **06-12-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കണ്ടല സർവീസ് സഹകരണ ബാങ്കിൽ നടത്തിയ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കണ്ടല സർവീസ് സഹകരണ ബാങ്കിൽ സഹകരണ നിയമത്തിലെ വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഭരണസമിതി അംഗങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ കണ്ടല സർവീസ് സഹകരണ ബാങ്കിൽ സഹകരണ നിയമത്തിലെ വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.<br><br>കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം ഭരണ സമിതിക്കെതിരെ സഹകരണ നിയമം 32 (1) (a) (c) വകുപ്പുകൾ പ്രകാരം നടപടി എടുക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ആയത് നേരിട്ട് ഹാജരായി ബോധിപ്പിക്കുന്നതിന് സംഘം സെക്രട്ടറിക്കും പ്രസിഡന്റിനും നോട്ടീസ് അയച്ച്,തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ നേരിൽ കേട്ടിരുന്നു. ടി വിഷയം സംബന്ധിച്ച് സംഘം ഭരണ സമിതി ബഹു.കേരള ഹൈക്കോടതിയിൽ WP(C)/20735/2022 നമ്പരായി റിട്ട് ഹർജി സമർപ്പിക്കുകയും ആയതിൻമേൽ ബഹു.കോടതി 27/06/2022 ന് പുറപ്പെടുവിച്ച ഉത്തരവിൽ ജോയിന്റ്രജിസ്ട്രാർ(ജനറൽ)ന് ഹിയറിംഗ് നടപടികൾ നടത്താവുന്നതാണ് എന്നും ആയതിൻമേൽ അന്തിമ ഉത്തരവ് ബഹുമാനപ്പെട്ട കോടതി ഉത്തരവിന് വിധേയമായി മാത്രം പുറപ്പെടുവിക്കേണ്ടതാണ് എന്നും ഉത്തരവായിരുന്നു.WP(C)/20735/2022 നമ്പർ റിട്ട് ഹർജ്ജിയിന്മേൽ 29/11/2022 തീയതിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിനോടൊപ്പമുള്ള അനുബന്ധങ്ങൾ ബന്ധപ്പെട്ട കക്ഷികൾക്ക് ലഭ്യമാക്കണമെന്നും ആയതിന് ശേഷം ടി വ്യക്തികളുടെ വിശദീകരണം വാങ്ങി ഹിയറിംഗ് നടപടികൾ പൂർത്തീകരിച്ച ശേഷം മാത്രമേ സഹകരണ നിയമം വകുപ്പ് 32 പ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിക്കാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## കേരള സഹകരണ നിയമം (1969 ലെ 21-ാം നിയമം.) 1969 വകുപ്പ് 65 പ്രകാരം റ്റി 197-ാം നമ്പർ കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ നടത്തിയ അന്വേഷണം റിപ്പോർട്ട്

| | | | |
|---|---|---|---|
| 1 | സംഘത്തിന്റെ പേരും മേൽവിലാസവും | : | കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി 197 |
| 2 | സംഘം രജിസ്റ്റർ ചെയ്ത തീയതി | : | 09.06.1961 |
| 3 | സംഘം പ്രവർത്തനം ആരംഭിച്ച തീയതി | | 29.06.1961 |
| 4 | അന്വേഷണ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും | : | എസ് ജയചന്ദ്രൻ<br>സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)<br>അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് കാട്ടാക്കട |
| 5 | സംഘം ഉൾപ്പെടുന്ന വിഭാഗം | : | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം |
| 6 | അന്വേഷണം നടത്തുന്നതിനുള്ള ഉത്തരവ് നമ്പരും തീയതിയും | : | ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടെ 24.11.2021 ലെ സി ആർ പി(1) /7788/2017 നമ്പർ ഉത്തരവ് |
| 7 | **അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ട തീയതി** | : | 23.01.2022 |
| 8 | **റിപ്പോർട്ട് സമർപ്പിച്ച തീയതി** | : | 22.01.2022 |

## I. ബാങ്കിന്റെ ഘടന, പ്രവർത്തനം, ഭരണ നിർവ്വഹണം, സാമ്പത്തിക സ്ഥിതി എന്നിവ സംബന്ധിച്ച്

1. **ബാങ്കിന്റെ ഘടന**

കേരള സഹകരണ നിയമപ്രകാരം 09.06.1961 ൽ നിലവിലെ കാട്ടാക്കട താലൂക്കിൽ തൂങ്ങാംപാറ ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് 29.06.1961 ൽ (പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘമായി 16.06.1974) ൽ പ്രവർത്തനമാരംഭിച്ച ടി സംഘത്തിന്റെ മേൽവിലാസം കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി 197, കണ്ടല പി ഒ, തിരുവനന്തപുരം ജില്ല എന്നാണ്

(ബൈല വ്യവസ്ഥ 1)(അനുബന്ധം A 1)

സംഘത്തിന്റെ പ്രവർത്തനപരിധി ചുവടെ പരാമർശിക്കും പ്രകാരമാണ്.

പ്രവർത്തന പരിധിയുടെ അതിരുകൾ നാച്ചറൽ ബൗണ്ടറികളുടെ അടിസ്ഥാനത്തിൽ

| | | |
|---|---|---|
| കിഴക്ക് | - | ആര്യങ്കോട് പഞ്ചായത്ത് |
| വടക്ക് | - | കാട്ടാക്കട പഞ്ചായത്ത് |
| പടിഞ്ഞാറ് | - | മലയിൻകീഴ് പഞ്ചായത്ത് |
| തെക്ക് | - | മണത്തോട്ടം ഇടവഴി കീഴോട്ട്, മൈലോട്, പാണൂർ, പാറത്തോട്, അണപ്പാട് വരെ. പോങ്ങുംമൂട്, പുന്നാവൂർ, ഉണ്ടു വെട്ടിറോഡ്, പാലോട്ടുകോണം, കുറുക്കണ്ണാവൂർ ഇടവഴി, നെടും പാറ, മാമ്പഴക്കര റോഡ് എന്നിവയായിരിക്കും. എന്നാൽ തിരുവ നന്തപുരം റവന്യൂ ജില്ലയിൽ ഉള്ള സ്ഥാവര വസ്തുക്കൾ ജാമ്യം സ്വീകരിച്ചുകൊണ്ട് മെമ്പർമാർക്ക് ബാങ്കിൽ നിന്നും കടംകൊടു ക്കാമെന്നുള്ളതാകുന്നു. |

(ബൈല വ്യവസ്ഥ 4 - 22.11.2010 ൽ രജിസ്റ്റർ ചെയ്തത്)(അനുബന്ധം A1& A 2)

## 2. ബാങ്കിന്റെ പ്രവർത്തനം

കേരള സഹകരണ ചട്ടം 15 (1) (എ) (3) പ്രകാരം പ്രാഥമിക കാർഷിക വായ്പ സംഘമായി പ്രവർത്തിച്ചുവരുന്ന ടി ബാങ്കിന്റെ പ്രവർത്തനങ്ങൾ ചുവടെ പറയുന്നവയാണ്.

എ) വായ്പാ വിതരണം

ഹ്രസ്വകാല കാർഷിക വായ്പ, മദ്ധ്യകാല വായ്പ, കാർഷിക, കാർഷികേതര പദ്ധതി വായ്പകൾ, ഹയർപർച്ചേയ്സ് വായ്പകൾ എന്നിവ ഒരംഗത്തിന് ഒരേസമയം അനുവദി ക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഒരംഗത്തിന് പരമാവധി വാങ്ങാവുന്ന വായ്പ തുക 10 ലക്ഷ മാണ്. എന്നാൽ സ്ഥിരനിക്ഷേപങ്ങളുടെ ഉറപ്പിൻമേൽ നൽകുന്ന വായ്പകൾ, ചിട്ടികൾ, പ്രതി മാസ നിക്ഷേപ പദ്ധതികൾ, പദ്ധതി വായ്പകൾ എന്നിവ ഈ പദ്ധതിയിൽ വരുന്നില്ല എന്നും ബൈലയിൽ പ്രതിപാദിച്ചിട്ടുണ്ട്.(വ്യവസ്ഥ 50 ഡി) ടി നിയമാവലി വ്യവസ്ഥ പരിശോധിക്കു മ്പോൾ ഒരംഗത്തിന് ബാങ്കിൽ നിന്നും ഒരേസമയം നൽകാവുന്ന പരമാവധി തുക 10 ലക്ഷം തന്നെയാണെന്ന് ബോദ്ധ്യപ്പെടുന്നു. 3 ലക്ഷം രൂപ വരെ സാധാരണ വായ്പ നൽകാനും (വ്യവസ്ഥ 50 ഇ), 3 ലക്ഷം രൂപ വരെ സ്വർണപണയ വായ്പ നൽകാനും (വ്യവസ്ഥ 51 എഫ്) ബൈലായിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. (അനുബന്ധം A3-A6)

മേൽ പറഞ്ഞ വായ്പകൾക്കുപുറമേ 2 ലക്ഷം രൂപവരെ സ്വയം തൊഴിൽ വായ്പ അനുവദിക്കാവുന്നതാണ് (ബൈല വ്യവസ്ഥ 51 എച്ച്). ബൈലാ വ്യവസ്ഥ 51 ഐ പ്രകാരം ഉപഭോക്തൃ വായ്പകൾ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാവലി വ്യവസ്ഥ 51 ജെ പ്രകാരം ഒരംഗത്തിന് 50000 രൂപ വരെ വീട്ടുപകരണങ്ങൾ വാങ്ങാൻ വായ്പ നൽകാ വുന്നതുമാണ്. നിയമാവലി വ്യവസ്ഥ 51(ഒ) പ്രകാരം നിത്യപിരിവ് നിക്ഷേപ ജാമ്യത്തിൽ 50000 രൂപയും ഉപനിബന്ധന വ്യവസ്ഥകൾക്ക് വിധേയമായി വായ്പ അനുവദിക്കാം. നിയമാ വലി വ്യവസ്ഥ 51(പി) പ്രകാരം കുടുംബശ്രീ/സ്വയം സഹായ സംഘങ്ങൾക്ക് വായ്പ അനുവ

ദിക്കാനായി വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും വായ്പാ പരിധി നിയമാവലിയിൽ പ്രതിപാദിച്ചു കാണുന്നില്ല. നിയമാവലി വ്യവസ്ഥ 47(17) പ്രകാരം വസ്തു പണയപ്പെടുത്തി ബാങ്കിൽ ബാദ്ധ്യതപ്പെടുന്ന അംഗങ്ങളിൽ നിന്നും ഗഹാൻ മുഖേന ബോ ണ്ട് പരിശോധിച്ച് സ്വീകരിക്കുന്നതിനും, ബാദ്ധ്യത തീരുന്ന മുറയ്ക്ക് തിരികെ പതിച്ച് കൊടുക്കുന്നതിനും സെക്രട്ടറിയെയോ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നുണ്ട് (അനുബന്ധം A3 to A6)

ബി) നിക്ഷേപങ്ങൾ സ്വീകരിക്കൽ

ബൈലാ വ്യവസ്ഥ 56 പ്രകാരം ചുവടെ പരാമർശിക്കുന്ന നിക്ഷേപങ്ങൾ ബാങ്കിന് സ്വീകരിക്കാം.

1. സ്ഥിര നിക്ഷേപം
2. റെക്കറിംഗ് നിക്ഷേപം
3. കെട്ട്തെങ്ങ് നിക്ഷേപം
4. ഭണ്ഡാര നിക്ഷേപം
5. സേവിംഗ് ബാങ്ക് നിക്ഷേപം
6. കറണ്ട് നിക്ഷേപം
7. ചിട്ടികൾ(കുറികൾ)
8. ത്രിഫ്റ്റ് നിക്ഷേപം
9. ശേഷക്രിയ നിധി
10. ഗ്രൂപ്പ് നിക്ഷേപം

എന്നീ പദ്ധതികൾ സബ്റൂളിന് വിധേയമായി നടപ്പാക്കാനാവുന്നതാണ്.(അനുബന്ധം A1)

സി) സഹകരണ ആശുപത്രി

ബഹു രജിസ്ട്രാറുടെ 02.06.2015 ലെ സി പി (3)/35979/11 നമ്പർ കത്ത് പ്രകാരം(അനുബന്ധം A15) കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ 16.12.2013 ലെ 506-ാം നമ്പർ തീരുമാനത്തിന് വിധേയമായി കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിലും മേനോട്ടത്തിലും പ്രവർത്തിപ്പിക്കാനാവുന്ന വിധം "ഒരു സഹകരണ ആശുപത്രി" നടത്തുന്നതിന് ഉപനിബന്ധന അംഗീകാരം നൽകി കാണുന്നു. ടി ഉപനിബന്ധന പ്രകാരം സർക്കാരിന്റെ / രജിസ്ട്രാറുടെ അനുമതിയ്ക്ക് വിധേയമായി പ്രവർത്തന പരിധിയ്ക്ക് പുറത്ത് ആശുപത്രിയുടെ ശാഖകൾ, സബ്സെന്ററുകൾ, മെഡിക്കൽ സ്റ്റോറുകൾ, ലാബോറട്ടറികൾ എന്നിവ ആരംഭിച്ച് പ്രവർത്തിക്കാമെന്ന് പരാമർശിച്ചിട്ടുണ്ട്. കണ്ടല ബാങ്കിന്റെ പ്രവർത്തന പരിധി പ്രദേശം ആയിരിക്കും ടി ആശുപത്രിയുടെയും പ്രവർത്തനപരിധിയെന്നും ഉപനിബന്ധനയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്രകാരം ഉപനിബന്ധന അംഗീകരിച്ച് നൽകിയിട്ടുള്ളതിനാൽ ബാങ്ക് പ്രത്യേകം അനുവാദം വാങ്ങാതെ ആശുപത്രിയ്ക്ക് കീഴിൽ നീതി മെഡിക്കൽ സ്റ്റോർ

നടത്തുന്നുണ്ട്. ആശുപത്രിയുടെയും മറ്റും പ്രവർത്തനങ്ങൾ വിശദമായി പരിശോധിച്ചതിൽ അനധികൃത നിയമനങ്ങൾ ഉൾപ്പെടെ ക്രമരഹിത ഇടപാടുകൾ നടന്നതായി കാണാൻ കഴി ഞ്ഞിട്ടുണ്ട്. ആശുപത്രി 2019-20 വർഷത്തിൽ 275386 രൂപ മിച്ചത്തിൽ പ്രവർത്തിച്ചതായി കാണുന്നുവെങ്കിലും 2020-21 വർഷത്തിൽ 4207076 രൂപ നഷ്ടത്തിലാണ് പ്രവർത്തിച്ചതായി കാണുന്നത്. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ 30.11.2021 വരെ 3915159 രൂപ മിച്ചമു ള്ളതായും കാണുന്നു. (അനുബന്ധം A14)

ഡി) സൂപ്പർ മാർക്കറ്റ്

ബാങ്കിന് കീഴിൽ ഒരു സൂപ്പർ മാർക്കറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ടി സൂപ്പർ മാർക്ക റ്റിന്റെ പ്രവർത്തനം പരിശോധിച്ചതിൽ നിന്നും വ്യാപാര ലാഭം എല്ലാ വർഷവും 10 ശതമാന ത്തിന് താഴെ മാത്രമാണെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. ടി അന്വേഷണ റിപ്പോർട്ടിലെ അന്വേഷണ വിഷയമായ ക്രമ നമ്പർ 5 (i) ൽ വ്യാപാര ലാഭ ശതമാനം പ്രതിപാദിക്കുന്ന പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3. ബാങ്കിന്റെ ഓഹരി മൂലധനം

ബാങ്കിന്റെ അംഗീകൃത ഓഹരി മൂലധനം ഓഹരി ഒന്നിന് 100 രൂപ വിലയുള്ള 1 കോടി എ ക്ലാസ്സ് ഓഹരികളും, 100 രൂപ വിലയുള്ള 1 ലക്ഷം ബി ക്ലാസ്സ് ഓഹരികളും 50 രൂപ വിലയുള്ള 2 ലക്ഷം സി ക്ലാസ് ഓഹരികളും ഉൾപ്പെടെ 111 കോടി രൂപയായിരിക്കും.(ബൈലാവ്യവസ്ഥ 17). 31.03.2020 ലെ ആഡിറ്റ് സാക്ഷ്യപത്ര പ്രകാരം ബാങ്കിന് 15481767 രൂപയുടെ പിരിഞ്ഞടഞ്ഞ ഓഹരി മൂലധന ബാക്കിനിൽപ്പ് കാണുന്നു. ഇതിൽ ബൈലയിൽ പരാമർശിക്കാത്ത ഡി ക്ലാസ് ഓഹരി മൂലധന മായ 145000 രൂപയും ഉൾപ്പെടുന്നുണ്ട്.(അനുബന്ധം A7)

### 4. സാമ്പത്തിക സ്ഥിതി

ബാങ്കിന്റെ2020-21, 2021-22 (31.12.2021 വരെ) എന്നീ വർഷങ്ങളിലെ സാമ്പത്തിക സ്ഥിതി വിവരം സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

FINANCIAL POSITION AS ON **31.3.2021**(TENTATIVE)

| LIABILITY | AMOUNT | ASSET | AMOUNT |
|---|---|---|---|
| SHARE CAPITAL | 16374886 | CASH | 44357245 |
| BORROWINGS | 186185564 | LOAN | 1026204814 |
| DEPOSIT | 1870432496 | INVESTMENTS | 14898950 |
| OTHER LIABILITY | 176620680 | OTHER ASSET | 571129655 |
| DUE BY | 99369370 | DUE TO | 186258511 |
| MDS | 213597770 | MDS | 335727300 |
| | | NET LOSS | 384004291 |
| TOTAL | 2562580766 | TOTAL | 2562580766 |

FINANCIAL POSITION AS ON 31.12.2021(TENTATIVE)

| LIABILITY | AMOUNT | ASSET | AMOUNT |
|---|---|---|---|
| SHARE CAPITAL | 16409836 | CASH | 5260455 |
| BORROWINGS | 216377201 | LOAN | 1099211683 |
| DEPOSIT | 1896651909 | INVESTMENTS | 14898950 |
| OTHER LIABILITY | 293899413 | OTHER ASSET | 574914448 |
| DUE BY | 41998780 | DUE TO | 588217979 |
| MDS | 243442540 | MDS | 344111100 |
| | | NET LOSS | 82165094 |
| TOTAL | 2708779709 | TOTAL | 2708779709 |

31.12.2021 ലെ താൽക്കാലിക ബാക്കിപത്രം ബാങ്ക് തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത് വായ്പ/ എം ഡി എസ് കുടിശ്ശികയ്ക്ക് ക്രമപ്രകാരം ചുമത്തേണ്ടതായ കരുതൽ ചുമത്താതെയാണ്. ആകയാലാണ് അറ്റനഷ്ടം 82165094 രൂപയായി കാണുന്നത്. കരുതൽ കൂടി ചുമത്തിയാൽ ടി വർഷത്തെ അറ്റനഷ്ടം 50 കോടിയിൽ കുറയാതെ വരുന്നതാണ്.

ബാങ്കിന്റെ ആസ്തിയിൽ മൂല്യശോഷണം സംഭവിച്ചിരിക്കുന്നതും 2005-06 വർഷം മുതലുള്ള ബാങ്ക് രേഖകളുടെ പരിശോധനയിൽ നിന്നും ബോദ്ധ്യപ്പെടുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | | ആസ്തിമൂല്യശോഷണ തുക |
|---|---|---|
| 2005-06 | - | 44555550 |
| 2006-07 | - | 60406797 |
| 2007-08 | - | 82233545 |
| 2008-09 | - | 117635238 |
| 2009-10 | - | 117096559 |
| 2010-11 | - | 162037229 |
| 2011-12 | - | 218978719 |
| 2012-13 | - | 304342505 |
| 2013-14 | - | 335963769 |
| 2014-15 | - | 371662256 |
| 2015-16 | - | 501903490 |
| 2016-17 | - | 573355716 |
| 2017-18 | - | 700832083 |
| 2018-19 | - | 795936688 |
| 2019-20 | - | 873383728 |
| 2020-21 | - | 987531937(ടെന്റേറ്റീവ്) |

2021-22(upto 31.12.2021) - 1010067858 (ടെന്റേറ്റീവ്)

ബാങ്കിന്റെ ആസ്തിയിൽ ഓരോ വർഷവും ക്രമാനുഗതമായ ശോഷണം സംഭവിച്ചുകാണുന്നു. ബാങ്കിലെ ഭരണകെടുകാര്യസ്ഥതയും, ധൂർത്തും, ക്രമക്കേടുകളും മൂലമാണ് ഓരോവർഷവും ആസ്തിശോഷണം കൂടി വരുന്നതെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 31.03.2020ലെ ആഡിറ്റിന് വിധേയമായ കണക്കുകൾ പരിശോധിക്കുമ്പോൾ 87.33 കോടിയാണ് ബാങ്കിന്റെ ആസ്തിയിലെ ശോഷണം. 31.03.2020 ൽ അംഗങ്ങളിൽ നിന്നുള്ള പിരിഞ്ഞടഞ്ഞ ഓഹരിമൂലധനവും, നിക്ഷേപവും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും കടമെടുത്ത തുകയും ചേർന്ന് 195.54 കോടി രൂപ ബാക്കിനിൽപ്പ് ഉണ്ട്. എന്നാൽ ടി തുകയിൽ ബാങ്കിലും കൈവശവും ഉള്ള നീക്കിയിരിപ്പും മറ്റ് നിക്ഷേപങ്ങളും ചേർന്ന തുക ആകെ 46929934 രൂപ മാത്രമാണ്. വായ്പ ഇനത്തിലെ ബാക്കിനിൽപ്പ് 103.32 കോടി രൂപയും. നിക്ഷേപയിനത്തിലെ ബാക്കിനിൽപ്പിന്റെയും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും കടമെടുത്തതിലെ ബാക്കിനിൽപ്പിന്റെയും (193.81 കോടി) 53% മാത്രമാണ് വായ്പാ ബാക്കിനിൽപ്പ്. ബാങ്കിന്റെ 2019-20 ലെ മാത്രം പ്രവർത്തന നഷ്ടം 5.56 കോടി രൂപയാണ്. 2020-21 ൽ 987531937 രൂപയുടെയും 31.12.2021 വരെ 1010067858 രൂപയുടെയും നിക്ഷേപ മൂല്യശോഷണം ബാങ്കിൽ സംഭവിച്ചിട്ടുണ്ട്. ബാങ്കിലെ ഭരണകെടുകാര്യസ്ഥതയും ധൂർത്തും ക്രമക്കേടുകളും മൂലം സംഭവിച്ചു കാണുന്ന ആസ്തി മൂല്യ ശോഷണത്തിന്റെ കാരണങ്ങൾ ഈ അന്വേഷണ റിപ്പോർട്ടിൽ ക്രമനമ്പർ 5 ൽ അന്വേഷണ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 5. അംഗത്വം

ബാങ്ക് നിയമാവലിയിലെ 5-ാമത് വ്യവസ്ഥ പ്രകാരം ബാങ്കിന്റെ പ്രവർത്തനപരിധിയിൽ സ്ഥിര താമസക്കാരോ, സ്ഥിരമായി തൊഴിൽ ചെയ്യുന്നവരോ ഭൂവുടമകളോ ആയ 18 വയസ്സിനുമുകളിൽ പ്രായമുള്ളവരും സ്വസ്ഥബുദ്ധിയുള്ളവരുമായ ആർക്കും ബാങ്കിൽ അംഗത്വം ആകാവുന്നതാണ്. ടി ബാങ്കിൽ 31.03.2020 വരെ 27273 എ ക്ലാസ്സ് അംഗങ്ങൾ ഉണ്ട്.

## 6. ആഡിറ്റ്

ബാങ്കിലെ 2019-20 വർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. 2019-20 ആഡിറ്റ് പ്രകാരം ബാങ്കിന്റെ അറ്റനഷ്ടം 271062584.87 രൂപയാണ്. ടി വർഷത്തെ മാത്രം പ്രവർത്തന നഷ്ടം 55554231.66 രൂപയാണ്. ടി കാലയളവിലെ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം 15481767 രൂപയാണ്. പിരിഞ്ഞടഞ്ഞ ഓഹരി മൂലധനത്തിന്റെ 14 ഇരട്ടിയോളമാണ് ബാങ്കിന്റെ അറ്റനഷ്ടം.

## 7. ഭരണം

കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 5 വർഷമാണ്. നിലവിലുള്ള ഭരണസമിതി 21.12.2017 ൽ ആണ് തെരഞ്ഞെടുത്തത്.2005-06 വർഷം മുതൽ ബാങ്കിൽ ഭരണം നിർവ്വഹിച്ചുവന്ന ഭരണസമിതി അംഗങ്ങളുടെ വിശദാംശം ചുവടെ പട്ടികയായി ഉൾപ്പെടുന്നു.

02.02.2003 ൽ ചുമതലയേറ്റ ഭരണസമിതി അംഗങ്ങളുടെ പേരും മേൽവിലാസവും

| ക്രമ നമ്പർ | പേര് | അംഗ നമ്പർ | മേൽവിലാസം | പ്രസിഡന്റ്/ഭരണസമിതി അംഗം | കാലാവധി അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | എൻ ഭാസുരാംഗൻ | 960 | ഭാസുര, മാറനല്ലൂർ, കൂവളശ്ശേരി പി ഒ | പ്രസിഡന്റ് | 01.02.2008 |
| 2 | റ്റി പത്മാനതി അമ്മ | 2248 | അഴകത്ത് മേലെ പുത്തൻവീട് കണ്ടല പി ഒ | അംഗം | |
| 3 | പി ശശിധരൻ | 3300 | മുണ്ടൻച്ചിറ മേക്കിൻകര പുത്തൻവീട് കണ്ടല പി ഒ | അംഗം | |
| 4 | സി കൃഷ്ണൻകുട്ടി | 7457 | പുത്തൻകാവ് കാട്ടുവിള പുത്തൻവീട് കൂവളശ്ശേരി പി ഒ | അംഗം | |
| 5 | എം മഹേന്ദ്രൻ | 9041 | മണിമംഗലം, മൂലക്കോണം, കൂവളശ്ശേരി പി ഒ | അംഗം | |
| 6 | എ സലിം | 4098 | സജിൻ മൻസിൽ, അരുമാളൂർ കണ്ടല പി ഒ | അംഗം | |
| 7 | എം ഷാജുകുമാർ | 3685 | കേശവവിലാസം ഇറയംകോട് കണ്ടല പി ഒ | അംഗം | |

(അനുബന്ധം A8)

28.01.2008ൽ ചുമതലയേറ്റ ഭരണസമിതി അംഗങ്ങളുടെ പേരും മേൽവിലാസവും

| ക്രമ നമ്പർ | പേര് | അംഗ നമ്പർ | മേൽവിലാസം | പ്രസിഡന്റ്/ഭരണസമിതി അംഗം | കാലാവധി അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | എൻ ഭാസുരാംഗൻ | 960 | ഭാസുര, മാറനല്ലൂർ, കൂവളശ്ശേരി പി ഒ | പ്രസിഡന്റ് | 27.01.2013 |
| 2 | റ്റി പത്മാനതി അമ്മ | 2248 | അഴകത്ത് മേലെ പുത്തൻവീട് കണ്ടല പി ഒ | അംഗം | |
| 3 | സി കൃഷ്ണൻകുട്ടി | 7457 | പുത്തൻകാവ് കാട്ടുവിള പുത്തൻവീട് കൂവളശ്ശേരി പി ഒ | അംഗം | |
| 4 | എ സലിം | 4098 | സജ്ജിൻ മൻസിൽ, അരുമാളൂർ കണ്ടല പി ഒ | അംഗം | |
| 5 | പി ആർ ഗോപാല കൃഷ്ണപിള്ള | 22 | പുത്തറത്തലവീട് ഇറയംകോട് കണ്ടല പി ഒ | അംഗം | |
| 6 | എ ജോൺസൺ | 3064 | പുത്തൻകാവ്വിളവീട് ഠപാങ്ങുംമൂട് കൂവശള്ളേരി പി ഒ | അംഗം | |
| 7 | എ രവീന്ദ്രൻ | 6569 | ഗ്രേസ് വില്ല ആനമൺ പോങ്ങുംമൂട് കൂവളശ്ശേരി പി ഒ | അംഗം | |
| 8 | ആർ രഘുവരൻ നായർ | 1713 | ശ്രീ ഭവൻ കൂത്തക്കോട് വീട് കണ്ടല പി ഒ | അംഗം | |
| 9 | എ കെ രവീന്ദ്രദാസ് | 317 | പുളമ്പള്ളികോണത്ത് വീട് കരിങ്ങൽ കണ്ടല പി ഒ | അംഗം | |

(അനുബന്ധം A9)

02.01.2013 ൽ ചുമതലയേറ്റ ഭരണസമിതി അംങ്ങളുടെ പേരും മേൽവിലാസവും

| ക്രമ നമ്പർ | പേര് | അംഗ നമ്പർ | മേൽവിലാസം | പ്രസിഡന്റ്/ഭരണസമിതി അംഗം | കാലാവധി അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | എൻ ഭാസുരാംഗൻ | 960 | ഭാസുര, മാറനല്ലൂർ, കൂവളശ്ശേരി പി ഒ | പ്രസിഡന്റ് | 01.01.2018 |
| 2 | റ്റി പത്മാനതി അമ്മ | 2248 | അഴകത്ത് മേലെ പുത്തൻവീട് കണ്ടല പി ഒ | അംഗം | |
| 3 | സി തിലോത്തമ | 9908 | മാജിക് വാട്ട് ചീനിവിള കൂവളശ്ശേരി പി ഒ | അംഗം | |
| 4 | എസ് ജലജകുമാരി | 11867 | പി എസ് സദനം ഇറയംകോട് കണ്ടല പി ഒ | അംഗം | |
| 5 | സി കൃഷ്ണൻകുട്ടി | 7457 | പുത്തൻകാവ് കാട്ടുവിള പുത്തൻവീട് കൂവളശ്ശേരി പി ഒ | അംഗം | |
| 6 | പി ആർ ഗോപാല കൃഷ്ണപിള്ള | 22 | പുത്തറത്തലവീട് ഇറയംകോട് കണ്ടല പി ഒ | അംഗം | |
| 7 | എ കെ രവീന്ദ്രദാസ് | 317 | പുളമ്പള്ളികോണത്ത് വീട് കരിങ്ങൽ കണ്ടല പി ഒ | അംഗം | |
| 8 | എ സലിം | 4098 | സജ്ജിൻ മൻസിൽ, അരുമാളൂർ കണ്ടല പി ഒ | അംഗം | |
| 9 | എ ജോൺസൺ | 3064 | പുത്തൻകാവ്വിളവീട് ഠപാങ്ങുംമൂട് കൂവളശ്ശേരി പി ഒ | അംഗം | |
| 10 | എ രവീന്ദ്രൻ | 6569 | ഗ്രേസ് വില്ല ആനമൺ പോങ്ങുംമൂട് കൂവളശ്ശേരി പി ഒ | അംഗം | |
| 11 | ആർ രഘുവരൻ നായർ | 1713 | ശ്രീ ഭവൻ കൂത്തക്കോട് വീട് കണ്ടല പി ഒ | അംഗം | |

(അനുബന്ധം A10)

21.12.2017 ൽ ചുമതലയേറ്റ ഭരണസമിതി അംഗങ്ങളുടെ പേരും മേൽവിലാസവും

| ക്രമ നമ്പർ | പേര് | അംഗ നമ്പർ | മേൽവിലാസം | പ്രസിഡന്റ്/ഭരണസമിതി അംഗം | കാലാവധി അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | എൻ ഭാസുരാംഗൻ | 960 | ഭാസുര, മാറനല്ലൂർ, കൂവളശ്ശേരി പി ഒ | പ്രസിഡന്റ് | 20.12.2022 |
| 2 | പി ആർ ഗോപാല കൃഷ്ണപിള്ള | 22 | പുത്തറത്തലവീട് ഇറയംകോട് കണ്ടല പി ഒ | അംഗം | |
| 3 | എ രവീന്ദ്രൻ | 6569 | ഗ്രേസ് വില്ല ആനമൺ പോങ്ങുംമൂട് കൂവളശ്ശേരി പി ഒ | അംഗം | |
| 4 | എ സലിം | 4098 | സജിൻ മൻസിൽ, അരുമാളൂർ കണ്ടല പി ഒ | അംഗം | |
| 5 | എൽ ശശിധരൻ | 907 | അരുവത്തൂർകോണത്ത് കിഴക്കേതകിടി ചീനിവിള കൂവളശ്ശേരി പി ഒ | അംഗം | |
| 6 | എം ആർ വിനോദ് | 9100 | രാധശ്രീ കണ്ടല,കണ്ടല പി ഒ | അംഗം | |
| 7 | എസ് ജലജകുമാരി | 11867 | പി എസ് സദനം ഇറയംകോട് കണ്ടല പി ഒ | അംഗം | |
| 8 | റ്റി പത്മാനതി അമ്മ | 2248 | അഴകത്ത് മേലെ പുത്തൻവീട് കണ്ടല പി ഒ | അംഗം | |
| 9 | സി തിലോത്തമ | 9908 | മാജിക് വാട്ട് ചീനിവിള കൂവളശ്ശേരി പി ഒ | അംഗം | |
| 10 | സി കൃഷ്ണൻകുട്ടി | 7457 | പുത്തൻകാവ് കാട്ടുവിള പുത്തൻവീട് കൂവളശ്ശേരി പി ഒ | അംഗം | |
| 11 | എസ് പുരുഷോത്തമൻ | 7717 | ആർ എസ് മന്ദിരം പുന്നാവൂർ കൂവളശ്ശേരി പി ഒ | അംഗം | |

(അനുബന്ധം A11)

8. ജീവനക്കാർ

ബാങ്കിൽ നിലവിൽ 39 ജീവനക്കാർ സേവനമനുഷ്ഠിച്ചുവരുന്നു. കൂടാതെ നിരവധികളക്ഷൻ ഏജന്റുമാരും ബാങ്കിൽ സേവനമനുഷ്ഠിക്കുന്നു(അനുബന്ധം A12). തസ്തികാനുവാദം ഇല്ലാതെ ജീവനക്കാരെ ബാങ്കിൽ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിയമനത്തിലും ഉദ്യോഗകയറ്റത്തിലും ഉൾപ്പെടെ കാണാൻ കഴിഞ്ഞിട്ടുള്ള ക്രമക്കേടുകൾ/ന്യൂനതകൾ ഈ അന്വേഷണ റിപ്പോർട്ടിൽ അന്വേഷണ വിഷയങ്ങളിലെ ക്രമ നമ്പർ 1 ൽ വിശദമായി പ്രതിപാദിക്കുന്നു. ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(അനുബന്ധം A12).

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ആർ കെ ബൈജു രാജൻ | അസിസ്റ്റന്റ് സെക്രട്ടറി |
| 2 | കെ മോഹനചന്ദ്രകുമാർ | ഹെഡ് ക്ലർക്ക് |
| 3 | കെ ആർ ബിന്ദു | ഇന്റേണൽ ആഡിറ്റർ |
| 4 | എസ് വി സ്മിത | ബ്രാഞ്ച് മാനേജർ |
| 5 | ശ്രീഗാർ എസ് കുമാർ | ബ്രാഞ്ച് മാനേജർ |
| 6 | പി എസ് അഭിനേഷ് | ഹെഡ് ക്ലർക്ക് |
| 7 | എസ് രാജശ്രീ | ഹെഡ് ക്ലർക്ക് |
| 8 | എസ് എ മനുസാം | ഹെഡ് ക്ലർക്ക് |
| 9 | എച്ച് എച്ച് ഉൽസാഹ് | സീനിയർ ക്ലർക്ക് |
| 10 | എം ബാബുക്കുട്ടൻ | സീനിയർ ക്ലർക്ക് |
| 11 | കെ ജി ബീന | സീനിയർ ക്ലർക്ക് |
| 12 | എസ് രാജേഷ് കുമാർ | സീനിയർ ക്ലർക്ക് |
| 13 | റ്റി എസ് അഖിലേഷ് | സീനിയർ ക്ലർക്ക് |
| 14 | എസ് ഗീത | ജൂനിയർ ക്ലർക്ക് |
| 15 | എസ് രമേശൻ ആശാരി | ജൂനിയർ ക്ലർക്ക് |
| 16 | എസ് മഞ്ചുഷ | ജൂനിയർ ക്ലർക്ക് |
| 17 | എസ് എസ് സാംഗ്ലോറിയ | ജൂനിയർ ക്ലർക്ക് |
| 18 | ഹയറുന്നീസ ബീഗം | ജൂനിയർ ക്ലർക്ക് |
| 19 | വി എസ് രേവതി | ജൂനിയർ ക്ലർക്ക് |
| 20 | എസ് ചിത്ര | ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 21 | ബി എസ് വിദ്യ | ജൂനിയർ ക്ലർക്ക് |
| 22 | കെ അനിൽ | അപ്രൈസർ |
| 23 | റ്റി വിശ്വനാഥൻ | അറ്റന്റർ |
| 24 | പി എസ് പ്രശാന്ത് | അറ്റന്റർ |
| 25 | എ ആർ അഭിഷേക് | സെയിൽസ്മാൻ |
| 26 | എ അരുൺ | സെയിൽസ്മാൻ |
| 27 | എസ് അസ് അരവിന്ദ് | സെയിൽസ്മാൻ |
| 28 | കെ എസ് ബിനിത | പ്യൂൺ |
| 29 | എസ് ശിവകുമാർ | പ്യൂൺ |
| 30 | വി എസ് വീണ | പ്യൂൺ |
| 31 | കെ വിനോദ് | പ്യൂൺ |
| 32 | എം ബി അനീഷ് | പ്യൂൺ |

| | | |
|---|---|---|
| 33 | ആർ ആർ മഞ്ചു | സെക്യൂരിറ്റി |
| 34 | ആർ ലതിക | പാർട് ടൈം സ്വീപ്പർ |
| 35 | റ്റി വിജയകുമാരി | പാർട് ടൈം സ്വീപ്പർ |
| 36 | ജെ വിമല | പാർട് ടൈം സ്വീപ്പർ |
| 37 | ആർ തങ്കം | പാർട് ടൈം സ്വീപ്പർ |
| 38 | കെ ബിന്ദു | പാർട് ടൈം സ്വീപ്പർ |
| 39 | വി കെ വിനീത | പാർട് ടൈം സ്വീപ്പർ |

അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ ആർ കെ ബൈജുരാജൻ ഇപ്പോൾ ബാങ്കിലെ സെക്രട്ടറിയുടെ ചുമതല വഹിച്ചു വരുന്നു. ടിയാന്റെ മേൽവിലാസം ആർ കെ ബൈജുരാജൻ, ബൈജു ഭവൻ, ചൂരക്കുഴി, ഐര പി ഒ, പാറശാല ആണ്. ടി അന്വേഷണവുമായി ബന്ധപ്പെട്ട് ടിയാന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. (അനുബന്ധം A16).

ബഹു ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 24.11.2021 ലെ സി ആർ പി(1) /7788/2017 -ാം നമ്പർ ഉത്തരവ് പ്രകാരം കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനങ്ങളിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അന്വേഷണ ഉത്തരവിൽ പരാമർശിക്കുന്ന വിഷയങ്ങളിൻമേൽ വിശദമായ പരിശോധനകൾ സഹകരണ ചട്ടം 66 ന് കൂടി വിധേയമായി നിർവ്വഹിക്കുകയുണ്ടായി (അനുബന്ധം A13). അന്വേഷണ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

## അന്വേഷണ വിഷയങ്ങൾ

1. അനുമതി ഇല്ലാതെ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചത്
2. ബാങ്കിനെ 20.11.2012 മുതൽ റീ ക്ലാസിഫൈ ചെയ്യാത്തത്
3. ക്രമപ്രകാരമല്ലാതെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ
4. മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിന് ബാങ്കിൽ നിന്നും നൽകിയ വായ്പ, ആയതിലെ തിരിച്ചടവ്, മാറനല്ലൂർ ക്ഷീരവ്യവസായ സംഘത്തിന്റെ ഓഹരി വാങ്ങിയത്, സഹകരണ നിയമം, ചട്ടം, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കാത്തത്.
5. ബാങ്കിന്റെ ധനസ്ഥിതി, ബാങ്കിന്റെ വായ്പാ വിതരണം, എം ഡി എസ് നടത്തിപ്പ്, നിക്ഷേപങ്ങൾ സ്വീകരിക്കൽ, നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകൽ എന്നിവ വഴി ബാങ്കിനുണ്ടായ ആസ്തി ശോഷണം.
6. അന്വേഷണത്തിൽ കണ്ടെത്തുന്ന ഇതര വിഷയങ്ങൾ
7. മേൽ പരാമർശിച്ചവ പ്രത്യേകമായും ബാങ്കിന്റെ ഘടന, പ്രവർത്തനം, ഭരണ നിർവ്വഹണം, സാമ്പത്തിക സ്ഥിതി എന്നിവ സംബന്ധിച്ച്പൊതുവായും

മേൽ അന്വേഷണ വിഷയങ്ങളിൽ ക്രമനമ്പർ 7 ൽ പരാമർശിക്കുന്നവയുമായി ബന്ധപ്പെട്ട പൊതുവായ വിവരങ്ങൾ ആമുഖമായി ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് അന്വേഷണ വിഷയങ്ങളിൻമേലുള്ള വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## 1. അനുമതി ഇല്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചത്

ടി 197-ാം നമ്പർ കണ്ടല സർവ്വീസ് സഹകരണ ബാങ്കിനെ ബഹു തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 11.09.2012 ലെ സി ആർ പി(1) 706/2012-ാം നമ്പർ ഉത്തരവ് പ്രകാരം ബാങ്ക് ഭരണസമിതിയുടെ 10.11.2011 ലെ 698-ാം നമ്പർ തീരുമാനത്തിന് വിധേയമായി 1969 ലെ കേരള സഹകരണ സംഘം 182 അനുബന്ധം III പ്രകാരം വായ്പ സംഘങ്ങളുടെ വിഭാഗത്തിലെ ക്ലാസ് I ൽ ഉൾപ്പെടുത്തി അംഗീകരിച്ചുത്തരവായിട്ടുള്ളതാണ് (അനുബന്ധം I A1). എന്നാൽ 25.11.2002 ലെ 668-ാം നമ്പർ തീരുമാനത്തിന് വിധേയമായുള്ള ജീവനക്കാരുടെ പോഷകവിഭാഗം ഉപനിബന്ധനയാണ് ബാങ്കിൽ ഇപ്പോഴുമുള്ളത് (അനുബന്ധം I A2). ടി പോഷകവിഭാഗത്തിൽ ബാങ്കിന് അനുവദിച്ചിട്ടുള്ളതും ഇപ്പോൾ നിലവിലുള്ളതുമായ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക ഉൾപ്പെട്ടുകാണാത്തതുമാണ്. ക്ലാസിഫിക്കേഷന് വിധേയമായുള്ള ജീവനക്കാരുടെ പോഷകവിഭാഗം ഉപനിബന്ധനയ്ക്ക് ബാങ്ക് അംഗീകാരം വാങ്ങിയിട്ടുള്ളതായി കാണുന്നില്ല. ബഹു തിരുവനന്തപുരം ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 11.01.2016 ലെ സി ആർ പി (1) 10451/13/കെഡിസ് ഉത്തരവ് പ്രകാരം ബാങ്കിന് ചുവടെ പരാമർശിക്കുന്ന തസ്തികകൾ അനുവദിച്ച് സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് നൽകിയിട്ടുണ്ട്. (അനുബന്ധം I A3).

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ചീഫ് അക്കൗണ്ടന്റ് | 1 |
| 4 | ഇന്റേണൽ ആഡിറ്റർ | 1 |
| 5 | ബ്രാഞ്ച് മാനേജർ | 2 |
| 6 | ഹെഡ് ക്ലർക്ക് | 3 |
| 7 | സീനിയർ ക്ലർക്ക്/കാഷ്യർ | 12 |
| 8 | ജൂനിയർ ക്ലർക്ക്/കാഷ്യർ | |
| 9 | അറ്റന്റർ | 2 |
| 10 | പ്യൂൺ | 5 |
| 11 | നൈറ്റ് വാച്ച്മാൻ | 1 |
| 12 | സെയിൽസ്മാൻ | 3 |
| 13 | സെയിൽസ്മാൻ (കമ്മീഷൻ വ്യവസ്ഥ) | 1 |
| 14 | സെക്യൂരിറ്റി (മൊത്തശമ്പള വ്യവസ്ഥ) | 3 |
| | ആകെ | 36 |

തുടർന്ന് ബഹു തിരുവനന്തപുരം ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 30.11.2019 ലെ സി ആർ പി(1) /4168/2019/കെ ഡിസ് നമ്പർ ഉത്തരവ് പ്രകാരം ബാങ്കിലെ തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ച് ചുവടെ പരാമർശിക്കുന്ന പുതുക്കിയ സ്റ്റാഫ് പാറ്റേണിന് അംഗീകാരം നൽകിയിട്ടുണ്ട്. (അനുബന്ധം I A4).

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ചീഫ് അക്കൗണ്ടന്റ് | 1 |
| 4 | ഇന്റേണൽ ആഡിറ്റർ | 1 |
| 5 | ബ്രാഞ്ച് മാനേജർ | 2 |
| 6 | ഹെഡ് ക്ലർക്ക് | 3 |
| 7 | സീനിയർ ക്ലർക്ക്/കാഷ്യർ | 12 |
| | ജൂനിയർ ക്ലർക്ക്/കാഷ്യർ | |
| 8 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 |
| 9 | അറ്റന്റർ | 2 |
| 10 | പ്യൂൺ | 5 |
| 11 | നൈറ്റ് വാച്ച്മാൻ | 1 |
| 12 | സെയിൽസ്മാൻ | 3 |
| 13 | സെയിൽസ്മാൻ (കമ്മീഷൻ വ്യവസ്ഥ) | 1 |
| 14 | സെക്യൂരിറ്റി (മൊത്തശമ്പള വ്യവസ്ഥ) | 3 |
| 15 | അപ്രൈസർ(മൊത്തശമ്പള വ്യവസ്ഥ) | 1 |
| ആകെ | | 38 |

എന്നാൽ ബഹു തിരുവനന്തപുരം ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 11.09.2012 ലെ സി ആർ പി(1) 706/2012-ാം നമ്പർ ഉത്തരവ് (അനുബന്ധം I A1) പ്രകാരം വായ്പാ സഹകരണ സംഘങ്ങളുടെ വിഭാഗത്തിൽ ക്ലാസ്സ് I ൽ നിലവിലും പ്രവർത്തിച്ചുകാണുന്ന ടി ബാങ്കിന് ബഹു സഹകരണ സംഘം രജിസ്ട്രാറുടെ 32/2013-ാം നമ്പർ സർക്കുലറിൽ(അനുബന്ധം 2 A 1). നിഷ്കർഷിക്കുന്ന പ്രകാരം ക്ലാസ് I വിഭാഗത്തിൽ തുടരാൻ വേണ്ട യോഗ്യതകൾ ഇല്ലാത്തതും ടി ബാങ്കിനെ റീക്ലാസിഫൈ ചെയ്താൽ ക്ലാസ് V ൽ ഉൾപ്പെടുത്തി പ്രവർത്തിക്കാൻ വേണ്ടതായ യോഗ്യതകളേയുള്ളൂവെന്നും കാണുന്നു. ബാങ്കിനെ ക്രമപ്രകാരം റീ ക്ലാസിഫൈ ചെയ്യാത്തതും ഒരു അന്വേഷണ വിഷയമാകയാൽ ബാങ്കിന്റെ റീ ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രത്യേകമായി അന്വേഷണവിഷയങ്ങളിൽ ക്രമനമ്പർ 2 ൽ ഉൾപ്പെടുത്തുന്നുണ്ട്.

ബാങ്കിന് അനുബന്ധം I A 4 പ്രകാരം ബഹു തിരുവനന്തപുരം ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ഏറ്റവും ഒടുവിൽ അംഗീകരിച്ചു നൽകിയ 30.11.2019 ലെ സി ആർ പി(1) /4168/19/കെ ഡിസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആകെ 38 ജീവനക്കാ

രാണ് ഉണ്ടാവേണ്ടത്. എന്നാൽ അംഗീകൃത സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദിച്ചു നൽകിയ ടി ജീവനക്കാർക്കു പുറമേ ബാങ്കിൽ അധിക ജീവനക്കാർ നിലവിൽ സേവനമനുഷ്ടിക്കുന്നതായി കാണുന്നു. തസ്തികാംഗീകാരം പോലും വാങ്ങാതെ ബാങ്കിൽ 6(ആറ്) പാർട് ടൈം സ്വീപ്പർമാർ സേവനമനുഷ്ടിച്ച് വരുന്നുണ്ട്. തസ്തികാംഗീകാരം വാങ്ങാതെ തികച്ചും ക്രമവിരുദ്ധമായി നിയമാനുസൃത നിയമന നടപടിക്രമങ്ങളൊന്നും പാലിക്കാതെയും 6 പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുകയും ടിയാളുകൾക്ക് ക്രമപ്രകാരമല്ലാതെ ശമ്പളനിരക്ക്, ഗ്രേഡ് ആനുകൂല്യം, ലീവ് സറണ്ടർ ആനുകൂല്യം, മെഡിക്കൽ അലവൻസ്, ബോണസ് ഇത്യാധികൾ അനുവദിച്ച് നൽകി ബാങ്കിനെ നഷ്ടപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. ടി ബാങ്കിന് ആസ്ഥാന ആഫീസ് ശാഖ ഉൾപ്പെടെ 4(നാല്) ശാഖകൾ മാത്രമുള്ളപ്പോഴാണ് 6(ആറ്) പേരെ പാർട്ട് ടൈം സ്വീപ്പറായി നിയമിച്ചിരിക്കുന്നത് എന്നതിൽ നിന്നും എത്രമാത്രം ഭരണകെടുകാര്യസ്ഥതയും ബാങ്കിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന തരത്തിലെ പ്രവർത്തനങ്ങളുമാണ് കാലാകാലങ്ങളിലെ ഭരണസമിതികളുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാണ്. ബാങ്കിന് ബോധപൂർവ്വം നഷ്ടം വരുത്തി വയ്ക്കുന്ന പ്രവർത്തനമാണ് അതാതു കാലയളവിലെ ഭരണസമിതികൾ ചെയ്തു കാണുന്നത്. അനധികൃത നിയമനങ്ങൾ നടത്തി ബാങ്കിന് ഭാരിച്ച സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുള്ളതായ ബന്ധപ്പെട്ട ഭരണസമിതികളുടെ മേൽ ബോധപൂർവ്വമായ വീഴ്ചയ്ക്കും ബാങ്കിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിനും സഹകരണ നിയമത്തിൽ അനുശാസിക്കുന്ന വിധം കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും കാണുന്നു. ബാങ്കിൽ അനധികൃതമായി നിയമിച്ച പാർട്ട് ടൈം സ്വീപ്പർമാരുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## ഇല്ലാത്ത തസ്തികകളിൽ പാർട് ടൈം സ്വീപ്പർമാരെ നിയമിച്ചത് സംബന്ധിച്ച്

**എ) ശ്രീമതി തങ്കം, പാർട്ട് ടൈം സ്വീപ്പർ**

ബാങ്ക് ഭരണസമിതിയുടെ 15.12.2008 ലെ 902-ാം നമ്പർ തീരുമാനപ്രകാരമാണ് 31.05.1970 ൽ ജനിച്ച ശ്രീമതി തങ്കത്തെ ബാങ്കിലെ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കുന്നതിന് തീരുമാനിച്ചുകാണുന്നത് (അനുബന്ധം I A5). നിയമനം നൽകുമ്പോൾ ടിയാരിയ്ക്ക് 38 വയസ്സ് പ്രായമുണ്ട്. ബഹു സർക്കാരിന്റെ 02.11.2010 ലെ എസ് ആർ ഒ 1005/2010 കേരള ഗസറ്റ് വോളിയം 55(നമ്പർ 2427) പ്രകാരം 02.11.2010 ന് മുമ്പ് സംഘങ്ങളിൽ നിയമനം ലഭിക്കുന്നതിനുള്ള കൂടിയ പ്രായപരിധി 37 വയസ്സാണ്. ഇപ്രകാരം പ്രായപരിധി കഴിഞ്ഞയാളെ ബാങ്കിൽ നിയമിക്കുന്നതുതന്നെ ക്രമവിരുദ്ധമാണ്. ടിയാരി 01.12.2008 ൽ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചതായും കാണുന്നു. ടിയാരിയ്ക്ക് 01.12.2009 മുതൽ ബാങ്ക് ശമ്പളനിരക്ക് അനുവദിക്കുകയും 01.12.2016 ൽ ഒന്നാമത് ഹയർ ഗ്രേഡ് അനുവദിച്ച് ശമ്പളം പുനർനിർണയം നടത്തി നൽകുകയും ചെയ്തിട്ടുണ്ട്. തസ്തികാംഗീകാരം ഇല്ലാതെ ടിയാരിയെ നിയമിച്ചുവെന്നതിന് പുറമേ അനധികൃതമായി ടിയാരിയ്ക്ക് ശമ്പള നിരക്ക് അനുവദിക്കുകയും തുടർന്ന് പ്രവേശനതസ്തികയിൽ 8 വർഷം പൂർത്തിയായപ്പോൾ ഗ്രേഡ് അനുവദിച്ച് ശമ്പളം പുനർനിർണയിച്ച് നൽകുകയും ചെയ്തിരിക്കുന്നു. കൂടാതെ ടിയാരിയ്ക്ക് ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് ഉൾപ്പെടെ മറ്റ് എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നു. ബഹു കേരള സർക്കാരിന്റെ 15.02.2021 ലെ ജി

ഒ (പി) 32/21/ സഹ നമ്പർ ഉത്തരവിന് വിധേയമായ ശമ്പള പരിഷ്കരണവും ടിയാരിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 01.12.2020 ൽ ടിയാരിയുടെ അടിസ്ഥാന ശമ്പളം 10350/- രൂപയായി നിജപ്പെടുത്തി നൽകിയിട്ടുണ്ട്. ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് മുമ്പ്, ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് വിധേയമായ ശമ്പള നിർണയ പട്ടിക ബന്ധപ്പെട്ട വകുപ്പ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. എന്നാൽ ടി അന്വേഷണവുമായി ബന്ധപ്പെട്ട പരിശോധന തീയതിയിലും ടിയാരിയുടെ ശമ്പള പരിഷ്കരണ വകുപ്പിലെ കൺകറണ്ട് ആഡിറ്റർപരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ശ്രീമതി തങ്കത്തെ അനധികൃതമായി പാർട്ട് ടൈം സ്വീപ്പറായി നിയമിച്ച് 01.12.2008 മുതൽ ശമ്പളമിനത്തിലും മറ്റും വൻതുക ക്രമരഹിതമായി അനുവദിച്ച് നൽകിബോധപൂർവ്വം ബാങ്കിനെ അതാത് കാലയളവിലെ ഭരണസമിതികൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ സഹകരണ നിയമം, ചട്ടം എന്നിവകൾക്ക് വിരുദ്ധമായും ആയവകളിലെ വ്യവസ്ഥകളെ ബോധപൂർവ്വം ധിക്കരിച്ചും അനധികൃതനിയമനം നടത്തി കാലാകാലങ്ങളിൽ ടിയാരിയ്ക്ക് അനധികൃതമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയ അതാത് ഭരണസമിതികൾക്കുമേൽ സഹകരണ നിയമത്തിന് വിധേയമായ തുടർനടപടികളും സ്വീകരിക്കേണ്ടതുണ്ടെന്നും കാണുന്നു.

**ബി) ശ്രീമതി വിമല, പാർട്ട് ടൈം സ്വീപ്പർ**

ബാങ്ക് ഭരണസമിതിയുടെ 15.12.2008 ലെ 902-ാം നമ്പർ തീരുമാനപ്രകാരമാണ് 28.05.1968 ൽ ജനിച്ച ശ്രീമതി വിമലയെ ബാങ്കിൽ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കാൻ തീരുമാനിച്ച് കാണുന്നത് (അനുബന്ധം I A5). നിയമനം നൽകുമ്പോൾ ടിയാരിയ്ക്ക് 40 വയസ്സ് പ്രായമുണ്ട്. ബഹു സർക്കാരിന്റെ 02.11.2010 ലെ എസ് ആർ ഒ 1005/2010 കേരള ഗസറ്റ് വോളിയം 55(നമ്പർ 2427) പ്രകാരം 02.11.2010 ന് മുമ്പ് സംഘങ്ങളിൽ നിയമനം ലഭിക്കുന്നതിനുള്ള കൂടിയ പ്രായപരിധി 37 വയസ്സാണ്. ഇപ്രകാരം പ്രായപരിധി കഴിഞ്ഞയാളെ ബാങ്കിൽ നിയമിക്കുന്നതുതന്നെ ക്രമവിരുദ്ധമാണ്. ടിയാരി 01.12.2008 ൽ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചതായും കാണുന്നു. ടിയാരിയ്ക്ക് 01.12.2009 മുതൽ ബാങ്ക് ശമ്പളനിരക്ക് അനുവദിക്കുകയും 01.12.2016 ൽ ഒന്നാമത് ഹയർ ഗ്രേഡ് അനുവദിച്ച് ശമ്പളം പുനർനിർണയം നടത്തി നൽകുകയും ചെയ്തിട്ടുണ്ട്. തസ്തികാംഗീകാരം ഇല്ലാതെ ടിയാരിയെ നിയമിച്ചുവെന്നതിന് പുറമേ അനധികൃതമായി ടിയാരിയ്ക്ക് ശമ്പള നിരക്ക് അനുവദിക്കുകയും തുടർന്ന് പ്രവേശനതസ്തികയിൽ 8 വർഷം പൂർത്തിയായപ്പോൾ ഗ്രേഡ് അനുവദിച്ച് ശമ്പളം പുനർനിർണയിച്ച് നൽകുകയും ചെയ്തിരിക്കുന്നു. കൂടാതെ ടിയാരിയ്ക്ക് ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് ഉൾപ്പെടെ മറ്റ് എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നു. ബഹു കേരള സർക്കാരിന്റെ 15.02.2021 ലെ ജി ഒ (പി) 32/21/ സഹ നമ്പർ ഉത്തരവിന് വിധേയമായ ശമ്പള പരിഷ്കരണവും ടിയാരിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 01.12.2020 ൽ ടിയാരിയുടെ അടിസ്ഥാന ശമ്പളം 10350/- രൂപയായി നിജപ്പെടുത്തി നൽകിയിട്ടുണ്ട്. ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് മുമ്പ്, ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് വിധേയമായ ശമ്പള നിർണയ പട്ടിക

ബന്ധപ്പെട്ട വകുപ്പ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. എന്നാൽ ടി അന്വേഷണവുമായി ബന്ധപ്പെട്ട പരിശോധന തീയതിയിലും ടിയാരിയുടെ ശമ്പള പരിഷ്കരണം വകുപ്പിലെ കൺകറണ്ട് ആഡിറ്റർപരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ശ്രീമതി വിമലയെ അനധികൃതമായി പാർട്ട് ടൈം സ്വീപ്പറായി നിയമിച്ച് 01.12.2008 മുതൽ ശമ്പളമിനത്തിലും മറ്റും വൻതുക ക്രമരഹിതമായി അനുവദിച്ച് നൽകിബോധപൂർവ്വം ബാങ്കിനെ അതാത് കാലയളവിലെ ഭരണസമിതികൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ സഹകരണ നിയമം, ചട്ടം എന്നിവകൾക്ക് വിരുദ്ധമായും ആയവകളിലെ വ്യവസ്ഥകളെ ബോധപൂർവ്വം ധിക്കരിച്ചും അനധികൃതനിയമനം നടത്തി കാലാകാലങ്ങളിൽ ടിയാരിയ്ക്ക് അനധികൃതമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയഅതാത് ഭരണസമിതികൾക്കുമേൽ സഹകരണ നിയമത്തിന് വിധേയമായ തുടർനടപടികളും സ്വീകരിക്കേണ്ടതുണ്ടെന്നും കാണുന്നു.

**സി) ശ്രീമതി വിജയകുമാരി, പാർട്ട് ടൈം സ്വീപ്പർ**

ബാങ്ക് ഭരണസമിതിയുടെ 15.12.2008 ലെ 902-ാം നമ്പർ തീരുമാനപ്രകാരമാണ് 06.11.1973 ൽ ജനിച്ച ശ്രീമതി വിജയകുമാരിയെ ബാങ്കിൽ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കാൻ തീരുമാനിച്ച് കാണുന്നത് (അനുബന്ധം I A5). ടിയാരി 01.12.2008 ൽ ജോലിയിൽ പ്രവേശിച്ചതായും കാണുന്നു. ടിയാരിയുടെ സേവനപുസ്തകത്തിൽ ടി അന്വേഷണവുമായി ബന്ധപ്പെട്ടിട്ടുള്ള പരിശോധനാ സമയത്ത് ടിയാളുടെ വിദ്യാഭ്യാസ യോഗ്യത വിവരം രേഖപ്പെടുത്തിയിട്ടില്ല. ടിയാരിയ്ക്ക് 01.12.2009 മുതൽ ബാങ്ക് ശമ്പള നിരക്ക് അനുവദിക്കുകയും 01.12.2016 ൽ ഒന്നാമത് ഹയർ ഗ്രേഡ് അനുവദിച്ച് ശമ്പളം പുനർനിർണയം നടത്തി നൽകുകയും ചെയ്തിട്ടുണ്ട്. തസ്തികാംഗീകാരം ഇല്ലാതെ ടിയാരിയെ നിയമിച്ചുവെന്നതിന് പുറമേ അനധികൃതമായി ടിയാരിയ്ക്ക് ശമ്പള നിരക്ക് അനുവദിക്കുകയും തുടർന്ന് പ്രവേശനതസ്തികയിൽ 8 വർഷം പൂർത്തിയായപ്പോൾ ഗ്രേഡ് അനുവദിച്ച് ശമ്പളം പുനർനിർണയിച്ച് നൽകുകയും ചെയ്തിരിക്കുന്നു. കൂടാതെ ടിയാരിയ്ക്ക് ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് ഉൾപ്പെടെ മറ്റ് എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നു. ബഹു കേരള സർക്കാരിന്റെ 15.02.2021 ലെ ജി ഒ (പി) 32/21/ സഹ നമ്പർ ഉത്തരവിന് വിധേയമായ ശമ്പള പരിഷ്കരണവും ടിയാരിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 01.12.2020 ൽ ടിയാരിയുടെ അടിസ്ഥാന ശമ്പളം 10350/- രൂപയായി നിജപ്പെടുത്തി നൽകിയിട്ടുണ്ട്. ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് മുമ്പ്, ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് വിധേയമായ ശമ്പള നിർണയ പട്ടിക ബന്ധപ്പെട്ട വകുപ്പ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. എന്നാൽ ടി അന്വേഷണവുമായി ബന്ധപ്പെട്ട പരിശോധന തീയതിയിലും ടിയാരിയുടെ ശമ്പള പരിഷ്കരണം വകുപ്പിലെ കൺകറണ്ട് ആഡിറ്റർപരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ശ്രീമതി വിജയകുമാരിയെ അനധികൃതമായി പാർട്ട് ടൈം സ്വീപ്പറായി നിയമിച്ച് 01.12.2008 മുതൽ ശമ്പളമിനത്തിലും മറ്റും വൻതുക ക്രമരഹിതമായി അനുവദിച്ച് നൽകിബോധപൂർവ്വം ബാങ്കിനെ അതാത് കാലയളവിലെ ഭരണസമിതികൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ സഹകരണ നിയമം, ചട്ടം എന്നിവകൾക്ക് വിരുദ്ധമായും ആയവകളിലെ വ്യവസ്ഥകളെ ബോധപൂർവ്വം ധിക്കരിച്ചും അനധികൃതനിയമനം നടത്തി കാലാകാലങ്ങളിൽ ടിയാരിയ്ക്ക് അനധികൃതമായ

സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയ അതാത് ഭരണസമിതികൾക്കുമേൽ സഹകരണ നിയമത്തിന് വിധേയമായ തുടർനടപടികളും സ്വീകരിക്കേണ്ടതുണ്ടെന്നും കാണുന്നു.

**ഡി) ശ്രീമതി ലതിക ആർ, പാർട് ടൈം സ്വീപ്പർ**

ബാങ്ക് ഭരണസമിതിയുടെ 28.09.2006 ലെ 1211-ാം നമ്പർ തീരുമാനപ്രകാരമാണ് 26.05.1978 ൽ ജനിച്ച ശ്രീമതി ലതികയെ ബാങ്കിലെ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കുന്നതിന് തീരുമാനിച്ചുകാണുന്നത് ടിയാരി 01.04.2006 ൽ ജോലിയിൽ പ്രവേശിച്ചതായും കാണുന്നു. തസ്തികാംഗീകാരമില്ലാതെ ടിയാരിയെ നിയമിച്ചുവെന്നതിന് പുറമേ അനധികൃതമായി ടിയാരിയ്ക്ക് ശമ്പള നിരക്ക് അനുവദിക്കുകയും തുടർന്ന് പ്രവേശനതസ്തികയിൽ 8 വർഷം പൂർത്തിയായപ്പോൾ ഗ്രേഡ് അനുവദിച്ച് ശമ്പളം പുനർനിർണയിച്ച് നൽകുകയും ചെയ്തിരിക്കുന്നു. കൂടാതെ ടിയാരിയ്ക്ക് ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് ഉൾപ്പെടെ മറ്റ് എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നു. ബഹു കേരള സർക്കാരിന്റെ 15.02.2021 ലെ ജി ഒ (പി) 32/21/ സഹ നമ്പർ ഉത്തരവിന് വിധേയമായ ശമ്പള പരിഷ്കരണവും ടിയാരിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 01.04.2021 ൽ ടിയാരിയുടെ അടിസ്ഥാന ശമ്പളം 11670/- രൂപയായി നിജപ്പെടുത്തി നൽകിയിട്ടുണ്ട്. ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് മുമ്പ്, ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് വിധേയമായ ശമ്പള നിർണയ പട്ടിക ബന്ധപ്പെട്ട വകുപ്പ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. എന്നാൽ ടി അന്വേഷണവുമായി ബന്ധപ്പെട്ട പരിശോധന തീയതിയിലും ടിയാരിയുടെ ശമ്പള പരിഷ്കരണം വകുപ്പിലെ കൺകറണ്ട് ആഡിറ്റർപരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ശ്രീമതി ലതികയെ അനധികൃതമായി പാർട്ട് ടൈം സ്വീപ്പറായി നിയമിച്ച് 01.04.2006 മുതൽ ശമ്പളമിനത്തിലും മറ്റും വൻതുക ക്രമരഹിതമായി അനുവദിച്ച് നൽകിബോധപൂർവ്വം ബാങ്കിനെ അതാത് കാലയളവിലെ ഭരണസമിതികൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ സഹകരണ നിയമം, ചട്ടം എന്നിവകൾക്ക് വിരുദ്ധമായും ആയവകളിലെ വ്യവസ്ഥകളെ ബോധപൂർവ്വം ധിക്കരിച്ചും അനധികൃതനിയമനം നടത്തി കാലാകാലങ്ങളിൽ ടിയാരിയ്ക്ക് അനധികൃതമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയ അതാത് ഭരണസമിതികൾക്കുമേൽ സഹകരണ നിയമത്തിന് വിധേയമായ തുടർനടപടികളും സ്വീകരിക്കേണ്ടതുണ്ടെന്നും കാണുന്നു.

**ഇ) ശ്രീമതി വിനീത വി കെ , പാർട്ട് ടൈം സ്വീപ്പർ**

ബാങ്ക് ഭരണസമിതിയുടെ 07.06.2014 ലെ 329-ാം നമ്പർ തീരുമാനപ്രകാരമാണ് ( അനുബന്ധം I A6) 10.04.1983 ൽ ജനിച്ച ശ്രീമതി വിനീതയെ ബാങ്കിലെ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കുന്നതിന് തീരുമാനിച്ചുകാണുന്നത് ടിയാരി 01.07.2014 ൽ ജോലിയിൽ പ്രവേശിച്ചതായും കാണുന്നു. തസ്തികാംഗീകാരം ഇല്ലാതെയാണ് ടിയാളെയും നിയമിച്ചത് എന്നതിനു പുറമേ അനധികൃതമായി ടിയാരിയ്ക്ക് ശമ്പള നിരക്ക് അനുവദിക്കുകയും തുടർന്ന് പ്രവേശന

തസ്തികയിൽ 8 വർഷം പൂർത്തിയായപ്പോൾ ഗ്രേഡ് അനുവദിച്ച് ശമ്പളം പുനർനിർണയിച്ച് നൽകുകയും ചെയ്തിരിക്കുന്നു. കൂടാതെ ടിയാരിയ്ക്ക് ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് ഉൾപ്പെടെ മറ്റ് എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നു. ബഹു കേരള സർക്കാരിന്റെ 15.02.2021 ലെ ജി ഒ (പി) 32/21/ സഹ നമ്പർ ഉത്തരവിന് വിധേയമായ ശമ്പള പരിഷ്കരണവും ടിയാരിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 01.07.2021 ൽ ടിയാരിയുടെ അടിസ്ഥാന ശമ്പളം 9770/- രൂപയായി നിജപ്പെടുത്തി നൽകിയിട്ടുണ്ട്. ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് മുമ്പ്, ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് വിധേയമായ ശമ്പള നിർണയ പട്ടിക ബന്ധപ്പെട്ട വകുപ്പ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. എന്നാൽ ടി അന്വേഷണവുമായി ബന്ധപ്പെട്ട പരിശോധന തീയതിയിലും ടിയാരിയുടെ ശമ്പള പരിഷ്കരണം വകുപ്പിലെ കൺകറണ്ട് ആഡിറ്റർപരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ശ്രീമതി വിനീതയെ അനധികൃതമായി പാർട്ട് ടൈം സ്വീപ്പറായി നിയമിച്ച് 01.07.2014 മുതൽ ശമ്പളമിനത്തിലും മറ്റും വൻതുക ക്രമരഹിതമായി അനുവദിച്ച് നൽകിബോധപൂർവ്വം ബാങ്കിനെ അതാത് കാലയളവിലെ ഭരണസമിതികൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ സഹകരണ നിയമം, ചട്ടം എന്നിവകൾക്ക് വിരുദ്ധമായും ആയവകളിലെ വ്യവസ്ഥകളെ ബോധപൂർവ്വം ധിക്കരിച്ചും അനധികൃതനിയമനം നടത്തി കാലാകാലങ്ങളിൽ ടിയാരിയ്ക്ക് അനധികൃതമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയ അതാത് ഭരണസമിതികൾക്കുമേൽ സഹകരണ നിയമത്തിന് വിധേയമായ തുടർനടപടികളും സ്വീകരിക്കേണ്ടതുണ്ടെന്നും കാണുന്നു.

എഫ്) ബിന്ദു കെ, പാർട്ട് ടൈം സ്വീപ്പർ

ബാങ്ക് ഭരണസമിതിയുടെ 20.12.2010 ലെ 1199-ാം നമ്പർ തീരുമാനപ്രകാരമാണ് (അനുബന്ധം I A7) 01.04.1977 ൽ ജനിച്ച ശ്രീമതി ബിന്ദുവിനെ ബാങ്കിലെ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കാൻ തീരുമാനിച്ചത്. ടിയാരി 01.01.2011 ൽ പാർട്ട് ടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിച്ചു. ടിയാരിയ്ക്ക് 01.01.2019 പ്രാബല്യം നൽകി ഒന്നാമത് ഹയർ ഗ്രേഡും അനുവദിച്ച് ശമ്പള പുനർനിർണയം നടത്തി നൽകുകയും ചെയ്തിട്ടുണ്ട്. തസ്തികാംഗീകാരം ഇല്ലാതെയാണ് ടിയാളെയും നിയമിച്ചത് എന്നതിനു പുറമേ അനധികൃതമായി ടിയാരിയ്ക്ക് ശമ്പള നിരക്ക് അനുവദിക്കുകയും തുടർന്ന് പ്രവേശന തസ്തികയിൽ 8 വർഷം പൂർത്തിയായപ്പോൾ ഗ്രേഡ് അനുവദിച്ച് ശമ്പളം പുനർനിർണയിച്ച് നൽകുകയും ചെയ്തിരിക്കുന്നു. കൂടാതെ ടിയാരിയ്ക്ക് ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് ഉൾപ്പെടെ മറ്റ് എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നു. ബഹു കേരള സർക്കാരിന്റെ 15.02.2021 ലെ ജി ഒ (പി) 32/21/ സഹ നമ്പർ ഉത്തരവിന് വിധേയമായ ശമ്പള പരിഷ്കരണവും ടിയാരിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 01.01.2021 ൽ ടിയാരിയുടെ അടിസ്ഥാന ശമ്പളം 10350/- രൂപയായി നിജപ്പെടുത്തി നൽകിയിട്ടുണ്ട്. ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് മുമ്പ്, ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് വിധേയമായ ശമ്പള നിർണയ പട്ടിക ബന്ധപ്പെട്ട വകുപ്പ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. എന്നാൽ ടി അന്വേഷണവുമായി ബന്ധപ്പെട്ട പരിശോധന തീയതി

യിലും ടിയാരിയുടെ ശമ്പള പരിഷ്കരണം വകുപ്പിലെ കൺകറണ്ട് ആഡിറ്റർപരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ശ്രീമതി ബിന്ദുവിനെ അനധികൃത മായി പാർട്ട് ടൈം സ്വീപ്പറായി നിയമിച്ച് 01.01.2011 മുതൽ ശമ്പളമിനത്തിലും മറ്റും വൻതുക ക്രമരഹിതമായി അനുവദിച്ച് നൽകിബോധപൂർവ്വം ബാങ്കിനെ അതാത് കാലയളവിലെ ഭരണ സമിതികൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ സഹകരണ നിയമം, ചട്ടം എന്നിവ കൾക്ക് വിരുദ്ധമായും ആയവകളിലെ വ്യവസ്ഥകളെ ബോധപൂർവ്വം ധിക്കരിച്ചും അനധികൃത നിയമനം നടത്തി കാലാകാലങ്ങളിൽ ടിയാരിയ്ക്ക് അനധികൃതമായ സാമ്പത്തിക ആനുകൂല്യ ങ്ങൾ അനുവദിച്ചു നൽകിയഅതാത് ഭരണസമിതികൾക്കുമേൽ സഹകരണ നിയമത്തിന് വിധേയമായ തുടർനടപടികളും സ്വീകരിക്കേണ്ടതുണ്ടെന്നും കാണുന്നു.

കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് 5(അഞ്ച്) പ്യൂൺ തസ്തികകൾ ബഹു തിരുവ നന്തപുരം ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 30.11.2019 ലെ സി ആർ പി(1)/4168/19/കെ ഡിസ് ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട് (അനുബന്ധം I A4). എന്നാൽ ടി 5 തസ്തികകളിൽ നിലവിൽ പ്യൂൺ ആയി സേവനമനുഷ്ടിക്കുന്നവരിൽ ചുവടെ പേര് പരാ മർശിക്കുന്ന ജീവനക്കാരുടെ നിയമനം ക്രമരഹിതവും അനധികൃതമായിട്ടുള്ളതുമാണ്. ടിയാ ളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## അനധികൃത പ്യൂൺ നിയമനങ്ങൾ സംബന്ധിച്ച്

**എ) ശിവകുമാർ എസ്, പ്യൂൺ**

07.03.1981 ൽ ജനിച്ച ശ്രീ ശിവകുമാറിനെ 16.11.2001 ലെ ബാങ്ക് ഭരണസമിതിയുടെ 601-ാം നമ്പർ തീരുമാനപ്രകാരം കളക്ഷൻ ഏജന്റായി (അനുബന്ധം I A 8) നിയമിക്കാൻ തീരു മാനിച്ചു. ബാങ്ക് ഭരണസമിതി നേരിട്ട് അഭിമുഖം നടത്തിയാണ് ടിയാനുൾപ്പെടെ 16 പേരെ കളക്ഷൻ ഏജന്റുമാരായി നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി കാണുന്നത്. എന്നാൽ ബാങ്കിന് "കളക്ഷൻ ഏജന്റ്" തസ്തിക അനുവദിച്ചു നൽകിയ ഉത്തരവ് പരിശോ ധനയ്ക്കായി ബാങ്ക് അധികാരികൾക്ക് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. ആകയാൽ തന്നെ ശ്രീ ശിവകുമാർ 30.12.2001 ൽ കളക്ഷൻ ഏജന്റായി ജോലിയിൽ പ്രവേശിച്ചുവെങ്കിലും തസ്തികാം ഗീകാരം വാങ്ങാതെയുള്ളതാണ് ടിയാന്റെ നിയമനമെന്നതിനാൽ ആയത് അനധികൃതവും ക്രമവിരുദ്ധവുമാണ്. ഇപ്രകാരം തസ്തികാംഗീകാരം ഇല്ലാതെയും നിയമന നടപടി ക്രമങ്ങൾ പാലിക്കാതെയും ശ്രീ ശിവകുമാറിനെ കളക്ഷൻ ഏജന്റായി നിയമിച്ചുവെന്ന് മാത്രമല്ല ടിയാനെ 16.06.2017 ലെ 249-ാം നമ്പർ ബാങ്ക് ഭരണസമിതി തീരുമാനപ്രകാരം (അനുബന്ധം I A 9) ബാങ്കിൽ 5000 രൂപ മൊത്തശമ്പള വ്യവസ്ഥയിൽ സെക്യൂരിറ്റിയായി നിയമിച്ചു കാണുന്നു. ബഹു കേരള സർക്കാരിന്റെ 15.07.2015 ലെ സ ഉ (കൈ)87/2015 സഹ നമ്പർ ഉത്തരവ് പ്രകാരമാണ് ടിയാനെ സെക്യൂരിറ്റിയായി നിയമിച്ചതെന്ന് 16.06.2017 ലെ ബാങ്ക് ഭരണസമിതി

യുടെ 241-ാം നമ്പർ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട് (അനുബന്ധം I A 9). എന്നാൽ 15.07.2015 ലെ സ ഉ (കൈ) 87/2015/സഹ നമ്പർ ഉത്തരവിലെ 4-ാം ഖണ്ഡിക പ്രകാരം (അനുബന്ധം I A 10) പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്യൂൺ തസ്തികയുടെ ഒഴിവിന്റെ 25%, 5 വർഷവും അതിൽ കൂടുതലും വർഷത്തെ സേവനമുള്ള നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാർക്കും അപ്രൈസർമാർക്കും വേണ്ടി സംവരണം ചെയ്യുന്നുവെന്നാണ് പരാമർശിച്ചിട്ടുള്ളത്. ടി സർക്കാർ ഉത്തരവിൽ പ്യൂൺ തസ്തികയിലേയ്ക്ക് 25% സംവരണം എന്നാണ് പരാമർശമെന്നിരിക്കെ ടി ഉത്തരവിന്റെ മറവിൽ കളക്ഷൻ ഏജന്റുമാരെ നേരിട്ട് ബാങ്ക് ഭരണസമിതി പ്യൂൺ, നൈറ്റ് വാച്ച്മാൻ, സെയിൽസ്മാൻ എന്നീ തസ്തികകളിൽ നിയമിക്കുകയാണ് ചെയ്ത് കാണുന്നത്. ബാങ്കിന് ആകെ അനുവദനീയമായ 5 പ്യൂൺ തസ്തികയുടെ 25% എന്നത് 1 ആൾമാത്രമാണ്. ഒഴിവുള്ളപ്യൂൺ തസ്തികയുടെ 25% എന്നത് 1 നും താഴെയായിരിക്കുന്നതുമാണ്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവിനെ മറയാക്കി ബാങ്ക് ഭരണസമിതി ശ്രീ ശിവകുമാറിനെ ഉൾപ്പെടെ 4 പേരെ നിയമിച്ച് തീരുമാനിക്കുകയായിരുന്നു (അനുബന്ധം I A 9). ബാങ്ക് ഭരണസമിതിയുടെ 16.06.2017 ലെ 249-ാം നമ്പർ തീരുമാനപ്രകാരമാണ് ടിയാളുകളുടെ നിയമിച്ചുകാണുന്നത് . 19.06.2017 ൽ ടിയാന് സെക്യൂരിറ്റി തസ്തികയിൽ ശമ്പളനിരക്ക് (9190-23600) അനുവദിച്ച് 9190 രൂപ അടിസ്ഥാന ശമ്പളം നിശ്ചയിച്ച് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ബാങ്കിന് ഒരു സെക്യൂരിറ്റി തസ്തിക മൊത്തവേതനവ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ളപ്പോഴാണ് ടി തസ്തികയിൽ ശ്രീ ശിവകുമാറിനെ നിയമിച്ച് ശമ്പളനിരക്ക് അനുവദിച്ച് നൽകികാണുന്നത്. ടിയാന് 01.12.2018 ൽ 9420 രൂപയും 01.12.2019 ൽ 9650/- രൂപയും വാർഷിക ഇൻക്രിമെന്റോടെ അടിസ്ഥാന ശമ്പളം ക്രമാനുഗതമായി വർദ്ധിപ്പിച്ചും നൽകികാണുന്നു. ശമ്പളനിരക്ക് അനുവദിച്ചതിന് പുറമേ മറ്റ് ആനുകൂല്യങ്ങളും ടിയാന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ക്രമരഹിതമായി "സെക്യൂരിറ്റി" തസ്തികയിൽ ടിയാനെ നിയമിച്ച് ശമ്പളനിരക്ക് അനുവദിച്ച് നൽകിയും സംഘം ഭരണസമിതി ബാങ്കിന് നഷ്ടം ഉണ്ടാക്കിയിരിക്കുകയാണ്. 01.01.2020 ൽ ബാങ്ക് ഭരണസമിതിയുടെ 17.12.2019 ലെ 1293-ാം നമ്പർ തീരുമാനപ്രകാരം (അനുബന്ധം I A 13) ടിയാനെ പ്യൂൺ തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകി നിയമിച്ചും കാണുന്നു.

ബഹു സഹകരണ സംഘം രജിസ്ട്രാറുടെ 18/19, 79/11 എന്നീ സർക്കുലറുകൾ പ്രകാരമുള്ള യാതൊരുവിധ നിയമന നടപടിക്രമങ്ങളും പാലിക്കാതെയാണ് ടിയാന്റെ നിയമനം (അനുബന്ധം I A 1I & 1 A12 ) ഇല്ലാത്ത തസ്തികയിൽ കളക്ഷൻ ഏജന്റായി യാതൊരുവിധ നിയമാനുസൃതനടപടികളും പാലിക്കാതെ ആദ്യ നിയമനം, തുടർന്ന് "സെക്യൂരിറ്റി" തസ്തികയിൽ അനധികൃത നിയമനം, ശേഷം ക്രമവിരുദ്ധമായി "സെക്യൂരിറ്റി" തസ്തികയിൽ ശമ്പള നിരക്ക് അനുവദിച്ച് അടിസ്ഥാന ശമ്പളവും മറ്റ് ആനുകൂല്യങ്ങലും നൽകി. തുടർന്ന് മൊത്തശമ്പളം മാത്രം നൽകാവുന്ന ടി തസ്തികയിൽ തുടർച്ചയായി വാർഷിക ഇൻക്രിമെന്റോടെ അടിസ്ഥാന ശമ്പളം വർദ്ധിപ്പിച്ചു നൽകി. ഒടുവിൽ പ്യൂൺ തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ചും നൽകി ഇപ്രകാരം ആദ്യ നിയമനം മുതൽ ഓരോ ഘട്ടത്തിലും ക്രമവിരുദ്ധമായും സഹകരണ ചട്ടത്തേയും സഹ രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങളേയും ബോധപൂർവ്വം ധിക്കരിച്ച് ബാങ്ക് ഭരണസമിതി ടിയാനെ നിയമിക്കുകയും ടിയാന് അനർഹമായി ശമ്പ

ളനിരക്ക് അനുവദിച്ച് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും മറ്റ് സാമ്പത്തിക ആനുകൂല്യ ങ്ങളും അനുവദിച്ച് നൽകി ബാങ്കിനെ ബോധപൂർവ്വം നഷ്ടപ്പെടുത്തുകയും ചെയ്തുകാണുന്നു.

**ബി) ശ്രീ വിനോദ്, പ്യൂൺ**

ബാങ്ക് ഭരണസമിതിയുടെ 09.04.2005 ലെ 11-ാം നമ്പർ തീരുമാനപ്രകാരം 28.05.1986 ൽ ജനിച്ച ശ്രീ വിനോദിനെ ബാങ്ക് ഡെപ്പോസിറ്റ് കളക്ടർ ആയി (അനുബന്ധം I A 13) നിയമിക്കാൻ തീരുമാനിക്കുയായിരുന്നു. എന്നാൽ ബാങ്കിന് ഡെപ്പോസിറ്റ് കളക്ടർ തസ്തിക അനുവദിച്ച ഉത്തരവ് പരിശോധനയ്ക്കായി ഹാജരാക്കാൻ ബാങ്കിന് കഴിഞ്ഞിട്ടില്ലാത്തതും ആയതിനാൽ തന്നെ തസ്തികാംഗീകാരമില്ലാതെയാണ് ശ്രീ വിനോദിനെ ഡെപ്പോസിറ്റ് കളക്ടർ ആയി നിയമിച്ചിട്ടുള്ളതെന്നും കാണുന്നു. എന്നാൽ 16.06.2017 ലെ 249-ാം നമ്പർ തീരുമാനപ്രകാരം (അനുബന്ധം I A 9) ശ്രീ വിനോദിനെ ബാങ്കിൽ 5000 രൂപ മൊത്തശമ്പളവ്യവസ്ഥയിൽ സെക്യൂരിറ്റിയായി നിയമിച്ചു. ബഹു കേരള സർക്കാരിന്റെ 15.07.2015 ലെ സ ഉ (കൈ)87/2015 സഹ നമ്പർ ഉത്തരവ് പ്രകാരമാണ് ടിയാനെ സെക്യൂരിറ്റിയായി നിയമിച്ചതെന്ന് 16.06.2017 ലെ ബാങ്ക് ഭരണസമിതിയുടെ 241-ാം നമ്പർ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട് (അനുബന്ധം I A 9). എന്നാൽ 15.07.2015 ലെ സ ഉ (കൈ) 87/2015/സഹ നമ്പർ ഉത്തരവിലെ 4-ാം ഖണ്ഡിക പ്രകാരം (അനുബന്ധം I A 10) പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്യൂൺ തസ്തികയുടെ ഒഴിവിന്റെ 25%, 5 വർഷവും അതിൽ കൂടുതലും വർഷത്തെ സേവനമുള്ള നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാർക്കും അപ്രൈസർമാർക്കും വേണ്ടി സംവരണം ചെയ്യുന്നുവെന്നാണ് പരാമർശിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൽ പ്യൂൺ തസ്തികയിലേയ്ക്ക് 25% സംവരണം എന്നാണ് പരാമർശമെന്നിരിക്കെ ടി ഉത്തരവിന്റെ മറവിൽ കളക്ഷൻ ഏജന്റുമാരെ നേരിട്ട് ബാങ്ക് ഭരണസമിതി പ്യൂൺ, നൈറ്റ് വാച്ച്മാൻ, സെയിൽസ്മാൻ എന്നീ തസ്തികകളിൽ നിയമിക്കുകയാണ് ചെയ്ത് കാണുന്നത്. ബാങ്കിന് ആകെ അനുവദനീയമായ 5 പ്യൂൺ തസ്തികയുടെ 25% എന്നത് 1 ആൾമാത്രമാണ്. ഒഴിവുള്ളപ്യൂൺ തസ്തികയുടെ 25% എന്നത് 1 നും താഴെയായിരിക്കുന്നതുമാണ്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവിനെ മറയാക്കി ബാങ്ക് ഭരണസമിതി ശ്രീ വിനോദിനെ ഉൾപ്പെടെ 4 പേരെ നിയമിച്ച് തീരുമാനിക്കുകയായിരുന്നു (അനുബന്ധം I A 9). ബാങ്ക് ഭരണസമിതിയുടെ 16.06.2017 ലെ 249-ാം നമ്പർ തീരുമാനപ്രകാരമാണ് ടിയാളുകളുടെ നിയമിച്ചുകാണുന്നത്. 19.06.2017 ൽ ടിയാന് സെക്യൂരിറ്റി തസ്തികയിൽ ശമ്പളനിരക്ക് (9190-23600) അനുവദിച്ച് 9190 രൂപ അടിസ്ഥാന ശമ്പളം നിശ്ചയിച്ച് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ബാങ്കിന് ഒരു സെക്യൂരിറ്റി തസ്തിക മൊത്തവേതനവ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ളപ്പോഴാണ് ടി തസ്തികയിൽ ശ്രീ വിനോദിനെ നിയമിച്ച് ശമ്പളനിരക്ക് അനുവദിച്ച് നൽകികാണുന്നത്. ടിയാന് 01.12.2018 ൽ 9420 രൂപയും 01.12.2019 ൽ 9650/- രൂപയും വാർഷിക ഇൻക്രിമെന്റോടെ അടിസ്ഥാന ശമ്പളം ക്രമാനുഗതമായി വർദ്ധിപ്പിച്ചും നൽകികാണുന്നു. ശമ്പളനിരക്ക് അനുവദിച്ചതിന് പുറമേ മറ്റ് ആനുകൂല്യങ്ങളും ടിയാന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ക്രമരഹിതമായി "സെക്യൂരിറ്റി" തസ്തികയിൽ ടിയാനെ നിയമിച്ച് ശമ്പളനിരക്ക് അനുവദിച്ച് നൽകിയും സംഘം ഭരണസമിതി ബാങ്കിന്

നഷ്ടം ഉണ്ടാക്കിയിരിക്കുകയാണ്. 01.01.2020 ൽ ബാങ്ക് ഭരണസമിതിയുടെ 17.12.2019 ലെ 1293-ാം നമ്പർ തീരുമാനപ്രകാരം (അനുബന്ധം I A 10) ടിയാനെ തസ്തിക മാറ്റം വഴി നൈറ്റ് വാച്ച്മാനും, 01.03.2021 മുതൽ പ്യൂൺ ആയും ടിയാനെ മാറ്റി നിയമിച്ചും കാണുന്നു.

ബഹു സഹകരണ സംഗം രജിസ്ട്രാറുടെ 18/19, 79/11 എന്നീ സർക്കുലറുകൾ പ്രകാരമുള്ള യാതൊരുവിധ നിയമന നടപടിക്രമങ്ങളും പാലിക്കാതെയാണ് ടിയാന്റെ നിയമനം (അനുബന്ധം I A 11 & 1 A12 ) ഇല്ലാത്ത തസ്തികയിൽ കളക്ഷൻ ഏജന്റായി യാതൊരുവിധ നിയമാനുസൃതനടപടികളും പാലിക്കാതെ ആദ്യ നിയമനം, തുടർന്ന് "സെക്യൂരിറ്റി" തസ്തികയിൽ അനധികൃത നയമനം, ശേഷം ക്രമവിരുദ്ധമായി "സെക്യൂരിറ്റി" തസ്തികയിൽ ശമ്പള നിരക്ക് അനുവദിച്ച് അടിസ്ഥാന ശമ്പളവും മറ്റ് ആനുകൂല്യങ്ങലും നൽകി. തുടർന്ന് മൊത്തശമ്പളം മാത്രം നൽകാവുന്ന ടി തസ്തികയിൽ തുടർച്ചയായി വാർഷിക ഇൻക്രിമെന്റോടെ അടിസ്ഥാന ശമ്പളം വർദ്ധിപ്പിച്ചു നൽകി. ഒടുവിൽ പ്യൂൺ തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് നൽകി ഇപ്രകാരം ആദ്യ നിയമനം മുതൽ ഓരോ ഘട്ടത്തിലും ക്രമവിരുദ്ധമായും സഹകരണ ചട്ടത്തേയും സഹ രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങളേയും ബോധപൂർവ്വം ധിക്കരിച്ച് ബാങ്ക് ഭരണസമിതി ടിയാനെ നിയമിക്കുകയും ടിയാന് അനർഹമായി ശമ്പളനിരക്ക് അനുവദിച്ച് അടിസ്ഥാന ശമ്പളവും പ്രമാണവും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിച്ച് നൽകി ബാങ്കിനെ ബോധപൂർവ്വം നഷ്ടപ്പെടുത്തുകയും ചെയ്തുകാണുന്നു.

കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് 1 അപ്രൈസർ തസ്തിക മൊത്ത ശമ്പളവ്യവസ്ഥയിൽ ബഹു തിരുവനന്തപുരം ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 30.11.2019 ലെ സി ആർ പി(1) /4168/2019/കെ ഡിസ് ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. (അനുബന്ധം I A 4) എന്നാൽ ടി തസ്തികയിൽ ഇപ്പോൾ സേവനമനുഷ്ഠിച്ചുവരുന്നയാളുടെ നിയമനം ക്രമരഹിതവും അനധികൃതവും സഹകരണ ചട്ടത്തിനും ബഹു സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. ടിയാന്റെ നിയമനവുമായി ബന്ധപ്പെട്ടുള്ള ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

## അപ്രൈസർ തസ്കിയിലെ അനധികൃത നിയമനം സംബന്ധിച്ച്

**എ) ശ്രീ അനിൽ കെ, അപ്രൈസർ**

ബാങ്ക് ഭരണസമിതിയുടെ 16.11.2001 ലെ 601-ാം നമ്പർ തീരുമാന പ്രകാരം (അനുബന്ധം I A 8) 31.05.1975 ൽ ജനിച്ച ശ്രീ അനിലിനെ ബാങ്കിൽ കളക്ഷൻ ഏജന്റായി നിയമിക്കാൻ തീരുമാനിച്ചു. എന്നാൽ ബാങ്കിൽ കളക്ഷൻ ഏജന്റ് തസ്തിക അനുവദിച്ച ഉത്തരവ് പകർപ്പ് പരിശോധനയ്ക്കായി സമർപ്പിക്കാൻ ബാങ്കിന് കഴിഞ്ഞിട്ടില്ലാത്തതും ആയതിനാൽ തന്നെ കളക്ഷൻ ഏജന്റ് തസ്തികയിലെ ശ്രീ അനിലിന്റെ നിയമനം ക്രമപ്രകാരമുള്ളതല്ലെന്നും കാണുന്നു. യാതൊരുവിധ നിയമാനുസൃതനടപടികളും പാലിക്കാതെയാണ് ടിയാന്റെ കളക്ഷൻ ഏജന്റായുള്ള നിയമനമെന്നതിനുപുറമേ ബാങ്ക് ഭരണസമിതി ടിയാനെ 16.06.2017 ലെ 249-ാം

നമ്പർ തീരുമാനപ്രകാരം ബാങ്കിലെ സെയിൽസ്മാനായി നിയമിക്കുകയുണ്ടായി (അനുബന്ധം I A 9). ബഹു കേരള സർക്കാരിന്റെ 15.07.2015 ലെ സ ഉ (കൈ) 87/2015/സഹ നമ്പർ ഉത്തരവിലെ 4-ാം ഖണ്ഡിക പ്രകാരം (അനുബന്ധം I A 10) പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്യൂൺ തസ്തികയുടെ ഒഴിവിന്റെ 25%, 5 വർഷവും അതിൽ കൂടുതലും വർഷത്തെ സേവനമുള്ള നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാർക്കും അപ്രൈസർമാർക്കും വേണ്ടി സംവരണം ചെയ്യുന്നുവെന്നാണ് പരാമർശിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൽ പ്യൂൺ തസ്തികയ്ക്ക് 25% സംവരണം എന്നാണ് പരാമർശമെന്നിരിക്കെ ടി ഉത്തരവിന്റെ മറവിൽ കളക്ഷൻ ഏജന്റുമാരെ നേരിട്ട് ബാങ്ക് ഭരണസമിതി പ്യൂൺ, നൈറ്റ് വാച്ച്മാൻ, സെയിൽസ്മാൻ തസ്തികകളിൽ നിയമിക്കുകയാണ് ചെയ്ത് കാണുന്നത്. ബാങ്കിന് ആകെ അനുവദനീയമായ 5 പ്യൂൺ തസ്തികയുടെ 25% എന്നത് 1 ആൾമാത്രമാണ്. ഒഴിവുള്ള പ്യൂൺ തസ്തികയുടെ 25% എന്നത് 1 നും താഴെയായിരിക്കുന്നതുമാണ്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവിനെ മറയാക്കി ബാങ്ക് ഭരണസമിതി ശ്രീ അനിലിനെ ഉൾപ്പെടെ 4 പേരെ നിയമിച്ച് തീരുമാനിക്കുകയായിരുന്നു (അനുബന്ധം I A 9). ബാങ്ക് ഭരണസമിതിയുടെ 16.06.2017 ലെ 249-ാം നമ്പർ തീരുമാനപ്രകാരമാണ് ടിയാളുകളുടെ നിയമിച്ചുകാണുന്നത് .

19.06.2017ൽ സെയിൽസ്മാൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാനെ 5000 രൂപ മൊത്തശമ്പളത്തിനായിരുന്നു നിയമിച്ചത്. തുടർന്ന് 19.12.2017 ൽ ടിയാന് 9910-26160 ശമ്പളനിരക്ക് അനുവദിച്ചു. ഇതേ തുടർന്ന് ടിയാന്റെ അടിസ്ഥാന ശമ്പളം 9910 രൂപയായി നിജപ്പെടുത്തി. ടിയാന് 01.12.2018 ൽ 10170 രൂപയും, 01.12.2019 ൽ 10430 രൂപയും, 01.12.2020 ൽ 10650 രൂപയും എന്നിങ്ങനെ വാർഷിക ഇൻക്രിമെന്റുകളോടെ അടിസ്ഥാന ശമ്പളത്തിൽ വർദ്ധനവ് അനുവദിച്ചും നൽകി. ശമ്പളനിരക്ക് അനുവദിച്ചതിന് പുറമേ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും ടിയാന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഇപ്രകാരം ക്രമരഹിതമായി സെയിൽസ്മാൻ തസ്തികയിൽ ടിയാനെ നിയമിച്ച് ശമ്പളനിരക്ക് അനുവദിച്ച് നൽകി സംഘം ഭരണസമിതി ബാങ്കിന് നഷ്ടമുണ്ടാക്കിയിരിക്കുകയാണ്. കൂടാതെ 19.01.2021 ൽ ബാങ്ക് ഭരണസമിതി 1633-ാം നമ്പർ തീരുമാനപ്രകാരം (അനുബന്ധം I A 14) ടിയാനെ 01.12.2021 പ്രാബല്യം നൽകി അപ്രൈസർ ആയി ഉദ്യോഗകയറ്റം നൽകി. അപ്രൈസർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നൽകുന്നതിന് ആർജ്ജിക്കേണ്ടതായ വിദ്യാഭ്യാസയോഗ്യത ടിയാനുള്ളതായി ടിയാന്റെ സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. അതോടൊപ്പം മൊത്തശമ്പളവ്യവസ്ഥയിൽ മാത്രമാണ് ബാങ്കിന് അപ്രൈസർ തസ്തിക അനുവദിച്ചിട്ടുള്ളത് എന്നിരിക്കെ ശ്രീ അനിലിന് അനധികൃതമായി അപ്രൈസർ ആയി ഉദ്യോഗകയറ്റം നൽകിയതിന് പുറമേ ടിയാന് 01.12.2021 ൽ അപ്രൈസർ തസ്തികയിൽ പുതുക്കിയ ശമ്പളനിരക്കായ 10950-29600 നിരക്കും അനുവദിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അടിസ്ഥാന ശമ്പളം 11250 രൂപ ആയി പുനഃനിർണയം ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ അനിലിനെ കളക്ഷൻ ഏജന്റായി നിയമിക്കുമ്പോൾ തസ്തികാംഗീകാരം ഇല്ലാത്തതും നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെയാണ് നിയമനമെന്നും കാണാൻ കഴിയുന്നു. കളക്ഷൻ ഏജന്റ് തസ്തികയിൽ നിന്നും ടിയാനെ സെയിൽസ്മാനായി നിയമിച്ചതും

തികച്ചും ക്രമവിരുദ്ധമാണ്. ബഹു സർക്കാരിന്റെ 15.07.2015 ലെ സ ഉ (കൈ) 87/15/സഹ നമ്പർ ഉത്തരവിനെ ബോധപൂർവ്വം തെറ്റായി വ്യാഖ്യാനിച്ചാണ് സെയിൽസ്മാനായുള്ള ടിയാന്റെ നിയമനം ബാങ്ക് ഭരണസമിതി നടത്തിയത്. ബഹു സഹകരണ രജിസ്ട്രാറുടെ 18/19, 79/11 എന്നീ സർക്കുലറിലെ നിർദ്ദിഷ്ട നിയമനനടപടികൾ യാതൊന്നും ടിയാന്റെ നിയമനത്തിനായി പാലിച്ചിട്ടില്ല. ടി സർക്കുലർ നിർദ്ദേശങ്ങളെല്ലാം ബോധപൂർവ്വം ധിക്കരിച്ചാണ് ഭരണസമിതി ടിയാനെ ബാങ്കിൽ നിയമിച്ചത്. മതിയായ വിദ്യാഭ്യാസയോഗ്യത പോലും ഇല്ലാത്ത ടിയാനെ മൊത്തശമ്പളവ്യവസ്ഥയിൽ മാത്രം നിയമനം നടത്താനാവുന്ന അപ്രൈസർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം അനധികൃതമായി അനുവദിച്ച് അനർഹമായി ശമ്പളനിരക്ക് അനുവദിച്ച് ശമ്പളനിർണയത്തിലൂടെ അധിക സാമ്പത്തിക ആനുകൂല്യങ്ങൾ ടിയാന് അനുവദിച്ച് നൽകി ബാങ്കിന് ബോധപൂർവ്വം നഷ്ടം വരുത്തിവച്ചിരിക്കുകയാണ് അതാത് കാലയളവിലെ ബാങ്ക് ഭരണസമിതികൾ. സഹകരണ നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലറുകൾ, സർക്കാർ ഉത്തരവ് എന്നിവകൾക്ക് വിരുദ്ധമായ മനഃപൂർവ്വപ്രവർത്തനമാണ് ബന്ധപ്പെട്ട ഭരണസമിതികൾ വരുത്തിക്കാണുന്നത്.

കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് 3 സെക്യൂരിറ്റി തസ്തികകൾ മൊത്തശമ്പളവ്യവസ്ഥയിൽ ബഹു തിരുവനന്തപുരം സഹകരണ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 30.11.2019 ലെ സി ആർ പി(1) /4168/191/കെ ഡിസ് ഉത്തരവ് പ്രകാരം അനുവദിച്ചുനൽകിയിട്ടുണ്ട്. (അനുബന്ധം I A 4) എന്നാൽ മൊത്തശമ്പളവ്യവസ്ഥയിൽ നിയമനം നടത്താനാവുന്ന ടി തസ്തികയിൽ ശമ്പളനിരക്ക് അനുവദിച്ച് ക്രമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ നിയമനം നടത്തി ചട്ടവിരുദ്ധ നടപടി സംഘം ഭരണസമിതിയുടെ ഭാഗത്തുണ്ടായിരുന്നു. ചുവടെ പേര് പരാമർശിക്കുന്ന ജീവനക്കാരിയെ സെക്യൂരിറ്റി തസ്തികയിൽ അനധികൃതമായി നിയമിച്ചു കാണുന്നു.

## സെക്യൂരിറ്റി തസ്തികയിലെ അനധികൃത നിയമനം സംബന്ധിച്ച്

**എ) ശ്രീമതി മഞ്ജു, സെക്യൂരിറ്റി**

ബാങ്ക് ഭരണസമിതിയുടെ 02.11.2007 ലെ 724-ാം നമ്പർ തീരുമാനപ്രകാരം 20.05.1976 ൽ ജനിച്ച ശ്രീമതി മഞ്ജുവിനെ ബാങ്കിൽ ഡെപ്പോസിറ്റ് കളക്ടർ ആയി നിയമിച്ചു. (അനുബന്ധം I A 15) ഡെപ്പോസിറ്റ് കളക്ടർ തസ്തിക ബാങ്കിന് അനുവദിച്ചുനൽകിയ ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി ഹാജരാക്കാൻ ബാങ്കിന് കഴിഞ്ഞിട്ടില്ല. ബഹു രജിസ്ട്രാറുടെ 18/91 സർക്കുലറിലെ നിയമന നടപടികൾ ഒന്നും പാലിക്കാതെയാണ് ടിയാരിയുടെ നിയമനം. ടിയാൾ 01.12.2008 ൽ ബാങ്കിൽ ഡോപ്പോസിററ് കളക്ടർ ആയി ജോലിയിൽ പ്രവേശിച്ചു. എന്നാൽ തുടർന്ന് 16.06.2017 ലെ 249-ാം നമ്പർ തീരുമാനപ്രകാരം(അനുബന്ധം I A 9) ടിയാരിയെ 5000 രൂപ മൊത്തശമ്പളത്തിൽ സെക്യൂരിറ്റിയായി നിയമിച്ച് തീരുമാനിച്ചു. 15.07.2015

ലെ സ ഉ (കൈ) 87/15/സഹ നമ്പർ ഉത്തരവ് പ്രകാരമാണ് ടിയാരിയെ സെക്യൂരിറ്റി ആയി നിയമിച്ചതെന്ന് 16.06.2017 ലെ ബാങ്ക് ഭരണസമിതിയുടെ 241-ാം നമ്പർ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട് (അനുബന്ധം I A 9). എന്നാൽ 15.07.2015 ലെ സ ഉ (കൈ)/87/15/സഹ നമ്പർ ഉത്തരവിലെ 4-ാം ഖണ്ഡിക പ്രകാരം (അനുബന്ധം I A 10) പ്രാഥമിക സഹകരണസംഘങ്ങളിലെ പ്യൂൺ തസ്തികയുടെ ഒഴിവിന്റെ 25%, 5 വർഷവും അതിൽ കൂടുതലും വർഷത്തെ സേവനമുള്ള നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാർക്കും അപ്രൈസർമാർക്കും വേണ്ടി സംവരണം ചെയ്യുന്നുവെന്ന് പരാമർശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പ്യൂൺ തസ്തികയുടെ ഒഴിവിന്റെ 25% എന്നാണ് പരാമർശമെന്നിരിക്കെ ടി ഉത്തരവിന്റെ മറവിൽ ഡെപ്പോസിറ്റ് കളക്ടറായ ശ്രീമതി മഞ്ജുവിനെ അനധികൃതമായി സെക്യൂരിറ്റിയായി നിയമിക്കുകയാണുണ്ടായത്. 19.06.2017 ൽ ടിയാരി സെക്യൂരിറ്റിയായി ജോലിയിൽ പ്രവേശിച്ചു. 19.12.2017 ൽ ടിയാരിയ്ക്ക് സെക്യൂരിറ്റി തസ്തികയിൽ ക്രമരഹിതമായി ശമ്പളനിരക്ക് അനുവദിക്കുകയും, 9190-23600 നിരക്കിൽ ടിയാരിയുടെ അടിസ്ഥാന ശമ്പളം 9190 ൽ നിജപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 01.12.2018 ൽ 9420 രൂപയും 01.12.2019 ൽ 9650 രൂപയും 01.12.2020 ൽ 9910 രൂപയും യഥാക്രമം അടിസ്താന ശമ്പളമനുവദിക്കുകയും 01.04.2019 ൽ പ്രാബല്യത്തിൽ വന്ന 15.02.2021 ലെ ജി ഒ(പി) 32/21/സഹ നമ്പർ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 01.12.2020 ൽ ടിയാരിയുടെ അടിസ്ഥാന ശമ്പളം 15530 രൂപ നിശ്ചയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പരാമർശിക്കുന്നവിധം അനധികൃത നിയമനം നടത്തി ക്രമവിരുദ്ധമായി ശമ്പള നിരക്കും അടിസ്ഥാന ശമ്പളവും ക്ഷാമബത്തയുമുൾപ്പെടെ എല്ലാ വിധ സാമ്പത്തിക ആനുകൂല്യങ്ങളും ടിയാരിയ്ക്ക് അനുവദിച്ചുനൽകിയതിന് ബന്ധപ്പെട്ട ഭരണസമിതികൾ ഉത്തരവാദികളാണ്. ഇപ്രകാരം സംഘം ഫണ്ട് ദുർവിനിയോഗം ചെയ്ത് ബാങ്കിന് നഷ്ടം വരുത്തിയതായി കാണുന്നതിനാൽ സഹകരണനിയമം അനുശാസിക്കുന്ന വിധം തുടർനടപടികൾ ബന്ധപ്പെട്ടവർക്കുമേൽ സ്വീകരിക്കേണ്ടതുണ്ടെന്നും കാണുന്നു.

കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് 2 അറ്റന്റർ തസ്തികകൾ ബഹു തിരുവനന്തപുരം ജില്ലാ സഹകരണ ജോയിൻര് രജിസ്ട്രാർ(ജനറൽ) ൻരെ 30.11.2019 ലെ സി ആർ പി(1)/4168/19/കെ ഡിസ് ഉത്തരവ് പ്രകാരം അനുവദിച്ചുനൽകിയിട്ടുണ്ട്(അനുബന്ധം I A 4). കൂടാതെ ഇതേ ഉത്തരവ് പ്രകാരം 3 സെയിൽസ്മാൻ തസ്തികയും അനുവദിച്ചിട്ടുണ്ട്. എന്നാൽ നിയമനനടപടി ക്രമങ്ങൾ യാതൊന്നും പാലിക്കാതെ "താൽക്കാലിക സെയിൽസ്മാൻ" ആയി ബാങ്കിൽ നിയമനം നടത്തിക്കാണുന്നു. ഇപ്രകാരം നടത്തിയ നിയമനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

**<u>താൽക്കാലിക സെയിൽസ്മാൻ തസ്തികയിലെ അനധികൃത നിയമനം സംബന്ധിച്ച്</u>**

**എ) പ്രശാന്ത് പി എസ്. അറ്റന്റർ**

ബാങ്ക് ഭരണസമിതിയുടെ 20.02.2007 ലെ 982-ാം നമ്പർ തീരുമാനപ്രകാരം 30.05.1971 ൽ ജനിച്ച ശ്രീ പ്രശാന്തിനെ താൽക്കാലിക സെയിൽസ്മാനയി നിയമിച്ച തീരുമാനിച്ചു (അനു

ബന്ധം I A 16). താൽക്കാലിക സെയിൽസ്മാനായി ചട്ടവിരുദ്ധമായി യാതൊരുവിധ നിയമാനുസ്യത നിയമനനടപടിക്രമങ്ങളും പാലിക്കാതെ ടിയാനെ നിയമിച്ച ഭരണസമിതി വീണ്ടും 23.08.2007 ലെ 538-ാം നമ്പർ തീരുമാന (അനുബന്ധം I A 17) പ്രകാരം ടിയാനെ നൈറ്റ് വാച്ച്മാനായി നിയമിച്ച് തീരുമാനിച്ചു. 01.09.2007 ൽ 3000 രൂപ മൊത്തശമ്പളത്തിലാണ് നൈറ്റ് വാച്ച്മാനായി ടിയാനെ നിയമിച്ചത്. എന്നാൽ 01.05.2010 ൽ ടിയാന് ശമ്പളനിരക്ക് അനുവദിച്ചു. പ്രവേശന തസ്തികയിൽ 8 വർഷം പൂർത്തിയാവാതെയും വകുപ്പ് അനുമതി ഇല്ലാതെയും 19.07.2019 ലെ 597-ാം നമ്പർ തീരുമാനപ്രകാരം 01.05.2017 മുതൽ ടിയാന് ഒന്നാമത് ഹയർഗ്രേഡ് അനുവദിച്ചുനൽകി. അതിന് ശേഷം 17.12.2019 ലെ 1292-ാം (അനുബന്ധം I A 13) നമ്പർ തീരുമാനപ്രകാരം ടിയാന് അറ്റന്ററായി ഉദ്യോഗകയറ്റം നൽകി. അനധികൃതമായി ഇല്ലാത്ത തസ്തികയിൽ ആദ്യം നിയമന നടപടികൾ ഒന്നും പാലിക്കാതെ താൽക്കാലിക സെയിൽസ്മാനായി നിയമിച്ചും തുടർന്ന് ക്രമവിരുദ്ധമായി നൈറ്റ് വാച്ച്മാനാക്കി ശമ്പളനിരക്ക് അനുവദിച്ചും, അനധികൃതമായി ഗ്രേഡ് അനുവദിച്ചും ഉദ്യോഗകയറ്റം നൽകിയും ബാങ്ക് ഭരണസമിതി ഗുരുതരമായ ക്രമക്കേട് നടത്തി ബാങ്കിനെ നഷ്ടപ്പെടുത്തിയിരിക്കുന്നു. ടി ചട്ടവിരുദ്ധ പ്രവർത്തനത്തിനും ബോധപൂർവ്വം ബാങ്കിന് നഷ്ടമുണ്ടാക്കിയതിനും ഉത്തരവാദികളായ അതാത് ഭരണസമിതികൾക്കുമേൽ സഹകരണ നിയമം അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## <u>അനധികൃത ഗ്രേഡ് ആനുകൂല്യം നൽകിയത് സംബന്ധിച്ച്</u>

**ബി) ശ്രീ വിശ്വനാഥൻ, അറ്റന്റർ**

ബാങ്ക് ഭരണസമിതിയുടെ 26.12.1992 ലെ 9-ാം നമ്പർ തീരുമാനപ്രകാരമാണ് ശ്രീ വിശ്വനാഥനെ ബാങ്കിൽ സെയിൽസ്മാനായി നിയമിക്കുന്നത്. 01.09.2019 ൽ ടിയാനെ അന്റന്ററർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം നടത്തിനിയമിച്ചിട്ടുണ്ട്. ടിയാന് 01.08.20001, 01.08.2007, 01.08.2014, 01.08.2019 എന്നീ തീയതികളിലായി 4 ഹയർ ഗ്രേഡുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. 11.05.1964 ൽ ജനിച്ച ടിയാനെ 01.01.1993 മുതലാണ് ബാങ്കിൽ സെയിൽസ്മാനായി നിയമിച്ചിരിക്കുന്നത്. ആദ്യ ഗ്രേഡ് 10 വർഷം പൂർത്തിയാകുമ്പോൾ 01.01.2003 ൽമാത്രമാണ് ടിയാന് ലഭിക്കാൻ അർഹതകാണുന്നത്. രണ്ടാമത് ഗ്രേഡ് 01.08.2007 ൽ ടിയാന് ലഭിക്കാൻ അർഹതയുമില്ല. അപ്രകാരമെങ്കിൽ 3 ഉം 4 ഉം ഗ്രേഡ് അനുവദിച്ചതും ക്രമപ്രകാരമല്ല. ജീവനക്കാർക്ക് ഗ്രേഡ് അനുവദിക്കുന്നതിനുമുമ്പ് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ആയത് ബാങ്കിൽ പാലിക്കപ്പെട്ടിട്ടില്ല. വകുപ്പിന്റെ അനുമതി വാങ്ങാതെ അനധികൃതമായി അനർഹമായ ഗ്രേഡ് ആനുകൂല്യം ടി വിശ്വനാഥന് അനുവദിച്ച് നൽകി കാണുന്നതും ക്രമവിരുദ്ധമാണ്.

കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് 25.11.2002 ലെ 668-ാം നമ്പർ തീരുമാനത്തിന് വിധേയമായുള്ള ജീവനക്കാരുടെ പോഷകവിഭാഗം ഉപനിബന്ധനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്(അനുബന്ധം I A 2). ടി പോഷകവിഭാഗം ഉപനിബന്ധനയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ

തസ്തിക ഉൾപ്പെടുന്നില്ല. സഹകരണ ചട്ടം 185(1) പ്രകാരം ജീവനക്കാരുടെ ഉദ്യോഗകയറ്റം പോഷകവിഭാഗം ഉപനിബന്ധനയ്ക്ക് വിധേയമായിരിക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ടി ചട്ടം 185(1) ന് വിരുദ്ധമായി ജീവനക്കാരുടെ പോഷകവിഭാഗത്തിൽ ഉൾപ്പെടാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ബാങ്കിലെ 2 ജീവനക്കാർക്ക് ഉദ്യോഗകയറ്റം നൽകിയിട്ടുണ്ട്. ആയത് ക്രമവിരുദ്ധമാണ്. ടി ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ക്രമരഹിത ഉദ്യോഗകയറ്റം നൽകിയത് സംബന്ധിച്ച്

**എ) ചിത്ര എസ്സ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ**

25.05.1978 ൽ ജനിച്ച ശ്രീമതി ചിത്രയെ സംഘം ഭരണസമിതിയുടെ 19.01.2016 ലെ 1786-ാം നമ്പർ തീരുമാനപ്രകാരം ബാങ്കിൽ മൊത്തശമ്പളവ്യവസ്ഥയിൽ പ്യൂൺ ആയി നിയമിക്കുകയുണ്ടായി (അനുബന്ധം I A 18, I A 19). ടിയാരി 20.01.2016 ൽ ജോലിയിൽ പ്രവേശിച്ചു. 20.07.2016 മുതൽ ടിയാരിയ്ക്ക് പ്യൂൺ തസ്തികയിൽ ശമ്പളനിരക്ക് അനുവദിച്ചുനൽകി. എന്നാൽ സംഘം ഭരണസമിതിയുടെ 19.01.2021 ലെ 1632-ാം നമ്പർ തീരുമാനപ്രകാരം (അനുബന്ധം I A 14) ടിയാളെ 01.02.2021 മുതൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആയി ഉദ്യോഗകയറ്റം നൽകി നിയമിച്ചു. ജീവനക്കാരുടെ അംഗീകരിച്ചു നൽകിയ പോഷകവിഭാഗത്തിൽ ഉൾപ്പെടാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ടിയാരിയ്ക്ക് ഉദ്യോഗകയറ്റം നൽകിയ ബാങ്ക് ഭരണസമിതിയുടെ തീരുമാനം ക്രമവിരുദ്ധമാണ്.

**ബി) രേവതി വി എസ്, ജൂനിയർ ക്ലർക്ക്**

14.01.1989 ൽ ജനിച്ച ശ്രീമതി രേവതി വി എസിനെ കണ്ടല സഹകരണ ആശുപത്രിയിലെ ജൂനിയർ ക്ലർക്ക് ആയി സംഘം ഭരണസമിതിയുടെ 18.11.2014 ലെ 74-ാം നമ്പർ തീരുമാനപ്രകാരം നിയമിക്കുകയും, ടിയാൾ 01.12.2014 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ ഭരണസമിതിയുടെ 31.08.2018 ലെ 82-ാം നമ്പർ തീരുമാനപ്രകാരം ടിയാളെ കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ സെയിൽസ്മാൻ തസ്തികയിൽ പ്രവേശിക്കുന്നതിലേയ്ക്കായി വിടുതൽ ചെയ്ത് തീരുമാനിക്കുകയും, ബാങ്ക് ഭരണസമിതിയുടെ 30.08.2018 ലെ 734-ാം നമ്പർ തീരുമാനപ്രകാരം ടിയാളെ ബാങ്കിൽ സെയിൽസ്മാൻ ആയി നിയമിക്കുകയും ചെയ്തു (അനുബന്ധം I A 20, I A 21). കണ്ടല സഹകരണ ആശുപത്രിയിലെ ജൂനിയർ ക്ലർക്ക് തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ സെയിൽസ്മാനായി ജോലിയിൽ പ്രവേശിച്ച ടിയാളുടെ മുൻകാല സർവ്വീസ് കൂടി പരിഗണിച്ച് ലീവും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നതിന് 30.03.2019 ലെ 2114-ാം നമ്പറായി ബാങ്ക് ഭരണസമിതി തീരുമാനിച്ചിട്ടുമുണ്ട്. 01.01.2020 ൽ ടിയാരിയ്ക്ക് അനധികൃതമായി ബാങ്കിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആയി ഉദ്യോഗകയറ്റം നൽകി. ജീവനക്കാരുടെ പോഷവവിഭാഗം ഉപനിബന്ധനയിൽ പെടാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ടിയാ

രിയ്ക്ക് അനുവദിച്ച ഉദ്യോഗകയറ്റം ക്രമവിരുദ്ധമാണ്. ടിയാരി 01.02.2021 മുതൽ ബാങ്കിൽ ജൂനിയർ ക്ലർക്ക് ആയി സേവനമനുഷ്ടിച്ച് വരികയുമാണ്.

## ജീവനക്കാർക്ക് അനധികൃത ഉദ്യോഗകയറ്റം നൽകിയത് സംബന്ധിച്ച്

കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 30.11.2019 ലെ സി ആർ പി(1) 4168/2019/കെ ഡിസ് നമ്പർ ഉത്തരവ് പ്രകാരം 12 ക്ലർക്ക് തസ്തിക അനുവദിച്ചിട്ടുണ്ട്. 1:1 അനുപാദത്തിൽ ജൂനിയർ ക്ലർക്ക്/സീനിയർ ക്ലർക്ക് തസ്തികകൾ നിലനിർത്തേണ്ടതുമുണ്ട്. സഹകരണ ചട്ടം 185(10) പ്രകാരം 26.11.2017 ന് ശേഷം ജൂനിയർ ക്ലർക്ക് തസ്തികയിലെ ഒഴിവുകൾ 1:4 അനുപാദത്തിൽ ഉദ്യോഗകയറ്റം/നേരിട്ടുള്ള നിയമനമായി നടത്തേണ്ടതുണ്ട്. അതായത്ജൂനിയർ ക്ലർക്ക് തസ്തികയിലെ ആകെ ഒഴിവിന്റെ 1/5 ഭാഗം മാത്രമേ ഉദ്യോഗകയറ്റം മുഖേന നിയമിക്കാൻ കഴിയൂ. എന്നാൽ ടി ബാങ്കിൽ സഹകരണ ചട്ടം 185(10) ബോധപൂർവ്വം ധിക്കരിക്കുന്നവിധമുള്ള പ്രവർത്തനം ബാങ്ക് ഭരണസമിതി സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. ചുവടെ പറയുന്ന ജീവനക്കാരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിൽ അനധികൃതമായി ജൂനിയർ ക്ലർക്ക് ആയി ഉദ്യോഗകയറ്റം നൽകിയിരിക്കുകയാണ്.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | ഉദ്യോഗകയറ്റം നൽകിയ തസ്തിക | ജൂനിയർ ക്ലർക്കിൽ ഉദ്യോഗകയറ്റം നൽകിയ തീയതി. |
|---|---|---|---|
| 1 | സാം ഗ്ലോറിയ | ജൂനിയർ ക്ലർക്ക് | 01.07.2019 |
| 2 | ഹയറുന്നീസ ബീഗം | ജൂനിയർ ക്ലർക്ക് | 01.09.2019 |
| 3 | രേവതി വി എസ് | ജൂനിയർ ക്ലർക്ക് | 01.02.2021 |
| 4 | വിദ്യ ബി എസ് | ജൂനിയർ ക്ലർക്ക് | 01.03.2021 |

സഹകരണ ചട്ടം 185(1) പ്രകാരം ഹ്രസ്വകാല പരിശീലന പരിപാടിയിൽ പങ്കെടുക്കാത്ത ജീവനക്കാർക്ക് ഉദ്യോഗകയറ്റവും വാർഷിക ഇൻക്രിമെന്റ് അനുവദിച്ചു നൽകിയും ബാങ്കിന് നഷ്ടം വരുത്തിയിട്ടുണ്ട്. മിനിസ്റ്റീരിയൽ തസ്തികയിലെ ജീവനക്കാരെ ആരെയും ബാങ്ക് ഹ്രസ്വകാല പരിശീലനത്തിൽ പങ്കെടുപ്പിച്ചിട്ടില്ലാത്തതും ആകയാൽ തന്നെ നാലാമത് വാർഷിക ഇൻക്രിമെന്റ് ടി ജീവനക്കാർക്കെല്ലാം അനുവദിച്ചതും ചിലർക്ക് ഉദ്യോഗകയറ്റം നൽകിയതും ഭരണസമിതിയുടെ ബോധപൂർവ്വമായ വീഴ്ചയാണ്. ടി ഇനത്തിലും ബാങ്കിന് നഷ്ടം വരുത്തി വച്ചിരിക്കുകയാണ് അതാത് ഭരണസമിതി.

സഹകരണ ചട്ടത്തിലെ വ്യവസ്ഥകളെ ബോധപൂർവ്വം ധിക്കരിച്ച് ബാങ്ക് ഭരണസമിതി നടത്തിക്കാണുന്ന മേൽ പരാമർശിച്ച ക്രമവിരുദ്ധ നടപടി ചട്ടവിരുദ്ധമാകയാൽ തന്നെ ആയതിന് ഉത്തരവാധികളായവർക്കുമേൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## ബാങ്കിലെ കളക്ഷൻ ഏജന്റുമാരുടെ ക്രമരഹിത നിയമനം സംബന്ധിച്ച്

കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ നിലവിൽ 16 കളക്ഷൻ ഏജന്റുമാർ സേവനമനുഷ്ടിച്ച് വരുന്നു. അവരുടെ പേരും നിയമന തീയതിയും ചുവടെ ചേർക്കുന്നു.(അനുബന്ധം I A 22)

| പേര് | നിയമന തീയതി |
|---|---|
| പി ശിവകുമാർ | 06.04.1995 |
| ശശികല ഡി എസ് | 29.09.1999 |
| വി ഗിരീഷ് കുമാർ | 01.12.2008 |
| എസ് അമ്പിളി | 05.12.2008 |
| പ്രശാന്ത് എസ് പി | 22.10.2007 |
| എ എസ് സ്വപ്നകുമാർ | 30.11.2007 |
| ആർ എസ് ഹരികുമാർ | 30.08.2010 |
| ദീപു റ്റി എ | 09.08.2017 |
| അഖിൽ ജി നായർ | 23.08.2017 |
| രാധിക ദേവി റ്റി | 23.08.2017 |
| സുരേഷ് മിത്ര എസ് എസ് | 07.08.2017 |
| വിപിൻ വി എസ് | 07.02.2018 |
| ഹൃദയേഷ് എം റ്റി | 27.02.2020 |
| സ്വപ്ന വി എസ് | 10.02.2020 |
| ദീപ എസ് ബി | 07.02.2020 |
| സൂരജ് സുനിൽ | 12.02.2020 |

എന്നാൽ 01.04.2006 മുതൽ പല കാലഘട്ടങ്ങളിലായി ബാങ്കിൽ 40 കളക്ഷൻ ഏജന്റുമാർ സേവനമനുഷ്ടിച്ച് വന്നിരുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ സേവനമനുഷ്ടിച്ച് വരുന്ന 16 കളക്ഷൻ ഏജന്റുമാർക്ക് ഉപരിയായി വിവിധ കാലഘട്ടങ്ങളിലായി 01.04.2006 മുതൽ കലക്ഷൻ ഏജന്റുമാരായി സേവനമനുഷ്ടിച്ച് വന്നിരുന്നവരുടെ പേരും സേവനം അവസാനിപ്പിച്ച തീയതിയും ചുവടെ ചേർക്കുന്നു.(അനുബന്ധം I A 23)

| പേര് | സേവനം അവസാനിപ്പിച്ച തീയതി |
|---|---|
| ഷൈജു | 31.12.2011 |
| ശിവകുമാർ എസ് | 20.06.2017 |
| പത്മകുമാർ | 31.10.2009 |
| ജയകുമാരി | 30.04.2012 |
| വരുൺ രാജ് | 30.11.2009 |

| | |
|---|---|
| അനിൽ കെ | 19.06.2017 |
| ശശികല എസ് | 30.09.2016 |
| ബിനു | 30.11.2009 |
| ഷാജി | 30.06.2016 |
| അജികുട്ടൻ | 31.10.2009 |
| സ്റ്റാൻലി ജോൺ | 25.02.2020 |
| സുനിൽ | 30.09.2013 |
| വിനു കുമാർ | 31.01.2018 |
| അജികുമാർ | 30.06.2012 |
| റംല ബീവി | 30.09.2016 |
| വിനോദ് കെ | 19.06.2017 |
| ധനീഷ് | 31.08.2013 |
| സുരേഷ് കുമാർ | 31.10.2020 |
| മഞ്ജുഷ | 30.09.2013 |
| മഞ്ജു ആർ ആർ | 20.06.2017 |
| സുധീഷ് | 31.08.2015 |
| രാജു | 31.12.2015 |
| താര | 30.11.2016 |
| ജയപ്രസാദ് | 31.07.2018 |

കളക്ഷൻ ഏജന്റുമാരുടെ തസ്തികകൾക്ക് വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ച ഉത്തരവുകളുടെ പകർപ്പുകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ ബാങ്ക് അധികാരികൾക്ക് കഴിഞ്ഞിട്ടില്ലാത്തതും അപ്രകാരം കളക്ഷൻ ഏജന്റ് തസ്തികകൾക്ക് അനുവാദ ഉത്തരവ് വാങ്ങിയിട്ടില്ലെന്നും ബാങ്ക് സെക്രട്ടറി ഇൻ ചാർജ്ജ് മൊഴി നൽകിയിട്ടുള്ളതുമാണ്. (അനുബന്ധം I A 16) ആയതിൽ നിന്നും, തികച്ചും ക്രമരഹിതമായി നിയമാനുസൃത നിയമന നടപടി ക്രമങ്ങൾ പാലിക്കാതെയാണ് ബാങ്കിൽ കളക്ഷൻ ഏജന്റുമാരെ കാലാകാലങ്ങളിൽ നിയമിച്ചിരുന്നതെന്ന് കാണാൻ കഴിയുന്നതാണ്. ഒരു സഹകരണ സ്ഥാപനം നിയമനങ്ങൾ നടത്തേണ്ടത് എപ്രകാരമാണെന്ന് ബഹു സഹകരണ സംഘം രജിസ്ട്രാർ സർക്കുലറിലൂടെ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ബഹു രജിസ്ട്രാറുടെ 18/91, 79/11 എന്നീ സർക്കുലറുകളുടെ(അനുബന്ധം I A 11 ,1 A 12) ബോധപൂർവ്വമായ ലംഘനവും ബാങ്കിൽ നടന്നുകാണുന്നു. കളക്ഷൻ ഏജന്റായി അനധികൃതമായി നിയമനങ്ങൾ നടത്തുകയും തുടർന്ന് ടിയാളുകളിൽ പലർക്കും ക്രമരഹിതമായി ബാങ്കിലെ സബ്സ്റ്റാഫ് തസ്തികകളിലേയ്ക്ക് നിയമനം നൽകി വരുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിരവധി പേർക്ക് കളക്ഷൻ ഏജന്റായി നിയമനം നൽകിയ ശേഷം ബാങ്കിലെ പ്യൂൺ, സെയിൽസ്മാൻ, അറ്റന്റർ, നൈറ്റ് വാച്ച് മാൻ എന്നീ സബ് സ്റ്റാഫ് വിഭാഗത്തിലേയ്ക്ക് ചട്ടവിരുദ്ധമായി ഉദ്യേഗകയറ്റവും പുതിയ നിയമനവും നൽകിയിട്ടുണ്ട്. അത്തരത്തിലെ ക്രമവിരുദ്ധ നിയമനങ്ങളും ഉദ്യോഗകയറ്റവും വിശദമായി ടി അന്വേഷണ റിപ്പോർട്ടിൽ തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കളക്ഷൻ ഏജന്റുമാരായി അനധികൃത നിയമനം നടത്തിയശേഷം ടി വ്യക്തികൾക്ക് പെൻഷൻ ഫണ്ട്, വെൽഫെയർ ഫണ്ട്, ഓണം അഡ്വാൻസ് തുട

ങ്ങിയ ആനുകൂല്യങ്ങളും ബാങ്ക് നൽകിയിട്ടുണ്ട്.(അനുബന്ധം I A 25) മേൽ പാരമർശിക്കുന്ന പ്രകാരം സഹകരണ നിയമം, ചട്ടം, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ എന്നിവ കളുടെ ബോധപൂർവ്വമായ ലംഘനത്തിലൂടെ നിരവധി പേരെ അനധികൃതമായി കളക്ഷൻ ഏജന്റുമാരായി നിയമിച്ച് സംഘം ഫണ്ട് നഷ്ടപ്പെടുത്തിയ അതാത് കാലയളവിലെ ഭരണസമി തികൾക്കുമേൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## കണ്ടല സഹകരണ ആശുപത്രിയിലെ അനധികൃത നിയമനങ്ങൾ സംബന്ധിച്ച്

കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ അനധികൃത നിയമനങ്ങൾക്ക് സമാനമായ നിയമനങ്ങൾ ടി ബാങ്കിന്റെ അനുബന്ധ സ്ഥാപനമായ കണ്ടല സഹകരണ ആശുപത്രിയിലും നടന്നിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ഉൾപ്പെടുത്തുന്നു.

കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ നിയമാവലി വ്യവസ്ഥ 3(18) ൽ (അനുബന്ധം I A 1) അംഗങ്ങളുടെ ക്ഷേമകാര്യങ്ങളിലും ആതുരമേഖലയിലും ഉചിതമായി ഇടപെടുന്നതിലേ യ്ക്കായി ഗ്രാമീണ ആശുപത്രി, ക്ലിനിക്ക്, മെഡിക്കൽ സ്റ്റോർ തുടങ്ങിയവ നടത്താൻ വ്യവസ്ഥ ചെയ്ത് ബാങ്കിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് ബാങ്കിന് സാമ്പത്തിക ബാദ്ധ്യത വരുത്തരുതെന്നും പ്രതിപാദിച്ചിട്ടു ണ്ട്.

ബഹു സഹകരണ സംഘം രജിസ്ട്രാർ 02.06.2015 ൽ സി പി(3) /35979/11 നമ്പർ കത്ത് പ്രകാരം കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ അനുബന്ധ യൂണിറ്റായി കണ്ടല സഹക രണ ആശുപത്രി നടത്തുന്നതിനായുള്ള ഉപനിബന്ധനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട് (അ നുബന്ധം A 15). ടി ഉപനിബന്ധനയിലെ 9(1)-ാമത് വ്യവസ്ഥയിൽ "സഹകരണ സംഘം രജി സ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ 1969 ലെ കേരള സഹകരണ നിയമ വ്യവസ്ഥകൾ എന്നിവയ്ക്ക് പുറമേ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാ ക്കേണ്ടിവരുന്ന പക്ഷം ആയവയ്ക്കുള്ള ഉപനിബന്ധനകൾ തയ്യാറാക്കി സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടി നടപ്പിലാക്കേണ്ടതാണ്."എന്ന് പരാമർശിച്ചിട്ടുണ്ട്. ഇപ്ര കാരം സഹകരണ നിയമത്തിനും സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്നസർക്കു ലറുകൾക്കും വിധേയമായി മാത്രം പ്രവർത്തിക്കേണ്ട കണ്ടല സഹകരണ ആശുപത്രിയിൽ ക്രമ വിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നുകാണുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അനധികൃതവും, നിയമവിധേയമല്ലാതെയും അനവധി ജീവനക്കാരെ ആശുപത്രിയിൽ നിയമിച്ചുകാണുന്നു. 01.12.2014 ലും അതിനുശേഷവും ടി ആശുപത്രിയിൽ നിരവധി പേരെ നിയമവിരുദ്ധമായി സ്ഥിരജീവനക്കാരായി നിയമിച്ചിട്ടുള്ളതും ടിയാളുകൾക്ക് ശമ്പളനിരക്ക് ഉൾപ്പെടെയുള്ള സാമ്പ ത്തിക ആനുകൂല്യങ്ങൾ അനുവദിച്ച് നൽകി വരുകയുമാണ്. കൂടാതെ ദിവസവേതനത്തിലും മൊത്ത ശമ്പളവ്യവസ്ഥയിലും ക്രമവിരുദ്ധമായി അനവധി പേരെ ആശുപത്രിയിൽ നിയമിക്കു കയും ചെയ്തിട്ടുണ്ട്. കണ്ടല സഹകരണ ആശുപത്രിയിൽ 14 സ്ഥിരം ജീവനക്കാരെ നിയമിച്ച് ശമ്പളനിരക്ക് അനുവദിച്ച് നൽകി വരുന്നു. ബഹു സഹകരണ സംഘം രജിസ്ട്രാറുടെ 18/91

സർക്കുലർ പ്രകാരമുള്ള യാതൊരുവിധ നടപടിക്രമങ്ങളും പാലിക്കാതെയാണ് ടി 14 പേരെയും നിയമിച്ചിട്ടുള്ളത്. നിയമനം നൽകുമ്പോൾ തസ്തികയ്ക്കുള്ള അനുവാദവും വാങ്ങിയിട്ടില്ലാത്തതാണ്. കണ്ടല സഹകരണ ആശുപത്രിയ്ക്ക് സഹകരണ ചട്ടം 182 അനുബന്ധം III 8(2) പ്രകാരമുള്ള തസ്തികകൾ അനുവദിച്ചത് 11.12.2019 ൽ മാത്രമാണ്. ബഹു തിരുവനന്തപുരം ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന്റെ 11.12.2019 ലെ സി ആർ പി(1)/1458/2019/കെ ഡിസ് നമ്പർ ഉത്തരവ് പ്രകാരം (അനുബന്ധം I A 24) കണ്ടല സഹകരണ ആശുപത്രിയ്ക്ക് ആകെ 12 തസ്തികകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ടി തസ്തികകൾ ചുവടെ പറയുന്നവയാണ്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ജനറൽ മാനേജർ | 1 |
| 2 | ജൂനിയർ ക്ലർക്ക്/ജൂനിയർ കാഷ്യർ/ ടൈപ്പിസ്റ്റ്/ടെലിഫോൺ ഓപ്പറേറ്റർ/ റിസപ്ഷനിസ്റ്റ് | 2 |
| 3 | പ്യൂൺ | 1 |
| 4 | നൈറ്റ് വാച്ച്മാൻ/സെക്യൂരിറ്റി | 2 |
| 5 | മെഡിക്കൽ ആഫീസർ/ സീനിയർ ഡോക്ടർ | 1 |
| 6 | ജൂനിയർഡോക്ടർ | 1 |
| 7 | ഹെഡ് നഴ്സ്/ സ്റ്റാഫ് നഴ്സ്/ സീനിയർ നഴ്സ് | 1 |
| 8 | ജൂനിയർ നഴ്സ് | 1 |
| 9 | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| 10 | ക്ലീനേഴ്സ്, ലാസ്കർ/ സ്ട്രച്ചർ ബെയറർ/ വാർഡ് ബോയ് | 1 |
| ആകെ | | 12 |

എന്നാൽ ബാങ്കിൽ സേവനമനുഷ്ടിക്കുന്ന സ്ഥിരം ജീവനക്കാരുടെ പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു. (അനുബന്ധം I A 26)

| ക്രമ നമ്പർ | പേര് | തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതി | നിയമിച്ച ഭരണസമിതി തീരുമാനവും തീയതിയും | ശമ്പളനിരക്ക് അനുവദിച്ച തീയതി | തസ്തിക അനുവാദം ഉണ്ടോ | നിയമനം ക്രമപ്രകാരമാണോ | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| 1 | ആരതി എസ് ദേവ് | ജനറൽ മാനേജർ | 01.12.2014 | Res 73 18.11.2014 | 01.07.16 | ഉണ്ട് | അല്ല | തസ്തികയ്ക്ക് അനുമതി ലഭിക്കും മുമ്പേ അനധികൃത നിയമനം നൽകി അനർഹമായ ശമ്പളനിരക്കും അനുവദിച്ചു. |
| 2 | ഷീല വി | സെക്യൂരിറ്റി | 01.12.2014 | Res 78 18.11.2014 | 01.07.16 | ഉണ്ട് | അല്ല | |
| 3 | രജനി കെ എ | നൈറ്റ് വാച്ച്മാൻ | 01.12.2014 | Res 77 18.11.2014 | 01.07.17 | ഉണ്ട് | അല്ല | |
| 4 | അഖല്യ എ വി | ജൂനിയർ നഴ്സ് | 01.12.2014 | Res 81 18.11.2014 | 01.07.16 | ഉണ്ട് | അല്ല | |
| 5 | രതീഷ് വി എ | പ്യൂൺ | 02.12.2014 | Res 76 18.11.2014 | 01.07.17 | ഉണ്ട് | അല്ല | |
| 6 | ശ്രീകല എസ് | സ്ട്രെച്ചർ ബെയറർ | 01.12.2014 | Res 79 18.11.2014 | 01.07.16 | ഉണ്ട് | അല്ല | |
| 7 | ദിവ്യ എ എസ് | സ്റ്റാഫ് നഴ്സ് | 01.12.2014 | Res 80 18.11.2014 | 01.07.16 | ഉണ്ട് | അല്ല | |
| 8 | രാജലക്ഷ്മി റ്റി | റിസപ്ഷനിസ്റ്റ് | 01.12.2014 | Res 75 18.11.2014 | 01.07.16 | ഉണ്ട് | അല്ല | |
| 9 | ദീപ്തി പി എസ് | ഫാർമസിസ്റ്റ് | 01.01.2015 | Res 101 19.12.2014 | 01.07.16 | ഇല്ല | അല്ല | ഇല്ലാത്ത തസ്തികയിൽ നിയമനം. നടപടിക്രമങ്ങൾ പാലിക്കാതെയുള്ള നിയമനം. അനർഹമായി ശമ്പളനിരക്ക് അനുവദിച്ചു. |
| 10 | ഷിജി റോബിൻ എ എൽ | ഫാർമസി അസിസ്റ്റന്റ് | 01.01.2015 | Res 102 19.12.2014 | 01.07.16 | ഇല്ല | അല്ല | |
| 11 | ലിജി വൈ എസ് | ലാബ് ടെക്നീഷ്യൻ | 01.01.2015 | Res 104 19.12.2014 | 01.07.16 | ഇല്ല | അല്ല | |
| 12 | ഷീജ വി | ലാബ് അസിസ്റ്റന്റ് | 01.02.2015 | Res 114 16.01.2015 | 01.07.16 | ഇല്ല | അല്ല | |
| 13 | ബിന്ദു വി | ലാബ് ടെക്നീഷ്യൻ | 02.01.2015 | Res105 19.12.2014 | 01.07.16 | ഇല്ല | അല്ല | |
| 14 | ശോഭ എ ഡി | എക്സ് റേ ടെക്നീഷ്യൻ | 01.01.2015 | Res 103 19.12.2014 | 01.07.16 | ഇല്ല | അല്ല | |

കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ അനുബന്ധ സ്ഥാപനമായ കണ്ടല സഹകരണ ആശുപത്രിയിൽ ബഹു തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 11.12.2019 ലെ സി ആർ പി(1)/1458/2019/കെ ഡിസ് നമ്പർ ഉത്തരവ് പ്രകാരം (അനുബന്ധം I A 24) വകുപ്പ് അനുവദിച്ച് നൽകിയ തസ്തികകൾ 12 ആണ്. ഈ 12 തസ്തികകളിൽ 8 തസ്തികകളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. എന്നാൽ തസ്തികാനുവാദം ലഭിച്ചത് 11.12.2019 ൽ മാത്രമാണെന്നിരിക്കെ മേൽ പരാമർശിച്ച 8 പേരെയും 01.12.2014 ൽ നിയ

മിച്ചു. ബഹു സഹകരണ സംഘം രജിസ്ട്രാറുടെ 18/91, 79/11 എന്നീ സർക്കുലറുകളിൽ പ്രതിപാദിക്കുന്ന (അനുബന്ധം I A 11 & 1 A 12) യാതൊരുവിധ നിയമ നടപടി ക്രമങ്ങളും പാലിക്കാതെ തസ്തികയ്ക്ക് അനുവാദം ഇല്ലാത്ത 01.12.2014 ലാണ് ടി 8 പേരെയും (മേൽ പട്ടികയിലെ ക്രമനമ്പർ 1 മുതൽ 8 വരെ) നിയമിച്ചത്. അനധികൃത നിയമനങ്ങൾ ആണ് നടത്തി കാണുന്നത്. ടിയാളുകൾക്കെല്ലാം തസ്തികകൾക്ക് അംഗീകാരം ലഭിക്കുന്ന 11.12.2019 ന് മുമ്പ് തന്നെ ശമ്പളനിരക്ക് അനുവദിച്ച് സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിച്ചു നൽകി. നിയമനവും, ശമ്പളനിരക്ക് ഉൾപ്പെടെയുള്ള സാമ്പത്തിക ആനുകൂല്യങ്ങളും എല്ലാം ടി 8 പേർക്കും അനുവദിച്ചു നൽകിയതിനു ശേഷം 16.01.2016 ൽ 1725-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം മാത്രമാണ് തസ്തികകൾക്ക് അംഗീകാരത്തിനായി തീരുമാനം കൈക്കൊള്ളുന്നതുപോലും. ബാങ്ക് ഭരണസമിതിയുടെ സഹകരണ നിയമത്തേയും ചട്ടത്തേയും ലംഘിച്ചുകൊണ്ടുള്ള ബോധപൂർവ്വമായ മേൽ പരാമർശിച്ച നടപടികളിലൂടെ ആശുപത്രിയ്ക്കും അതുവഴി ബാങ്കിനും സാമ്പത്തിക നഷ്ടം വരുത്തി വച്ചിരിക്കുകയുമാണ്.

ഇതിനെല്ലാം പുറമേ തസ്തികാംഗീകാരം നാളിതുവരെയും വാങ്ങിയിട്ടില്ലാത്ത 6 തസ്തികകളിൽ (മേൽ പട്ടികയിലെ ക്രമ നമ്പർ 9 മുതൽ 14 വരെ) സഹകരണ നിയമം, ചട്ടം, രജിസ്ട്രാറുടെ 18/91, 79/11 എന്നീ സർക്കുലറുകൾ എന്നിവകളെ ബോധപൂർവ്വം ലംഘിച്ച് യാതൊരുവിധ നിയമന നടപടിക്രമങ്ങളും പാലിക്കാതെ അനധികൃതനിയമനം നടത്തുകയും ടിയാളുകൾക്ക് ശമ്പളനിരക്കുൾപ്പെടെ എല്ലാ വിധ സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിച്ചു നൽകിയും സഹകരണ ആശുപത്രിയ്ക്കും അതുവഴി ബാങ്കിനും നഷ്ടം വരുത്തി വച്ച് കുറ്റകരമായ അനാസ്ഥയും ഭരണകെടുകാര്യസ്ഥതയും ബാങ്കിലെ അതാത് ഭരണസമിതികൾ വരുത്തി വച്ചിരിക്കുകയുമാണ്.

മേൽ പരാമർശിച്ച അനധികൃതനിയമനങ്ങൾക്ക് പുറമേ മൊത്തശമ്പള വ്യവസ്ഥയിൽ 21 പേരെ സഹകരണ ആശുപത്രി നിയമിച്ചിട്ടുണ്ട്. നടപടി ക്രമങ്ങൾ യാതൊന്നും പാലിക്കാതെ നിയമിച്ച ടി 21 പേരുടെ പേര് വിവരവും നിലവിൽ കൈപ്പറ്റുന്ന പ്രതിമാസ മൊത്തവേതനവും ചുവടെ ചേർക്കുന്നു. (അനുബന്ധം I A 27)

| ക്രമ നമ്പർ | പേര് | മൊത്തശമ്പളം |
|---|---|---|
| 1 | ശോഭകുമാരി ബി | 15900 |
| 2 | മഞ്ജു ദേവ് വി എസ് | 15900 |
| 3 | അലീന എസ് | 15900 |
| 4 | രേഷ്മ രാജ് | 15900 |
| 5 | ശ്യാമള എസ് | 15650 |
| 6 | സബീന കെ | 15900 |
| 7 | അനീജ എൻ വി | 16400 |
| 8 | സരണ്യ വി എസ് | 15900 |
| 9 | ലക്ഷ്മി ബി എൽ | 15900 |
| 10 | വിദ്യ എസ് | 15900 |
| 11 | താര പി | 15900 |

| | | |
|---|---|---|
| 12 | ശ്രീപ എസ് പി | 14990 |
| 13 | ജയലക്ഷ്മി എസ് | 12000 |
| 14 | സുജാതകുമാരി | 12000 |
| 15 | മഞ്ജുഷ ദേവി | 12000 |
| 16 | പ്രിയ ബി വൈ | 12000 |
| 17 | ചിത്ര ജെ എം | 12000 |
| 18 | ബിന്ദു ബി എസ് | 14900 |
| 19 | രജിത വൈ ആർ | 14900 |
| 20 | വരുൺ എം എൽ | 12000 |
| 21 | അജിൻവേണു | 12000 |

ഇതിനും പുറമേ 300 രൂപ ദിവസവേതനത്തിൽ 3 പേരെയും 400 രൂപ ദിവസവേതനത്തിൽ 24 പേരെയും 500 രൂപ ദിവസവേതനത്തിൽ 5 പേരെയും ചേർത്ത് ആകെ 32 പേരെ ദിവസവേതനത്തിൽ അനധികൃതമായും നിയമിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച വിധം മൊത്തശമ്പളം നൽകി 21 പേരെയും, ദിവസവേതനം നൽകി 32 പേരെയും തസ്തികാംഗീകാരമില്ലാതെ സ്ഥിരം ജീവനക്കാരായി 6 പേരെയും നടപടിക്രമങ്ങൾ പാലിക്കാതെ സ്ഥിരം ജീവനക്കാരായി 8 (അനുബന്ധം I A 26) പേരെയും ബാങ്കിന്റെ അനുബന്ധ സ്ഥാപനമായ കണ്ടല സഹകരണ ആശുപത്രിയിൽ നിയമിച്ച ഭരണസമിതി ബോധപൂർവ്വം സഹകരണ നിയമത്തിലെയും ചട്ടത്തിലെയും രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേസങ്ങളെയും ലംഘിച്ചിട്ടുണ്ടെന്ന് കാണുന്നതോടൊപ്പം അനധികൃത നിയമനങ്ങൾ നടത്തി അനർഹമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ച് സഹകരണ ആശുപത്രിയെയും ബാങ്കിനെയും അതാത് കാലയളവിലെ ഭരണസമിതികൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ് എന്നും കാണുന്നു.

സഹകരണ സംഘങ്ങൾ നിക്ഷേപത്തിൽ നിന്നും സിൽബന്ധി ചെലവ് നടത്തിയാൽ അപ്രകാരം നൽകിയ തുക ബന്ധപ്പെട്ട ഭരണസമിതിയുടെ ബോധപൂർവ്വമായ വീഴ്ചയായി കണ്ട് ടി തുക സംഘത്തിന് നഷ്ടപ്പെടുത്തിയ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 73/2013 സർക്കുലറിൽ പരാമർശിച്ചിട്ടുണ്ട്.(അനുബന്ധം I A 28) തെറ്റായ ക്ലാസിഫിക്കേഷനിലൂടെയും അനധികൃത നിയമനങ്ങളിലൂടെയും അനധികൃത ഉദ്യോഗകയറ്റങ്ങളിലൂടെയും ബാങ്ക് അന്വേഷണത്തിന് നിർദ്ദേശിക്കപ്പെട്ടിരുന്ന കാലയളവിലാകെ നിക്ഷേപത്തിൽ നിന്നുമാണ് ശമ്പളം നൽകിയത്. അന്വേഷണ വിഷയങ്ങളിലെ ക്രമ നമ്പർ 2 ൽ ഇക്കാര്യം കൂടുതൽ വിശദമാക്കിയിട്ടുണ്ട്. ആകയാൽ ഓരോ വർഷവും സിൽബന്ധി ചിലവ് ഇനത്തിൽ നിക്ഷേപത്തിൽ നിന്നും തുക വകമാറ്റി സംഘത്തെ നഷ്ടപ്പെടുത്തി കാണുന്ന അതാത് ഭരണസമിതിയിൽ നിന്നും ടി തുക ഈടാക്കേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഓരോ ജീവനക്കാർക്കും ശമ്പളവും ആനുകൂല്യവും ഇനത്തിൽ അധികം നൽകിയ തുക പ്രത്യേകമായി കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല. 2005-06 വർഷം മുതൽ 31.12.2021 വരെ 22.22 കോടി രൂപ സിൽബന്ധി ചിലവ് ഇനത്തിൽ

നിക്ഷേപത്തിൽ നിന്നും വകമാറ്റി ജീവനക്കാർക്ക് അനർഹമായി ശമ്പളവും ആനുകൂല്യങ്ങളും നൽകാൻ വിനിനയോഗിച്ചിട്ടുണ്ട്.

**കണ്ടല സർവ്വീസ് സഹകരണ ബാങ്കിലും അനുബന്ധ സ്ഥാപനമായ കണ്ടല സഹകരണ ആശുപത്രിയിലും അനുമതി ഇല്ലാതെ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചതും നിയമനങ്ങളുമായി ബന്ധപ്പെട്ട മറ്റ് ക്രമക്കേടുകളുടെയും സംക്ഷിപ്തം**

1. അനുമതി ഇല്ലാതെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ അനധികൃതമായി 6 പേരെ നിയമിച്ചു.
2. ടിയാളുകളുടെ നിയമനത്തിന് ചട്ടപ്രകാരമുള്ള നിയമന നടപടിക്രമങ്ങൾ യാതൊന്നും പാലിച്ചില്ല.
3. ടിയാളുകൾക്ക് അനർഹമായി ശമ്പളനിരക്കും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിച്ചുനൽകി.
4. പ്രധാന ആഫീസ് ശാഖകൾ ഉൾപ്പെടെ 4 ശാഖകൾ ഉള്ളപ്പോൾ ആണ് 6 പേരെ പാർട്ട് ടൈം സ്വീപ്പറായി നിയമിച്ചത്.
5. വകുപ്പ് അനുമതി ഇല്ലാതെ ടി ആളുകൾക്ക് ഗ്രേഡ് അനുവദിച്ചു.
6. വകുപ്പ് അനുമതി ഇല്ലാതെ ടി ആളുകൾക്ക് ശമ്പള പരിഷ്കരണം അനുവദിച്ചു.
7. കളക്ഷൻ ഏജന്റ് തസ്തികകൾക്ക് അംഗീകാരം വാങ്ങാതെ നിരവധി പേരെ കളക്ഷൻ ഏജജന്റ് ആയി നിയമിച്ചു.
8. ഒരു സമയം 23 കളക്ഷൻ ഏജന്റുമാർ സേവനം അനുഷ്ടിച്ചിരുന്നത് പരിശോധനയിൽ കണ്ടു.
9. ടിയാളുകളുടെ നിയമനത്തിന് ചട്ടപ്രകാരമുള്ള നിയമന നടപടി ക്രമങ്ങൾ യാതൊന്നും പാലിച്ചില്ല.
10. ബഹു സർക്കാരിന്റെ 15.05.2015 ലെ ജി ഒ(പി) /87/15/സഹ നമ്പർ ഉത്തരവിനെ തെറ്റായി ബോധപൂർവ്വം വ്യാഖ്യനിച്ച് കളക്ഷൻ ഏജന്റുമാർക്ക് അനധികൃത ഉദ്യോഗകയറ്റം നൽകി.
11. ശമ്പള നിരക്ക് അനുവദിച്ചിട്ടില്ലാത്ത സെക്യൂരിറ്റി, അപ്രൈസർ തസ്തികകളിൽ നിയമനം നടത്തി ശമ്പള നിരക്ക് അനധികൃതമായി അനുവദിച്ചു.
12. മതിയായ വിദ്യാഭ്യാസയോഗ്യതയില്ലാത്ത ആളെ അപ്രൈസർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നൽകി നിയമിച്ചു.
13. കളക്ഷൻ ഏജന്റുമാർക്ക്, പ്യൂൺ, അറ്റന്റർ/സെയിൽസ്മാൻ, സെക്യൂരിറ്റി എന്നീ തസ്തികകളിലേയ്ക്ക് അനധികൃത ഉദ്യോഗകയറ്റം അനുവദിച്ചു.
14. ഗ്രേഡ്, ശമ്പള പരിഷ്കരണം എന്നിവ വകുപ്പ് അംഗീകാരമില്ലാതെ അനുവദിച്ചു.
15. പോഷകവിഭാഗത്തിൽ ഉൾപ്പെടാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് അനധികൃത ഉദ്യോഗകയറ്റം നൽകി
16. സഹകരണ ചട്ടം 185(10) ന് വിരുദ്ധമായി ജൂനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് നിരവധി പേർക്ക് ഉദ്യോഗകയറ്റം നൽകി.

17. സഹകരണ ചട്ടം 185(1) പ്രകാരം ഹ്രസ്വകാല പരിശീലന പരിപാടിയിൽ പങ്കെടുക്കാത്ത ജീവനക്കാർക്ക് ഉദ്യോഗകയറ്റവും വാർഷിക ഇൻക്രിമെന്റും അനുവദിച്ച് നൽകി ബാങ്കിന് നഷ്ടം വരുത്തി.
18. തെറ്റായി ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് നൽകി സംഘത്തിന് നഷ്ടം വരുത്തി
19. സഹകരണ ആശുപത്രിയിൽ വിവിധ ജോലികൾക്കായി ബാങ്ക് ഭരണ സമിതി നടത്തിയ 77 നിയമനങ്ങൾ സഹകരണ നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ എന്നികളിലെ വ്യവസ്ഥകൾ ലംഘിച്ചാണ്.
20. സഹകരണ ആശുപത്രിയിൽ അനധികൃത നിയമനങ്ങൾ നടത്തി അനർഹമായ ശമ്പളവും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിച്ച് നൽകി ആശുപത്രിയ്ക്കും ബാങ്കിനും ബോധപൂർവ്വം നഷ്ടം വരുത്തി.
21. സഹകരണ സംഘം രജിസ്ട്രാറുടെ 28/96, 73/2013 സർക്കുലറുകളെ ധിക്കരിച്ച് 22.22 കോടി രൂപ സിൽബന്ധി ചിലവ് ചെയ്ത് ബാങ്കിനെ നഷ്ടപ്പെടുത്തിയിരിക്കുന്നു. ആയത് അതാത് ഭരണസമിതികളുടെ വീഴ്ചയാണ്. ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുണ്ട്.

## 22. ബാങ്കിനെ 20.11.2012 മുതൽ റീ ക്ലാസിഫൈ ചെയ്യാത്തത് സംബന്ധിച്ച്

കണ്ടല സർവ്വീസ് സഹകരണ ബാങ്കിനെ ബഹു തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 11.09.2012 ലെ സി ആർ പി(1) /706/2012 നമ്പർ ഉത്തരവ് പ്രകാരം ബാങ്ക് ഭരണസമിതിയുടെ 10.11.2011 ലെ 698-ാം നമ്പർ തീരുമാനത്തിന് വിധേയമായി വായ്പാ സംഘങ്ങളുടെ വിഭാഗത്തിലെ ക്ലാസ് 1 ൽ ഉൾപ്പെടുത്തി തരംതിരിച്ച് അംഗീകാരം നൽകിയിരുന്നു.( അനുബന്ധം I A1)

എന്നാൽ ബഹു സർക്കാരിന്റെ 19.01.2013 ലെ ജി ഒ(പി)/12/2013/സഹ നമ്പർ ഉത്തരവ് പ്രകാരം വായ്പ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ മാനദണ്ഡം പുതുക്കി ഉത്തരവായതിനെ തുടർന്ന് ബഹു സഹകരണ സംഘം രജിസ്ട്രാർ 32/2013 (അനുബന്ധം 2 A 1) നമ്പരായി വായ്പ സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർ തരംതിരിക്കൽ നടത്തുന്നതിനായി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയും, ബഹു സഹകരണ സംഘം രജിസ്ട്രാറുടെ 32/13 സർക്കുലറിൽ വായ്പാ സംഘങ്ങളെല്ലാം 31.07.2013 ന് മുമ്പ് പുനർ ക്ലാസിഫിക്കേഷൻ നടത്തേണ്ടതുണ്ട് എന്നും പ്രതിപാദിക്കുകയും ചെയ്തിട്ടും കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ടി സർക്കുലർ വ്യവസ്ഥ പാലിച്ച് നാളിതുവരെ റീക്ലാസിഫൈ ചെയ്തിട്ടില്ല.

ക്ലാസ് 1 ആയി തരംതിരിക്കുന്നതിന് പരിഗണിക്കുന്നതിന് ഒരു സഹകരണ സംഘം ആർജ്ജിക്കേണ്ട മാനദണ്ഡങ്ങൾ ചുവടെ പരാമർശിക്കുന്നവയാണ്.

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | 20 കോടിയ്ക്കും 30 കോടിയ്ക്കും മദ്ധ്യേ |
| 2 | നിക്ഷേപം | 18 കോടി രൂപയിൽ കുറയാതെയും 26 കോടി രൂപയിൽ അധികരിക്കാതെയും ഉള്ള തുക |
| 3 | വായ്പാ ബാക്കിനിൽപ്പ് | 16 കോടി രൂപയും അതിന് മുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ ബി ഗ്രേഡിൽ കുറയാൻ പാടില്ല |
| 5 | ലാഭം | തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 2 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം |
| 6 | ഓഹരിയിൻമേലുള്ള ലാഭവിഹിതം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷമെങ്കിലും ഡിവിഡന്റ് പ്രഖ്യാപിക്കണം |
| 7 | കുടിശ്ശിക വായ്പ ശതമാനം | വായ്പകളിൻമേലുള്ള കുടിശ്ശിക ഡിവിഡന്റിന്റെ 25% ൽ അധികം കുടിശ്ശിക ആകാൻ പാടില്ല. |

ക്ലാസ് 1 വിഭാഗത്തിൽ തരംതിരിക്കുന്നതിന് മേൽ പരാമർശിച്ചവകളിൽ 1, 2, 3, 7 എന്നീ വ്യവസ്ഥകൾ നിർബന്ധമായി പാലിക്കേണ്ടതുണ്ട്. ബാക്കി നിബന്ധനകളിൽ ഏതെങ്കിലും രണ്ട് നിബന്ധനകളും നിർബന്ധമായി പാലിക്കേണ്ടതുമാണ്.

എന്നാൽ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് മേൽ പറഞ്ഞ നിബന്ധനകളിൽ 1, 2, 3 എന്നിവ മാത്രമാണ് 2019-20 ലെ ആഡിറ്റ് പ്രകാരം ആർജ്ജിച്ചിട്ടുള്ളത്. ആയത് പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

| SI.NO | ITEMS | CLASS I norms | NORMS SATISFIED | CLASS V norms | NORMS SATISFIED |
|---|---|---|---|---|---|
| 1 | WORKING CAPITAL | 20-30 CRORES | YES | 2-4CRORES | YES |
| 2 | DEPOSIT | 18-26 CRORES | YES | 1.5-3 CRORES | YES |
| 3 | LOANS | 16 CRORES AND ABOVE | YES | 1-3 CRORES | YES |
| 4 | AUDIT CLASIFICATION | FOR THE PREVIOUS THREE YEARS NOT LESS THAN B | NO | LATEST NOT LESS THAN C | YES |
| 5 | PROFIT | SHOULD HAVE WORKED ON PROFIT FOR TWO YEARS IMMEDIATELY PROCEEDING 5 YEARS | NO | | |
| 6 | DIVIDENT | ANY 1 YEAR DURING 3 YEAR | NO | | |
| 7 | OVER DUE | OVERDUE UNDER LOANS SHOULD NOT EXCEED 25% OF THE DEMAND | NO | OVERDUE UNDER LOANS SHOULD NOT EXCEED 35% OF THE DEMAND | YES |
| NOTE | | SI.NO 1,2,3 & 7 COMPULSORY AND ANY TWO OF THE REMAINING SHOULD SATISFIED FOR CLASIFICATION UNDER **CLASS I** | | SI.NO 1,2,3 COMPULSORY AND ANY 1 OF THE REMAINING SHOULD SATISFIED FOR CLASIFICATION UNDER **CLASS V** | |

2011- 12 വർഷം മുതൽ തുടർച്ചയായി അറ്റനഷ്ടത്തിലാണ് ബാങ്ക് പ്രവർത്തിച്ചു വരുന്നത്. ആയതിനാൽ തന്നെ കഴിഞ്ഞ 3 വർഷത്തിൽ ഒരു വർഷവും ഡിവിഡന്റ് പ്രഖ്യാപിക്കാൻ ബാങ്കിന് കഴിഞ്ഞിട്ടില്ലാത്തതുമാണ്. തൊട്ടുമുന്നത്തെ 3 വർഷങ്ങളിലും ബാങ്കിന്റെ ആഡിറ്റ് ക്ലാസിഫിക്കേഷൻ "സി"ആണ്. 2019-20 ആഡിറ്റ് പ്രകാരം വായ്പാ മുതലിൽ ഡിമാന്റിന്റെ 28.5% കുടിശ്ശികയുമാണ്. ആകയാൽ തന്നെ ക്ലാസ് 1 ആയി തരംതിരിക്കപ്പെടുന്നതിന് ആർജ്ജിക്കേണ്ടതായ യോഗ്യതകളിൽ 1, 2, 3 ഒഴികെ യാതൊന്നും ബാങ്ക് ആർജ്ജിച്ചിട്ടില്ലായെന്ന് വ്യക്തമാവുന്നതാണ്. ആകയാൽ ബാങ്കിന് ക്ലാസ് 1 ൽ തുടരാൻ അർഹതനഷ്ടപ്പെട്ടിട്ടുള്ളതാണ്. എന്നാൽ അനർഹമായ ക്ലാസിഫിക്കേഷനിൽ തുടർന്ന് വരികയാണ് ബാങ്ക്. ഭരണസമിതിയുടെ കെടുകാര്യസ്ഥതയും അനാസ്ഥയും കാരണം, ജീവനക്കാർക്ക് അർഹതയുള്ളതല്ലാത്ത ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയും ഭരണസമിതി അംഗങ്ങൾക്ക് അനർഹമായ ഓണറേറിയം, സിറ്റിംഗ് ഫീ എന്നിവ നൽകിയും ഭരണസമിതി ബാങ്കിനെ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. വർഷങ്ങളായി അറ്റനഷ്ടത്തിലും ഓരോ വർഷവും പ്രവർത്തന നഷ്ടത്തിലും പ്രവർത്തിച്ചു വരുന്ന ബാങ്കിന്റെ സിൽബന്ധി ചെലവിൽ സഹകരണ നിയമം വകുപ്പ് 80(6) 1-ാം പ്രൊവിസോ പ്രകാരം വെട്ടിച്ചുരുക്കൽ വരുത്തേണ്ടതുള്ളതായി കാണുന്നു. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ 28/96, 73/13 സർക്കുലർ പ്രകാരം (അനുബന്ധം I A 28) സംഘങ്ങൾ നിക്ഷേപത്തിൽ നിന്നും ജീവനക്കാർക്ക് ശമ്പളം നൽകാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ബാങ്കിന് പലിശ വരവിനേക്കാൾ തുടർച്ചയായ വർഷങ്ങളിൽ പലിശ ചെലവ് കൂടുതലാണ്.

2005-06 വർഷം മുതൽ 31.12.2021 വരെ 22.22 കോടി രൂപ സിൽബന്ധി ചിലവ് ഇനത്തിൽ നിക്ഷേപത്തിൽ നിന്നും വകമാറ്റി ജീവനക്കാർക്ക് അനർഹമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ വിനിയോഗിച്ചത സംബന്ധിച്ച വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

**PARTICULARS**

| S.NO. | YEAR | INTEREST INCOME | MISCELLANEOUS INCOME | INCOME TOTAL | ESTABLISHMENT | contigent expenses | INTEREST EXPENSE | EXPENSE TOTAL | EXCESS OF EXPENSE OVER INCOME |
|---|---|---|---|---|---|---|---|---|---|
| 1 | 2005-06 | 15103948 | 2965223 | 18069171 | 3773412 | 3483363 | 13770309 | 21027084 | 2957913 |
| 2 | 2006-07 | 16258443 | 3696195 | 19954638 | 4189472 | 3785423 | 19038527 | 27013422 | 7058784 |
| 3 | 2007-08 | 16351409 | 4145006 | 20496415 | 5242100 | 4483939 | 22377044 | 32103083 | 11606668 |
| 4 | 2008-09 | 29065075 | 4726852 | 33791927 | 6439131 | 4686819 | 20300751 | 31426701 | -2365226 |
| 5 | 2009-10 | 20369483 | 6086346 | 26455829 | 7997161 | 6087799 | 31816034 | 45900994 | 19445165 |
| 6 | 2010-11 | 28466808 | 10245520 | 38712328 | 9826846 | 17977454 | 55040058 | 82844358 | 44132030 |
| 7 | 2011-12 | 32385715 | 12640506 | 45026221 | 14009532 | 11681843 | 69643688 | 95335063 | 50308842 |
| 8 | 2012-13 | 33227758 | 15516288 | 48744046 | 13382166 | 12371219 | 76954334 | 102707719 | 53963673 |
| 9 | 2013-14 | 32591134 | 36891257 | 69482391 | 12412877 | 9628974 | 79845298 | 101887149 | 32404758 |
| 10 | 2014-15 | 59016248 | 32135387 | 91151635 | 13915159 | 6185345 | 95771384 | 115871888 | 24720253 |
| 11 | 2015-16 | 43775746 | 34985413 | 78761159 | 18928221 | 15666564 | 153360979 | 187955764 | 109194605 |
| 12 | 2016-17 | 61163934 | 33688649 | 94852583 | 18810410 | 24791980 | 145258076 | 188860466 | 94007883 |
| 13 | 2017-18 | 99216306 | 35506833 | 134723139 | 19625522 | 15094892 | 156623241 | 191343655 | 56620516 |
| 14 | 2018-19 | 71170960 | 37296725 | 108467685 | 17149137 | 16471899 | 149309164 | 182930200 | 74462515 |
| 15 | 2019-20 | 54589295 | 33410563 | 87999858 | 20080086 | 18730367 | 160004947 | 198815400 | 110815542 |
| 16 | 2020-21 | 71653722 | 40933404 | 112587126 | 19992393 | 13581567 | 161954873 | 195528833 | 82941707 |
| 17 | 2021-22(up to 31.12.21) | 53427589 | 15032398 | 68459987 | 16466168 | 2526668 | 18992836 | 37985672 | 30474315 |
| TOTAL | | | | 1097736138 | 222239793 | 187236115 | 1430061543 | 1839537451 | 802749943 |

ബാങ്കിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിശോദിക്കുമ്പോൾ ക്ലാസ് 5 ൽ തരംതിരിക്കുന്നതിന് വേണ്ടതായ യോഗ്യതകൾ മാത്രമെ കൈവരിച്ചും കാണുന്നുള്ളൂ. ബഹു.രജിസ്ട്രാറുടെ 32/13 സർക്കുലറിലെ 6-ാമത് വ്യവസ്ഥ പ്രകാരം(അനുബന്ധം 2 A 1) ടി ബാങ്കിനെ അടിയന്തിരമായി ക്ലാസ് 2 വിഭാഗത്തിലേയ്ക്ക് ഉൾപ്പെടുത്തി ക്ലാസിഫിക്കേഷൻ പുനർനിർണയിക്കേണ്ടതായുള്ളതും ഒരു വർഷ കാലാവധിയ്ക്ക് ശേഷവും ആവശ്യമായ യോഗ്യത കൈവരിക്കാൻ കഴിയില്ലെന്നതിനാൽ തന്നെ അർഹമായ ക്ലാസിഫിക്കേഷൻ നൽകി പുനർ നിർണയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമുണ്ട്.

ബാങ്കിന്റെ ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട ക്രമരഹിതമായ പ്രവർത്തനങ്ങൾ സംക്ഷിപ്ത മായി ചുവടെ ചേർക്കുന്നു.

1. സഹകരണ സംഘം രജിസ്ട്രാറുടെ 32/13 സർക്കുലർ പ്രകാരം ക്ലാസ് 1 ൽ തുടരാനുള്ള അർഹത ബാങ്കിന് നഷ്ടപ്പെട്ടിട്ടുണ്ട്.
2. 2019-20 ആഡിറ്റ് പ്രകാരം ബാങ്കിന് ക്ലാസ് 5 ൽ തുടരാനുള്ള അർഹതമാത്രമേ ഉള്ളു.
3. വർഷങ്ങളായി ബാങ്കിന്റെ പലിശ വരവിനേക്കാൾ പലിശ ചെലവ് കൂടുതലാണ്. ആകയാൽ തന്നെ നിക്ഷേപത്തിൽ നിന്നാണ് ബാങ്ക് ശമ്പളം നൽകി വരുന്നത്. രജിസ്ട്രാറുടെ 73/13 സർക്കുലർ പ്രകാരം നടപടി സ്വീകരിക്കേണ്ടതുണ്ട്.
4. ബാങ്കിന്റെ ക്ലാസിഫിക്കേഷൻ താഴ്ത്തി അടിയന്തിരമായി ഉത്തരവ് നൽകേണ്ടതുണ്ട്.
5. 2006-07 മുതൽ തൻചെലവ് ഇനത്തിലും സിൽബന്ധി ചെലവ് ഇനത്തിലും ഭാരിച്ച ചെലവ് കാണുന്നത് ബാങ്കിന്റെ ആസ്തി ശോഷണത്തിന് ഇടയായിട്ടുണ്ട്.
6. സഹകരണ സംഘം രജിസ്ട്രാറുടെ 73/2013 സർക്കുലറിനെ ധിക്കരിച്ച് 22.22 കോടി രൂപ സിൽബന്ധി ചിലവ് ചെയ്ത് ബാങ്കിനെ നഷ്ടപ്പെടുത്തിയിരിക്കുന്നു. ആയത് അതാത് ഭരണസമിതികളുടെ വീഴ്ചയാണ്. ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുണ്ട്.

## 3. ക്രമ പ്രകാരം അല്ലാതെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ

1969 ലെ കേരള സഹകരണ ചട്ടത്തിലെ ചട്ടം 54(1) പ്രകാരം " A Society may, with the previous sanction in writing of the Registrar, invest the whole or any part of its funds in the purchase or lease of land on the acquisition, construction or renewal of any building that may be necessary to conduct its business. The amount of the funds so invested shall be recouped on such terms as may be determinated in each case by the Registrar"എന്ന് പരാമർശിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച ചട്ടപ്രകാരം രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ മാത്രമേ കെട്ടിടനിർമ്മാണത്തിന് സംഘം ഫണ്ട് ചെലവഴിക്കാൻ പാടുള്ളൂ. എന്നാൽ ചട്ടം 54(1) ലെ വ്യവസ്ഥയെ ബോധപൂർവ്വം ലംഘിച്ച് കണ്ടല സർവ്വീസ് സഹകരണ ബാങ്കിലെ കാലാകാലങ്ങളിലെ ഭരണസമിതികൾ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും നിർമ്മാണ പ്രവർത്തന

ങ്ങൾക്കായി ബാങ്ക് ഫണ്ട് ദുർവിനിയോഗം ചെയ്തതായും കാണുന്നു. നിരവധി വർഷങ്ങളിൽ ബാങ്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബാങ്ക് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവർത്തനത്തിന് ബാങ്ക് ഫണ്ട് ചെലവഴിക്കുന്നതിന് വകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. ഇപ്രകാരം വകുപ്പ് അനുമതി കൂടാതെ ബാങ്ക് ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് അതാത് ആഡിറ്റിൽ തടഞ്ഞിട്ടുള്ളതാണ്. ബാങ്ക് 2006-2007 വർഷം മുതൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റി യതും ചെലവഴിച്ചതുമായ തുകകൾ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അനുബന്ധം 3 A 1)

| വർഷം | മുൻവർഷം വരെ ചെലവായത് | തൻവർഷം ചെലവ് | വർഷാവസാനം വരെ ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 2006-07 | 4935623 | | 4935623 | |
| 2007-08 | 4935623 | 4212500 | 9148123 | |
| 2008-09 | 9148123 | 800000 | 9948123 | |
| 2009-10 | 9948123 | 1034000 | 10982123 | |
| 2010-11 | 10982123 | 2488705 | 13470828 | |
| 2011-12 | 13470828 | 7449184 | 22509579 | Removed Rs 1589567 |
| 2012-13 | 22509579 | | 22509579 | |
| 2013-14 | 22509579 | | 22509579 | |
| 2014-15 | 22509579 | 3300000 | 25809579 | |
| 2015-16 | 25809579 | 100000 | 25909579 | Removed Rs10971308 |
| 2016-17 | 25909579 | 1560440 | 16498711 | |
| 2017-18 | 16498711 | 837000 | 17335711 | |
| 2018-19 | 17335711 | | 17335711 | |
| 2019-20 | 17335711 | 450000 | 17785711 | |
| 2020-21 | 17785711 | 203005 | 17988716 | |

കാലാകാലങ്ങളിൽ ബാങ്ക് യഥേഷ്ടം കെട്ടിടനിർമ്മാണത്തിനായി വൻതുക ചെലവഴിച്ചു കാണുന്നു. എന്നാൽ വകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെയാണ് ബാങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചതിന് കൃത്യമായ ഭരണസമിതിതീരുമാനങ്ങൾ ഉള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടില്ല. അതാത് കാലയളവിലെ ഭരണസമിതികൾ ടി ചട്ടവിരുദ്ധ പ്രവർത്തനങ്ങൾ ബോധപൂർവ്വം തന്നെ ചെയ്തിട്ടുള്ളതാണ്. (അനുബന്ധം 3 A 2) നിലവിലുള്ള ഭരണസമിതി ചുമതലയേൽക്കുന്നത് 21.12.2017 ൽ ആണ്. ടി ഭരണസമിതിയുടെ ഭരണ കാലയളവിലും മുൻ ഭരണസമിതികളുടെ കാലയളവിലേതുപോലെ കെട്ടിടനിർമ്മാണത്തിന് നിയമവിരുദ്ധമായി തുക ചെലവഴിച്ചിട്ടുണ്ട്. ബാങ്കിന്റെ അനുബന്ധ സ്ഥാപനമായ സഹകരണ ആശുപത്രിയിൽ

കെട്ടിടനിർമ്മാണത്തിനും അററകുറ്റപണിക്കുമായി 2017-18 ൽ 837000 രൂപയും 2019-20 ൽ 450000 രൂപയും ചെലവാക്കിയിട്ടുണ്ട്. 2016-17 ൽ 1560440 രൂപയാണ് ആശുപത്രികെട്ടിടനിർമ്മാണത്തിന് ചെലവഴിച്ചിട്ടുള്ളത്. 2020-21 ൽ 203005 രൂപയാണ് കെട്ടിട അറ്റ കുറ്റപണികൾക്കായി ചെലവഴിച്ചു കാണുന്നത്. ഇതിൽ 178406 രൂപ 31.03.2021 ൽ ചെലവഴിച്ചതാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ആയിരിക്കുമ്പോഴും കെട്ടിട അറ്റകുറ്റപണികൾക്ക് മുൻകൂർ അനുമതി കൂടാതെ വൻതുകയാണ് ചെലവഴിച്ചു കാണുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചുവെങ്കിലും ടി ഇനങ്ങളിലെ ചെലവുകൾ സംബന്ധിച്ച വിശദമായ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഫയലുകൾ ബാങ്ക് ലഭ്യമാക്കുകയുണ്ടായില്ല. ബാങ്കിൽ അത്തരത്തിൽ ഫയൽ സൂക്ഷിച്ചുവരുന്നില്ലെന്നറിയുന്നു. എന്നാൽ മേൽ പരാമർശിച്ചപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ ബാങ്ക് ബാങ്കിന്റെ വക കെട്ടിടങ്ങളുടെ വിലനിർണയം നടത്തി 22.12.2018 ൽ പി. ഡബ്ല്യു. ഡി ബിൽഡിംഗ് ഡിവിഷൻ തിരുവനന്തപുരം ജില്ല എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 220/EE/18-19 -ാം നമ്പരായി വിലനിർണയ സാക്ഷ്യപത്രം വാങ്ങിയിട്ടുണ്ട്(അനുബന്ധം 3 A 3). ടി വിലനിർണയ സാക്ഷ്യപത്ര പ്രകാരം കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ ആകെ വില 32647738/- രൂപയെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. വിലനിർണയ സാക്ഷ്യപത്രത്തിലെ കെട്ടിട ആസ്തിയുടെ വിലയെ അധികരിച്ച ചെലവ് ബാങ്ക് നടത്തിയതായി കാണുന്നില്ലായെങ്കിലും വിലനിർണയ സാക്ഷ്യപത്രം ലഭിച്ച ശേഷം വകുപ്പ് അനുമതി കൂടാതെ 08.05.2020 ൽ കെട്ടിടത്തിനുവേണ്ടി ചെലവഴിച്ച 450000 രൂപയും 2020-21 ൽ ചെലവഴിച്ച 203005 രൂപയും ബാങ്കിനെ നഷ്ടപ്പെടുത്തി കൊണ്ട് ബോധപൂർവ്വം ഭരണസമിതിയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്ന് ബോദ്ധ്യപ്പെടുന്നതാണ്. അതോടൊപ്പം സഹകരണ ചട്ടം 54(1) ന് വിരുദ്ധമായി കാലാകാലങ്ങളിലെ ഭരണസമിതികൾ രജിസ്ട്രാറുടെ മുൻകൂർ അനുമതി കൂടാതെ ഭീമമായ തുക ക്രമപ്രകാരമുള്ള ഭരണസമിതി തീരുമാനങ്ങളുടെ അഭാവത്തിൽ ചെലവഴിക്കാൻ അനുവദിച്ചതും ടി ഭരണസമിതികളുടെ ഭാഗത്ത് സംഭവിച്ചിട്ടുള്ള ബോധപൂർവ്വമായ വീഴ്ചയാണെന്നും കാണുന്നു.

ഇപ്രകാരം രജിസ്ട്രാറുടെ മുൻകൂർ അനുവാദം വാങ്ങാതെ സഹകരണ ചട്ടം 54(1) നെ ബോധപൂർവ്വം ധിക്കരിച്ചും ബാങ്കിന്റെ പൊതുഫണ്ട് കുറ്റകരമായും അനധികൃതമായും ക്രമപ്രകാരമല്ലാതെയും വിനിയോഗിച്ച് ബാങ്കിന് ബോധപൂർവ്വം നഷ്ടം വരുത്തിയും കാണുന്ന ബന്ധപ്പെട്ട ഭരണസമിതിയുടെ മേൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കാണുന്നു.

<u>ബാങ്കിന്റെ ക്രമപ്രകാരമല്ലാത്ത നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.</u>

1. സഹകരണ ചട്ടം 54(1) നെ ബോധപൂർവ്വം ധിക്കരിച്ച് നിരവധി വർഷങ്ങളിൽ അനവധി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി.
2. നിലവിലെ ഭരണസമിതിയിലെ കാലയളവിലും നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടത്തി ബാങ്കിന് നഷ്ടം വരുത്തി.

3. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ആയിരിക്കുമ്പോഴും കെട്ടിട അറ്റകുറ്റപണികൾക്കായി 2020-21 വർഷം 203005 രൂപ ചെലവഴിച്ചു. ഇതിൽ 178406 രൂപ 31.03.2021 ൽ ചെലവഴിച്ചതാണ്. വകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ടി ഇനത്തിൽ തുക ചെലവഴിച്ച് ബാങ്കിനെ നഷ്ടപ്പെടുത്തി കാണുന്നതിനാൽ ആയത് ബന്ധപ്പെട്ട ഭരണസമിതിയിൻമേൽ ചുമത്തേണ്ടതുണ്ട്.

## 4. മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിന് ബാങ്കിൽ നിന്നും നൽകിയ വായ്പ ആയതിലെ തിരിച്ചടവ്, മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ ഓഹരി വാങ്ങിയത് സംബന്ധിച്ച് സഹകരണ നിയമം ചട്ടം, സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ പാലിക്കാത്തത്

1969 ലെ കേരള സഹകരണ നിയമത്തിന് വിധേയമായി രജിസ്റ്റർ ചെയ്ത് പ്രവർത്തികകുന്ന ഒരു സഹകരണ സംഘത്തിന് രജിസ്റ്റർ ചെയ്ത് അംഗീകരിച്ച് നൽകുന്ന നിയമാവലിയിൽ ടി സംഘത്തിൽ ആർക്കൊക്കെ അംഗമാകാമെന്നും, ആർക്കൊക്കെ വായ്പ നൽകാമെന്നും സംഘത്തിന്റെ ഫണ്ട് ഏതെല്ലാം സ്ഥാപനങ്ങളിൽ നിക്ഷേപിക്കാമെന്നും വ്യവസ്ഥ ചെയ്യാറുണ്ട്.

കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് അംഗീകരിച്ച് രജിസ്റ്റർ ചെയ്ത് നൽകിയ നിയമാവലിയിലെ 5(എ) വ്യവസ്ഥ പ്രകാരം(അനുബന്ധം A 1.) ബാങ്കിന്റെ പ്രവർത്തനപരിധിയിൽ സ്ഥിരതാമസമോ, സ്ഥിരമായി തൊഴിൽ ചെയ്യുന്നവരോ ഭൂവുടമകളോ ആയ 18 വയസ്സിന് മേൽ പ്രായമുള്ള സ്വസ്തബുദ്ധിയുള്ളവരായ ആർക്കും ബാങ്കിൽ അംഗം ആകാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. നിയമാവലിയിലെ 56(ബി) വ്യവസ്ഥയിൽ (അനുബന്ധം A 1) ആവശ്യമെങ്കിൽ ജില്ലാ ബാങ്കിനോ, സംസ്ഥാന സർക്കാരിനോ ബാങ്കിൽ ഓഹരിയെടുക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാവലിയിലെ 17(2) വ്യവസ്ഥ പ്രകാരം സ്റ്റേറ്റ് ഗവൺമെന്റോ, സ്റ്റേറ്റ് സഹകരണ ബാങ്ക്, സിസ്ട്രിക്ട് സഹകരണ ബാങ്കോ എടുക്കുന്ന ഓഹരികൾ ബി ക്ലാസ് ഓഹരികളായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.(അനുബന്ധം A 1)അതോടൊപ്പം നിയമാവലിയിലെ 17(5) വ്യവസ്ഥ പ്രകാരം സി ക്ലാസ് ഓഹരികൾക്ക് പ്രവർത്തനപരിധി നിയന്ത്രിച്ചിട്ടില്ലാത്തതും അങ്ങനെയുള്ള അംഗങ്ങൾക്ക് വോട്ടവകാശം ഇല്ലാത്തതും ഒരു ഓഹരിയിൽ നിയന്ത്രിച്ചിട്ടുള്ളതുമാണെന്നും പരാമർശിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച നിയമാവലി വ്യവസ്ഥകളിൽ നിന്നും മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിന് കണ്ടല സർവ്വീസ് സഹകരണ ബാങ്ക് എ, ബി , സി എന്നീ വിഭാഗം അംഗത്വം യാതൊന്നും അനുവദിച്ചു നൽകാൻ കഴിയുന്നതല്ലാത്തതും മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിന് കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ അംഗത്വം നൽകിയിട്ടില്ലാത്തതുമാണ്.

എന്നാൽ സഹകരണ നിയമം വകുപ്പ് 59(1) പ്രകാരം അംഗങ്ങൾക്ക് മാത്രമേ ഒരു സംഘം വായ്പ നൽകാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗമല്ലാത്ത ഒരു സഹകരണ സംഘത്തിന് വായ്പ നൽകണമെങ്കിൽ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക അനുമതി വാങ്ങേണ്ടതുണ്ടെന്നും ടി വകുപ്പിൽ പരാമർശിച്ചിട്ടുണ്ട്. കണ്ടല സർവ്വീസ് സഹക

രണ ബാങ്കിന്റെ നിയമാവലിയിലെ 48-ാമത് വ്യവസ്ഥയിലും (അനുബന്ധം A1) അംഗങ്ങൾക്ക് മാത്രമേ വായ്പ കൊടുത്തുകൂടൂ എന്ന് പരാമർശിച്ചിട്ടുണ്ട്. ഇപ്രകാരം സഹകരണ നിയമത്തിലും സംഘം നിയമാവലിയിലും വ്യവസ്ഥകൾ നിലനിൽക്കെ പ്രസ്തുത വ്യവസ്ഥകളെ ബോധപൂർവ്വം ധിക്കരിച്ച് സംഘത്തിനെ നഷ്ടപ്പെടുത്തുകയെന്ന ഉദ്ദേശത്തോടെ കണ്ടല സർവ്വീസ് സഹകരണ ബാങ്ക്, മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിന് വായ്പ നൽകി കാണുന്നു. "ക്യാഷ് ക്രെഡിറ്റ്" വായ്പയായി നിരവധി വർഷങ്ങൾക്കു മുമ്പേ ടി ബാങ്ക് മാറനല്ലൂർ ക്ഷീരവ്യവസായ സംഘത്തിന് വായ്പ നൽകിയിട്ടുണ്ടെന്ന് മാത്രമല്ല ടി വായ്പാ കണക്കിൽ ശരാശരി 1 കോടിയ്ക്കും 2 കോടിയ്ക്കും ഇടയ്ക്കുള്ള തുക ബാക്കി നിൽപ്പും കാണാൻ കഴിയുന്നു. ടി ക്യാഷ് ക്രെഡിറ്റ് വായ്പ കണക്കിൽ മാറനല്ലൂർ ക്ഷീര വ്യവസായസംഘം തിരിച്ചടവ് നടത്താറുണ്ടെങ്കിലും ക്യാഷ് ക്രെഡിറ്റ് വായ്പയെന്ന നിലയിൽ ആവശ്യനുസരണം വായ്പ വീണ്ടും ബാങ്കിൽ നിന്നും കൈപ്പറ്റുകയും ചെയ്തു വരുന്നുണ്ട്. ഇപ്രകാരം കണ്ടല സർവ്വീസ് സഹകരണ ബാങ്ക് അനുവദിച്ചു നൽകിയിട്ടുള്ളതും ഇപ്പോഴും ഈടാക്കാൻ ബാക്കിനിൽപ്പുള്ളതുമായ തുകകൾ ഈടാക്കിയെടുക്കുന്നതിന് യാതൊരു നടപടിയും ബാങ്കിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചു കാണാത്തതും ടി ക്യാഷ് ക്രെഡിറ്റ് വായ്പയ്ക്ക് പലിശ ഈടാക്കാത്തതുവഴി ലക്ഷക്കണക്കിന് തുക കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് നഷ്ടമായികൊണ്ടിരിക്കുകയുമാണ്. ഓരോ വർഷവും മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിന് അനുവദിച്ച ക്യാഷ് ക്രെഡിറ്റ് വായ്പയുടെ ബാക്കിനിൽപ്പിൽ ക്രമാനുഗതമായ വർദ്ധനവ് കാണാനും കഴിയുന്നു. ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിന് ക്യാഷ് ക്രെഡിറ്റ് വായ്പ അനുവദിച്ച് നൽകിയിട്ടുള്ളത് (അനുബന്ധം 4 A 1 & A 2 ) എന്നതിനു പുറമേ 06.09.2016 ലെ 499-ാം നമ്പർ തീരുമാനപ്രകാരം 55 ലക്ഷം രൂപ സ്പെഷ്യൽ ക്യാഷ് ക്രെഡിറ്റ് അനുവദിക്കാൻ തീരുമാനിച്ചു എന്ന ഭരണസമിതി തീരുമാനത്തിൽ തിരുത്തൽ വരുത്തിയിട്ടുള്ളതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതിനെല്ലാം പുറമേ ബാങ്ക് നിയമാവലി വ്യവസ്ഥ 50(ഡി) പ്രകാരം ഒരംഗത്തിന് വാങ്ങാവുന്ന പരമാവധി വായ്പ തുക 10 ലക്ഷത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയും ലംഘിക്കപ്പെട്ടിരിക്കുകയാണ് (അനുബന്ധം A 1).

കണ്ടല സർവ്വീസ് സഹകരണ ബാങ്ക് മേൽ ഖണ്ഡികകളിൽ പരാമർശിച്ച നിയമ വിരുദ്ധവും ക്രമരഹിതവുമായ തരത്തിൽ ക്യാഷ് ക്രെഡിറ്റ് വായ്പയായി മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിന് അനുവദിച്ചു നൽകിയ തുകയിലെ 31.03.2020 ലെ ബാക്കിനിൽപ്പ് 20274690 രൂപയാണ്. ടി വായ്പയിലെ 16.12.2021 ലെ ബാക്കിനിൽപ്പ് 20465107 രൂപയുമാണ്(അനുബന്ധം 4 A 2& 4 A 3).മേൽ പരാമർശിച്ച 2.04 കോടിരൂപയുടെ ബാക്കിനിൽപ്പ് കൃത്യമായ പലിശ കണക്കാക്കാതെയുള്ള ബാക്കിനിൽപ്പ് ആകയാൽ ബാങ്കിന് ഭീമമായ പലിശ നഷ്ടവും സംഭവിച്ചിട്ടുണ്ട്.

2006-07 വർഷം മുതൽ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് മാറനല്ലൂർ ക്ഷീര വ്യവ സായ സഹകരണ സംഘത്തിന് അനുവദിച്ചു നൽകിയ ക്യാഷ് ക്രെഡിറ്റ് വായ്പ ബാക്കി നിൽപ്പ് വിശദാംശം ചുവടെ പട്ടിക രൂപത്തിൽ ചേർക്കുന്നു (അനുബന്ധം 4 A 4).

| വർഷം | ബാക്കിനിൽപ്പ് തുക |
|---|---|
| 2006-07 | 4526509 |
| 2007-08 | 7036448 |
| 2008-09 | 9249367 |
| 2009-10 | 10226698 |
| 2010-11 | 15106666 |
| 2011-12 | 16909155 |
| 2012-13 | 16968050 |
| 2013-14 | 16968575 |
| 2014-15 | 16378684 |
| 2015-16 | 16966577 |
| 2016-17 | 18459477 |
| 2017-18 | 18459477 |
| 2018-19 | 19466560 |
| 2019-20 | 20274690 |
| 01.04.2020 - 16.12.2021 | 20465107 |

മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിന് സഹകരണ നിയമത്തിനും സംഘം നിയമാവലിയ്ക്കും വിരുദ്ധമായി കണ്ടല സർവ്വീസ് സഹകരണ ബാങ്ക് വായ്പ അനുവദിച്ചതിന് പുറമേ ടി ക്ഷീര വ്യവസായ സംഘത്തിൽ ബാങ്ക് ഓഹരിയിൽ 5 ലക്ഷം രൂപ വരെ അനധികൃതമായി നിക്ഷേപവും നടത്തിയിട്ടുണ്ട്.

സഹകരണ നിയമത്തിൽ വകുപ്പ് 57 പ്രകാരം

A Society may invest or deposit its funds –

a) In Government Savings bank or
b) in any of the securities specified in 5.20 of the Indian Trust Act 1882 or
c) in the shares or securities of any other societies approved for the purpose by the Registrar by General or special order or
d) in any bank approved for the purpose by the Registrar or
e) in any other prescribed manner.

എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ടി നിയമത്തിലെ വകുപ്പ് 57(സി) പ്രകാരം മറ്റൊരു സംഘത്തിൽ തുക നിക്ഷേപിക്കണമെങ്കിൽ സഹകരണ സംഘം രജിസ്ട്രാറുടെ പൊതുവായതോ പ്രത്യേകമായതോ ആയ അനുവാദം വേണം. ഇതിനെല്ലാം പുറമേ ബാങ്ക് നിയമാവലി വ്യവസ്ഥ 91 പ്രകാരം നീക്കിയിരിപ്പായി സൂക്ഷിക്കാൻ അനുവദിച്ചിട്ടുള്ള തുകയിൽ അധികരിച്ച തുക രജിസ്ട്രാർ അംഗീകരിക്കുന്ന ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ് എന്നും വിപക്ഷിച്ചിട്ടുണ്ട്. എന്നാൽ സഹകരണ നിയമം വകുപ്പ് 57(സി), സംഘം നിയമാവലി വ്യവസ്ഥ 91 എന്നിവകളെ

ബോധപൂർവ്വം ലംഘിച്ച് സംഘം ഭരണസമിതി മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ ഓഹരിയിനത്തിൽ 5 ലക്ഷം രൂപ നിക്ഷേപിക്കുകയും ചെയ്തിരിക്കുന്നു.

മേൽ പരാമർശിക്കുന്ന തരത്തിൽ സഹകരണ നിയമം, ചട്ടം, സംഘം നിയമാവലി വ്യവസ്ഥകൾ എന്നിവകളെ ബോധപൂർവ്വം ലംഘിച്ചും സംഘത്തിൽ നഷ്ടമുണ്ടാക്കുകയെന്ന ഗൂഢ ലക്ഷ്യത്തോടെ തന്നെ 2 കോടിയിൽ അധികം രൂപ അനധികൃതമായി ക്യാഷ് ക്രെഡിറ്റ് വായ്പയായി മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിന് അനുവദിച്ചും 5 ലക്ഷം രൂപ ക്രമരഹിതമായി മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിലെ ഓഹരിയിൽ നിക്ഷേപിച്ചും, കൃത്യമായി ക്യാഷ് ക്രെഡിറ്റ് വായ്പയ്ക്ക് പലിശ കണക്കാക്കി ഈടാക്കാതെയും കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് ഭീമമായ നഷ്ടം മനഃപൂർവ്വം വരുത്തിവച്ച അതാത് കാലയളവിലെ ഭരണസമിതികൾക്കുമേൽ നിയമാനുസൃതം സ്വീകരിക്കാനാവുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് കാണുന്നു. മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘം സെക്രട്ടറിയെ അന്വേഷണത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് 65(2)(ബി) യ്ക്ക് വിധേയമായി നേരിൽ കേട്ട് വിവരങ്ങൾ ബോദ്ധ്യപ്പെടുന്നതിനായി ബാങ്ക് പ്രധാന ആഫീസിൽ 05.01.2022 ന് രാവിലെ 11 മണിയ്ക്ക് ഹാജരാകാൻ നിർദ്ദേശിച്ചിട്ടുള്ളതും (അനുബന്ധം 4 A 5.) ടിയാൻ അന്നേദിവസം ഹാജരായിട്ടുള്ളതും മൊഴി നൽകിയിട്ടുള്ളതുമാണ്. ടിയാന്റെ മൊഴി പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.(അനുബന്ധം 4 A 6). ടിയാന്റെ മൊഴി വിശകലനം ചെയ്യുമ്പോൾ കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് ശ്രീ ഭാസുരാംഗൻ തന്നെയാണ് മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ പ്രസിഡന്റും എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ക്യാഷ് ക്രെഡിറ്റ് വായ്പയും, ഓഹരി നിക്ഷേപവും ആയി 2 കോടി രൂപയിൽ അധികരിച്ച് അനധികൃതമായി മാറനല്ലൂർ ക്ഷീരവ്യവസായ സംഘത്തിന് അനുവദിച്ച് കൃത്യമായി പലിശപോലും കണക്കാക്കി ഈടാക്കാതെ ബാങ്കിനെ നഷ്ടപ്പെടുത്തിയതിൽ ബാങ്ക് പ്രസിഡന്റ് ശ്രീ ഭാസുരാംഗന് വ്യക്തമായ പങ്ക് ഉണ്ടെന്നും ബോദ്ധ്യപ്പെടുന്നതാണ്.

<u>മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിന് വായ്പ അനുവദിച്ചതുമായിബന്ധപ്പെട്ട ക്രമക്കേട് സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.</u>

1. സഹകരണ നിയമം വകുപ്പ് 59(1), സംഘം നിയമാവലി വ്യവസ്ഥകൾ എന്നിവകൾക്ക് വിരുദ്ധമായി മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘത്തിന് അനധികൃതമായി വായ്പ അനുവദിച്ചു നൽകി ബാങ്കിന് നഷ്ടമുണ്ടാക്കി.
2. 16.12.2021 ൽ 2.04 കോടി രൂപ ടി ഇനത്തിൽ ബാക്കിനിൽപ്പുള്ളത് ഈടാക്കാൻ ബാങ്ക് നടപടി സ്വീകരിച്ചിട്ടില്ല.
3. ബാങ്ക് നൽകിയ ടി വായ്പയ്ക്ക് ജനിച്ച പലിശ പൂർണമായും കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും ആയത് കൂടി കണക്കാക്കുമ്പോൾ ഭീമമായ തുക ടി സ്ഥാപനത്തിൽ നിന്നും ഈടാക്കാൻ ബാക്കിനിൽക്കുന്നു.
4. അനധികൃതമായും സഹകരണ നിയമം വകുപ്പ് 57(സി) യ്ക്ക് വിരുദ്ധമായും മാറനല്ലൂർ ക്ഷീര വ്യവസായ സംഘത്തിന്റെ ഓഹരിയിൽ 5 ലക്ഷം രൂപ നിക്ഷേപിച്ച് ബാങ്കിന് നഷ്ടമുണ്ടാക്കി.

5. ബാങ്ക് പ്രസിഡന്റ് തന്നെയാണ് വർഷങ്ങളായി മാറനല്ലൂർ ക്ഷീരവ്യവസായ സംഘത്തിന്റെ പ്രസിഡന്റും എന്ന് കാണുന്നത് ടി വായ്പ ഓഹരി ഇടപാടിലെ ക്രമക്കേടിന്റെ ആഴം വർദ്ധിപ്പിക്കുന്നു.

**5. ബാങ്കിന്റെ ധനസ്ഥിതി, ബാങ്കിന്റെ വായ്പാ വിതരണം, എം ഡി എസ് നടത്തിപ്പ്, നിക്ഷേപങ്ങൾ സ്വീകരിക്കൽ, നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകൽ എന്നിവ വഴി ബാങ്കിനുണ്ടായ ആസ്തി ശോഷണം.**

**i) സാമ്പത്തിക സ്ഥിതി**

ബാങ്കിന്റെ 2005-2006 വർഷം മുതലുള്ള സാമ്പത്തിക സ്ഥിതി വിവരം സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

KANDALA SERVICE CO-OPERATIVE BANK LTD T 197
FINANCIAL POSITION AS ON 31.3.2006

| LIABILITY | AMOUNT | ASSET | AMOUNT |
|---|---|---|---|
| SHARE CAPITAL | 5180230 | CASH | 8220440 |
| BORROWINGS | 113335211 | LOAN | 172692191 |
| DEPOSIT | 108261940 | INVESTMENTS | 1309200 |
| OTHER LIABILITY | 26098455 | OTHER ASSET | 37668951 |
| DUE BY | 95348749 | DUE TO | 128341998 |
| NET PROFIT | 8195 | | |
| | | | |
| **TOTAL** | **348232780** | **TOTAL** | **348232780** |

FINANCIAL POSITION AS ON 31.3.2007

| 0114300053 | Mr. MANOHARAN NAIR | 195,000.00 |
| 0114400053 | Mr. MANOHARAN NAIR | 195,000.00 |
| 0114800084 | Mr. MANOHARAN NAIR | 200,000.00 |
| 0114900084 | Mr. MANOHARAN NAIR | 200,000.00 |
| | **TOTAL** | 1,210,000.00 |
| 0305600043 | Mr. RANGESH R PILLA | 360,000.00 |
| 0305700043 | Mr. RANGESH R PILLA | 360,000.00 |
| 0114800083 | Mr. RANGESH.R.PILLAI | 190,000.00 |
| 0114900083 | Mr. RANGESH.R.PILLAI | 190,000.00 |
| | **TOTAL** | 1,100,000.00 |
| 0117900002 | Mr. SANIL A | 12,500.00 |
| 0117900003 | Mr. SANIL A | 50,000.00 |
| 0118000002 | Mr. SANIL A | 12,500.00 |
| 0118000003 | Mr. SANIL A | 50,000.00 |
| 0118100002 | Mr. SANIL A | 12,500.00 |
| 0118100003 | Mr. SANIL A | 50,000.00 |
| 0118200002 | Mr. SANIL A | 12,500.00 |
| 0118200003 | Mr. SANIL A | 50,000.00 |
| 0116300028 | Mr. SANIL.A. | 30,000.00 |
| 0116300029 | Mr. SANIL.A. | 30,000.00 |

| | | |
|---|---|---|
| 0116300030 | Mr. SANIL.A. | 30,000.00 |
| 0116400028 | Mr. SANIL.A. | 30,000.00 |
| 0116400029 | Mr. SANIL.A. | 30,000.00 |
| 0116400030 | Mr. SANIL.A. | 30,000.00 |
| | **TOTAL** | 400,000.00 |
| 0114000041 | Mr. SOSH KUMAR.B.L | 325,000.00 |
| 0114000042 | Mr. SOSH KUMAR.B.L | 350,000.00 |
| 0114100041 | Mr. SOSH KUMAR.B.L | 325,000.00 |
| 0114100042 | Mr. SOSH KUMAR.B.L | 350,000.00 |
| | **TOTAL** | 1,350,000.00 |
| 0108800080 | Mr. SUDHEER | 345,000.00 |
| 0108900080 | Mr. SUDHEER | 345,000.00 |
| 0403500068 | Mr. SUDHEER | 480,000.00 |
| 0403600068 | Mr. SUDHEER | 480,000.00 |
| | **TOTAL** | 1,650,000.00 |
| 0209700002 | Mr. SUNI KUMAR | 20,000.00 |
| 0116000031 | Mr. SUNIL KUMAR | 300,000.00 |
| 0116000032 | Mr. SUNIL KUMAR | 300,000.00 |
| 0116000033 | Mr. SUNIL KUMAR | 300,000.00 |
| 0116700031 | Mr. SUNIL KUMAR | 30,000.00 |
| 0116800031 | Mr. SUNIL KUMAR | 30,000.00 |
| 0117900028 | Mr. SUNIL KUMAR | 150,000.00 |
| 0118000028 | Mr. SUNIL KUMAR | 150,000.00 |
| 0118100028 | Mr. SUNIL KUMAR | 150,000.00 |
| 0118200028 | Mr. SUNIL KUMAR | 150,000.00 |
| 0118300003 | Mr. SUNIL KUMAR | 60,000.00 |
| 0118400003 | Mr. SUNIL KUMAR | 60,000.00 |
| 0403500020 | Mr. SUNIL KUMAR | 20,000.00 |
| 0403600020 | Mr. SUNIL KUMAR | 20,000.00 |
| | **TOTAL** | 1,740,000.00 |
| 0115700036 | Mr. SURENDRAN NAIR | 160,000.00 |
| 0115700037 | Mr. SURENDRAN NAIR | 340,000.00 |
| 0403500092 | Mr. SURENDRAN NAIR | 410,000.00 |
| 0403600092 | Mr. SURENDRAN NAIR | 415,000.00 |
| | **TOTAL** | 1,325,000.00 |
| 0114000016 | Mr. SURESH.J | 315,000.00 |
| 0114100016 | Mr. SURESH.J | 315,000.00 |
| 0403100031 | Mr. SURESH.J | 220,000.00 |
| 0403500047 | Mr. SURESH.J | 45,000.00 |
| 0403600047 | Mr. SURESH.J | 45,000.00 |
| | **TOTAL** | 940,000.00 |
| 0114300045 | Mr. THAJUDEEN.M | 320,000.00 |
| 0114400045 | Mr. THAJUDEEN.M | 320,000.00 |
| 0116700050 | Mr. THAJUDHEEN.M | 260,000.00 |
| 0116800050 | Mr. THAJUDHEEN.M | 260,000.00 |
| | **TOTAL** | 1,160,000.00 |
| 0114300077 | Mr. VINOD | 40,000.00 |
| 0114400077 | Mr. VINOD | 40,000.00 |
| 0403500061 | Mr. VINOD | 445,000.00 |
| 0403600061 | Mr. VINOD | 445,000.00 |
| | **TOTAL** | 970,000.00 |
| 0114700028 | Mrs. INDHIRA BHAI.R | 380,000.00 |
| 0114700034 | Mrs. INDHIRA BHAI.R | 380,000.00 |
| 0403100089 | Mrs. INDHIRA BHAI.R | 225,000.00 |
| 0403100090 | Mrs. INDHIRA BHAI.R | 225,000.00 |
| 0403100091 | Mrs. INDHIRA BHAI.R | 225,000.00 |

| | | |
|---|---|---|
| | **TOTAL** | 1,435,000.00 |
| 0305300022 | Mrs. JAYA KUMARI | 130,000.00 |
| 0305400022 | Mrs. JAYA KUMARI | 130,000.00 |
| 0114000029 | Mrs. JAYA KUMARI | 230,000.00 |
| 0114100029 | Mrs. JAYA KUMARI | 230,000.00 |
| 0114800099 | Mrs. JAYA KUMARI | 155,000.00 |
| 0114900099 | Mrs. JAYA KUMARI | 155,000.00 |
| 0116700011 | Mrs. JAYA KUMARI | 180,000.00 |
| 0116800011 | Mrs. JAYA KUMARI | 180,000.00 |
| 0404400019 | Mrs. JAYA KUMARI | 45,000.00 |
| 0209000020 | Mrs. JAYA KUMARI | 155,000.00 |
| 0209000096 | Mrs. JAYA KUMARI | 40,000.00 |
| 0209100020 | Mrs. JAYA KUMARI | 155,000.00 |
| 0209100096 | Mrs. JAYA KUMARI | 40,000.00 |
| 0209700025 | Mrs. JAYA KUMARI | 10,000.00 |
| 0209800025 | Mrs. JAYA KUMARI | 10,000.00 |
| | **TOTAL** | 1,845,000.00 |

തീർന്ന എം ഡി എസുകളിലെ ബാക്കിനിൽപ്പ് തുകകൾ എം ഡി വായ്പയാക്കി മാറ്റിയിട്ടുണ്ടെങ്കിലും ഇതിൽ 97 വായ്പകൾക്ക് മാത്രമാണ് ആർബിട്രേഷൻ കേസ് ഫയൽ ചെയ്ത് കാണുന്നത്. അതിൽ തന്നെ എക്സിക്യൂഷൻ ഫയൽ ചെയ്തത് വെറും 6 കേസുകൾ മാത്രമാണ്. ഇപ്രകാരം ആർബിട്രേഷൻ എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്യാൻ പോലും ബാങ്ക് താൽപര്യപ്പെടാത്തതിൽ നിന്നും തീർന്ന എം ഡി എസുകളിൽ ഈടാക്കാൻ ബാക്കിനിൽക്കുന്ന തുകകൾ നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുണ്ടെന്നും കാണുന്നു. കൂടാതെ സഹകരണ നിയമം വകുപ്പ് 69(എ) ൽ പരാമർശിക്കുന്നതും ഷെഡ്യൂൾ 3 ൽ പ്രതിപാദിക്കുന്നതുമായ സമയപരിധി കഴിഞ്ഞതിനാൽ തന്നെ മേൽ പരാമർശിച്ച ബഹു ഭൂരിപക്ഷം ഇനങ്ങളിലും എം ഡി എൽ കളിലും ആർബിട്രേഷൻ കേസ് നിയമപരമായി ഫയൽ ചെയ്യാൻ ബാങ്കിന് കഴിയുന്നതല്ലെന്നും കാണുന്നു. ഇപ്രകാരം ബോധപൂർവ്വം ബാങ്ക് വക ഫണ്ട് ദുർവിനിയോഗം ചെയ്ത് ബാങ്കിന് നഷ്ടം വരുത്തിയ കാലാകാലങ്ങളിലെ ബന്ധപ്പെട്ടവരിൽ നിന്നും ബാങ്കിനുണ്ടായ നഷ്ടം ഈടാക്കേണ്ടതുണ്ടെന്നും കാണുന്നു. എം ഡി എസ് നടത്തിപ്പ് സംബന്ധിച്ച് ടി സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരി സ്മിത നൽകിയ മൊഴി റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നുണ്ട്. (അനുബന്ധം 5(iv)1)

**V )നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകൽ**

കണ്ടല സർവ്വീസ് സഹകരണ ബാങ്ക് സ്ഥിര നിക്ഷേപം സ്വീകരിക്കുമ്പോൾ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം പരമാവധി നൽകാവുന്ന പലിശയെ അധികരിച്ച് പലിശ നൽകി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണത്തിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ച ശേഷവും അധികപലിശ നൽകി പുതിയ സ്ഥിര നിക്ഷേപം സ്വീകരിക്കുകയാണ്. അന്വേഷണം നടക്കുമ്പോൾ പോലും സ്ഥിര നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകൽ ബാങ്ക് തുടർന്ന് വരികയാണ്. ഇപ്രകാരം അധിക പലിശ നൽകുന്നത് ഒരു അന്വേഷണ വിഷയമായിട്ട് പോലും ടി അന്വേഷണ ഉത്തരവിനെ തന്നെ ബോധപൂർവ്വം ധിക്കരിക്കുന്ന തരത്തിലെ പ്രവൃത്തിയാണ് ഇക്കാര്യത്തിൽ ബാങ്കിന്റെ ഭാഗത്ത് സംഭവിച്ചുകാണുന്നത്. സ്ഥിര നിക്ഷേപത്തിന് 01.12.2013 മുതൽ നൽകിയ അധികപലിശ വിവരം ഈ റിപ്പോർട്ടിൽ വിശദമായി ഉൾപ്പെടുത്തുന്നുണ്ട്. സ്ഥിരനിക്ഷേപം അമിത പലിശനൽകി സ്വീകരിക്കുന്നതിന് പുറമേ

"സൗഭാഗ്യ നിക്ഷേപ" മെന്നപേരിൽ 70 മുതൽ 96 മാസം വരെ നിശ്ചിത കാലാവധിയിൽ നിക്ഷേപം ഇരട്ടിയ്ക്കുന്ന പദ്ധതിയും ബാങ്ക് നടത്തി വരുന്നു. " ഇരട്ടിക്കൽ" പദ്ധതിയിൽ നിക്ഷേപം സ്വീകരിക്കുമ്പോഴും ബാങ്ക് അധിക പലിശ വാഗ്ദാനം ചെയ്യുകയാണ്. സഹകരണ സംഘം രജിസ്ട്രാറുടെ 3/2013 സർക്കുലർ (അനുബന്ധം 5(v)2) പ്രകാരം സഹകരണസംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകിയിട്ടുണ്ടെങ്കിൽ ആയത് സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടിവിൽ നിന്ന് ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ രജിസ്ട്രാറുടെ 48/2013 സർക്കുലർ (അനുബന്ധം 5(v)3) പ്രകാരം സ്ഥിരനിക്ഷേപങ്ങൾക്ക് അധിക പലിശ നൽകുന്നത് ശ്രദ്ധയിൽപെട്ടാലുടൻ അത്തരം സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ സസ്പെന്റ് ചെയ്തു കൊണ്ട് ഉത്തരവ് നൽകേണ്ടതും, നിയമാനുസൃത ഉത്തരവുകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയാൽ അത്തരത്തിലുള്ള ഭരണസമിതിക്കെതിരെ സഹകരണ നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് നിശ്ചയിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കാറുള്ളതുമാണ്. ടി എല്ലാ സർക്കുലറുകളിലും സ്ഥിര നിക്ഷേപത്തിന് അധിക പലിശ നൽകുന്ന സംഘങ്ങളുടെ നിക്ഷേപം സ്വീകരിക്കാനുള്ള അധികാരം റദ്ദ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. കണ്ടല സർവ്വീസ് സഹകരണ ബാങ്ക് വർഷങ്ങളായി സ്ഥിരനിക്ഷേപങ്ങൾക്ക് അധിക പലിശ നൽകി വരുന്നുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരമുള്ള പരമാവധി പലിശ നിരക്കിനെ അധികരിച്ച് അധിക പലിശ നൽകുന്നതിന് ബാങ്ക് ഭരണസമിതി തീരുമാനംകൈക്കൊണ്ടിട്ടുള്ളതും (അനുബന്ധം 5(v)1) പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. 01.12.2013 മുതൽ സ്ഥിര നിക്ഷേപങ്ങൾക്ക് പരമാവധി നൽകാൻ കഴിയുന്ന പലിശ നിരക്ക് ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാർ സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുള്ളത് പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

| സർക്കുലർ നമ്പർ | കാലയളവ് | പരമാവധി പലിശ നിരക്ക് |
|---|---|---|
| 72/2013 | 01.12.2013 മുതൽ 31.12.2014 | 10.5 |
| 62/2014 | 01.01.2015 മുതൽ 11.06.2015 | 10 |
| 30/2015 | 12.06.2015 മുതൽ 02.10.2015 | 9.75 |
| 42/2015 | 03.10.2015 മുതൽ 31.05.2016 | 9.25 |
| 15/2016 | 01.06.2016 മുതൽ 31.12.2016 | 8.5 |
| 2/2017 | 01.01.2017 മുതൽ 12.06.2017 | 9 |
| 30/2017 | 13.06.2017 മുതൽ 15.12.2017 | 8.5 |
| 52/2017 | 16.12.2017 മുതൽ 09.01.2018 | 8.25 |
| 1/2018 | 10.01.2018 മുതൽ 31.03.2018 | 8.5 |
| 32/2018 | 01.04.2018 മുതൽ 23.01.2019 | 8.25 |
| 4/2019 | 24.01.2019 മുതൽ 28.02.2019 | 8.25 |
| 10/2019 | 01.03.2019 മുതൽ 31.03.2019 | 8.5 |
| 4/2019 | 01.04.2019 മുതൽ 24.07.2019 | 8.25 |
| 29/2019 | 25.07.2019 മുതൽ 09.10.2019 | 8 |
| 40/2019 | 10.10.2019 മുതൽ 21.05.2020 | 7.75 |
| 43/2020 | 22.05.2020 മുതൽ 21.01.2021 | 7.25 |
| 5/2021 | 22.01.2021 മുതൽ | 6.75 |

ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം മുതിർന്ന പൗരൻമാർക്ക് 0.5% അധിക പലിശ നൽകുന്നതിന് അനുവാദം ഉണ്ട്. എന്നാൽ മുതിർന്ന പൗരനാണ് എന്ന് തെളിയിക്കുന്നതിന് ആശ്രയിക്കാവുന്ന രേഖകൾ ബാങ്ക് വാങ്ങി സൂക്ഷിച്ചിട്ടില്ലാത്തതും ആയത് പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ് എന്നതിനാൽ മുതിർന്ന പൗരന്റെ നിക്ഷേപത്തിന് നൽകാൻ കഴിയുന്ന അധിക പലിശ കണക്കിലെടുക്കാൻ കഴിയാത്തതാണ്.

01.12.2013മുതൽ നാളിതുവരെയും ബാങ്ക് രജിസ്ട്രാറുടെ സർക്കുലർ പ്രകാരംപരമാവധി നൽകാൻ കഴിയുന്ന പലിശയെ അധികരിച്ച് നൽകിയ പലിശ അധികം നൽകിയ പലിശയായി കണക്കാക്കി ചുവടെ പട്ടിക രൂപത്തിൽ ഉൾപ്പെടുത്തുന്നു.

| സ്ഥിരനിക്ഷേപ കാലയളവ് | അധികം നൽകിയ പലിശ | റിമാർക്ക്സ് |
|---|---|---|
| **01.12.2013 മുതൽ 31.12.2014** | 9060424 | അധിക പലിശ ബാങ്കിലെ സോഫ്റ്റ് വെയർ സഹായത്താൽ തയ്യാറാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. പേജുകളുടെ എണ്ണം വളരെ കൂടുതലാകയാൽ ബന്ധപ്പെട്ട പട്ടിക അനുബന്ധമായി ഉൾപ്പെടുത്തിയിട്ടില്ല. |
| **01.01.2015 മുതൽ 31.05.2015** | 2786545 | |
| **01.06.2015 മുതൽ 02.10.2015** | 291994 | |
| **03.10.2015 മുതൽ 31.05.2016** | 6702535 | |
| **01.06.2016 മുതൽ 31.12.2016** | 5223158 | |
| **01.01.2017 മുതൽ 12.06.2017** | 691428 | |
| **13.06.2017 മുതൽ 15.12.2017** | 3686853 | |
| **16.12.2017 മുതൽ 09.01.2018** | 220165 | |
| **10.01.2018 മുതൽ 31.03.2018** | 1537060 | |
| **01.04.2018 മുതൽ 23.01.2019** | 11484720 | |
| **24.01.2019 മുതൽ 28.02.2019** | 1016301 | |
| **01.03.2019 മുതൽ 31.03.2019** | 982294 | |
| **01.04.2019 മുതൽ 24.07.2019** | 3642406 | |
| **25.07.2019 മുതൽ 09.10.2019** | 885986 | |
| **10.10.2019 മുതൽ 21.05.2020** | 3622298 | |
| **01.01.2020 മുതൽ 21.05.2020** | 10184239 | |
| **22.05.2020 മുതൽ 21.01.2021** | 11001686 | |
| **22.01.2021 മുതൽ** | 19271492 | |
| **ആകെ** | 92290584 | |

അന്വേഷണം നടക്കുന്ന വേളയിൽ പോലും അന്വേഷണ വിഷയത്തിൽ ധിക്കാരപൂർവ്വം നിലപാട് സ്വീകരിച്ച് നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകി കാണുന്ന ബാങ്കിന്റെ നിക്ഷേപം സ്വീകരിക്കാനുള്ള അധികാരം റദ്ദ് ചെയ്ത് വിവരം മാദ്ധ്യമങ്ങളിലൂടെ പരസ്യം ചെയ്ത് അംഗങ്ങളെയും പൊതുജനങ്ങളെയും അറിയിക്കുകയാണ് ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ നടപടിയായി അടിയന്തിരമായി സ്വീകരിക്കേണ്ടതായുള്ളതെന്നും നിക്ഷേപങ്ങൾക്ക് നൽകിയ അധിക പലിശ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുണ്ടെന്നും കാണുന്നു. സ്ഥിര നിക്ഷേപത്തിന് 1.12.2013 മുതൽ നാളിതുവരെ 9.23 കോടി രൂപ അധിക പലിശ നൽകിയതായി കാണുന്നു.

ബാങ്കിന്റെ വായ്പ വിതരണം, എം ഡി എസ് നടത്തിപ്പ്, നിക്ഷേപങ്ങൾ സ്വീകരിക്കൽ, നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകൽ എന്നിവയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

1. ഒരു വസ്തുവിന്റെ ഈടിൽ നിരവധി വായ്പ/ എം ഡി എസ് ഇടപാടുകൾ അനുവദിച്ചു.
2. ജാമ്യ വസ്തുവിന് മൂല്യ നിർണയം നടത്താതെയും മൂല്യ നിർണയം നടത്തിയാൽ വിപണി മൂല്യം കൃത്രിമമായി കൂട്ടിക്കാണിച്ചും ആനുപാതികമായി വൻതുക വായ്പ/ എം ഡി എസ് അനുവദിച്ചു.
3. 3 സെന്റിന് താഴെ വിസ്തീർണമുള്ള വസ്തു ജാമ്യമായി സ്വീകരിച്ച് നിരവധി വായ്പകൾ/ എം ഡി എസുകൾ അനുവദിച്ചു. 3 സെന്റ് വസ്തു ജാമ്യത്തിൽ തന്നെ ഒന്നിലധികം വായ്പ / എം ഡി എസുകളും അനുവദിച്ചു.
4. ശമ്പള സർട്ടിഫിക്കറ്റ് ജാമ്യത്തിൽ 3 ലക്ഷം രൂപയിൽ അധികരിച്ച് വായ്പ/ എം ഡി എസുകൾ അനുവദിച്ചു.
5. എം ഡി എസ് കുടിശ്ശിക തുക പലിശ ഉൾപ്പെടെ ക്രമരഹിത വായ്പയാക്കി കൃത്രിമം കാണിച്ച് സി ക്ലാസ് അംഗങ്ങൾക്കും വായ്പ ബാക്കിനിൽപ്പ് ഉണ്ടാവുന്ന അവസ്ഥ സൃഷ്ടിച്ചു. ടി വായ്പ പരിധി നോക്കാതെ അനുവദിച്ചു.
6. എം ഡി എസ് അഡ്വാൻസ് വായ്പ, എം ഡി എസ് സ്പെഷ്യൽ അഡ്വാൻസ് വായ്പ എന്നിങ്ങനെ അനധികൃത വായ്പകൾ അനുവദിച്ചു.
7. വായ്പ/ എം ഡി എസ് കുടിശ്ശിക ഈടാക്കാൻ ആർബിട്രേഷൻ, എക്സിക്യൂഷൻ ഫയൽ ചെയ്യുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തി.
8. 1 കോടിയിൽ അധികരിച്ച ബാധ്യത ബാങ്കിലുള്ള അംഗങ്ങൾവരെയുള്ളത് പരിശോധനയിൽ കണ്ടു.
9. 31.12.2021 ൽ എം ഡി എൽ വായ്പ, എം ഡി എസ് അഡ്വാൻസ് വായ്പ, എം ഡി എസ് സ്പെഷ്യൽ അഡ്വാൻസ് വായ്പ എന്നീ ഇനങ്ങളിലാകെ 34.43 കോടി രൂപ ബാക്കി നിൽപ്പുള്ളതും അനധികൃത വായ്പകളാകയാൽ ടി വായ്പകളിലെ ബാക്കി നിൽപ്പ് തുക പലിശ ഉൾപ്പെടെ ടി വായ്പകൾ അനുവദിച്ച അതാത് ഭരണസമിതിയിൽ ചുമത്തേണ്ടതുണ്ട്.
10. നിയമാവലി വ്യവസ്ഥ ഇല്ലാതെയും ഉപനിബന്ധന അംഗീകാരമില്ലാതെയും ബാങ്ക് ചില നിക്ഷേപ - വായ്പ ഇടപാടുകൾ ക്രമവിരുദ്ധമായി നടത്തുന്നു.
11. ഭരണസമിതി തീരുമാനപ്രകാരം സ്ഥിരനിക്ഷേപത്തിന് രജിസ്ട്രാറുടെ സർക്കുലറുകളെ ധിക്കരിച്ച് അധിക പലിശ നൽകി.
12. കളക്ഷൻ ഏജന്റ്മാർക്ക് അനർഹമായ കമ്മീഷൻ നൽകി നിക്ഷേപം സ്വീകരിച്ചു. ആർ ജെ സി നിക്ഷേപം സ്വീകരിക്കുന്നതിന് 10 ശതമാനം കമ്മീഷൻ വരെ കളക്ഷൻ ഏജന്റിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.
13. ഇരട്ടിക്കൽ പദ്ധതിയായി സൗഭാഗ്യ നിക്ഷേപം സ്വീകരിക്കുന്നതിലൂടെ ബാങ്കിന് നിക്ഷേപ ചോർച്ച സംഭവിച്ചു.
14. സ്ഥിരനിക്ഷേപത്തിന് ഭരണസമിതി തീരുമാനപ്രകാരം അധിക പലിശ നൽകിയ ഇനത്തിൽ 9.23 കോടി രൂപ ബാങ്കിന് നഷ്ടം വരുത്തി വച്ചു.

15. നിക്ഷേപത്തിൽ നിന്നും 31.12.2021 ൽ 10 കോടി രൂപ എം ഡി എസിലേയ്ക്ക് നിക്ഷേപ ചോർച്ച ഉണ്ടായി.
16. ഉപനിബന്ധന അംഗീകാരം ഇല്ലാതെ എം ഡി എസ് നടത്തുകയും ടി ഇനത്തിലേയ്ക്ക് നിക്ഷേപ ചോർച്ച ഉണ്ടാകുകയും ചെയ്തു. നിക്ഷേപ ചോർച്ച മറയ്ക്കാൻ കുടിശ്ശിക എം ഡി എസ് ബാക്കിനിൽപ്പിനെ കൃത്രിമ വായ്പകളാക്കി മാറ്റി ബാങ്കിന് നഷ്ടമുണ്ടാക്കി.

## അന്വേഷണ ചിലവ് സംബന്ധിച്ച്

ടി അന്വേഷണവുമായി ബന്ധപ്പെട്ട് അന്വേഷണത്തിലെ കണ്ടെത്തലുകളെ സാധൂകരിക്കുന്നതിന് ആശ്രയിച്ചിരിക്കുന്ന ബാങ്ക് രേഖകളുടെയും മറ്റും ശരിപകർപ്പ് എടുത്ത വകയിലെയും രജിസ്റ്റേർഡ് കത്ത് അയച്ച ഇനത്തിലെയും റിപ്പോർട്ട് തയ്യാറാക്കുന്നതിനായും ഉൾപ്പെടെയുണ്ടായ ചെലവുകൾ സംഘം വഹിച്ചിട്ടുണ്ട്. ആകയാൽ സഹകരണ നിയമം വകുപ്പ് 67 ൽ പരാമർശിക്കുന്ന പ്രകാരമുള്ള അന്വേഷണ ചെലവ് പ്രത്യേകം ആരിലും ചുമത്തേണ്ടതില്ലെന്ന് കാണുന്നു.

## 6. ഇതരവിഷയങ്ങൾ

എ) ബാങ്ക് കംപ്യൂട്ടറൈസേഷൻ, സോഫ്റ്റ് വെയർ സുരക്ഷയും സംബന്ധിച്ച്

ബാങ്കിൽ "കോസ്ടെക്" മുഖേനയാണ് കമ്പ്യൂട്ടർ വൽകരണം നടത്തി കാണുന്നത്. 21.11.2005 ലെ MT(2)/41346/05 നമ്പർ കത്തിലൂടെ ബഹു സഹകരണ രജിസ്ട്രാർ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള പക്ഷം കമ്പ്യൂട്ടർ വൽക്കരണം, ഹാർഡ് വെയർ, സോഫ്റ്റ് വെയർ മറ്റ് അനുബന്ധ ഘടകങ്ങളുടെ വിപണനം, മെയിന്റനൻസ് എന്നിവകൾക്ക് കോസ്ടെകിന്റെ സേവനം തേടാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്കിംഗ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയറായ "പെർഫക്ട് ബാങ്ക് "സ്ഥാപിച്ച് കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ആസ്ഥാന ആഫീസ്, വെളിയംകോട്, പാപ്പാറ, മാറനല്ലൂർ, മെയിൻ ബ്രാഞ്ച് എന്നിവടങ്ങളിൽ 744250 രൂപയ്ക്ക് ആണ് "കോസ്ടെക്" മുഖേന കമ്പ്യൂട്ടർ വത്കരണംനടത്തി കാണുന്നത്. എന്നാൽ കമ്പ്യൂട്ടർ വത്കരണം നടത്തിയിട്ടുണ്ടെങ്കിലും ബാങ്കിന്റെ ഓരോ വർഷത്തെയും ലാഭനഷ്ടകണക്ക്, ബാക്കിപത്രം എന്നിവയുൾപ്പെടെ ആവശ്യം വേണ്ടതായ റിപ്പോർട്ടുകൾ സിസ്റ്റത്തിൽ നിന്നും ലഭിക്കുന്നതായി കണ്ടില്ല. മാത്രമല്ല ഗുരുതരമായതും സുരക്ഷിതമല്ലാതെയുള്ളതുമായ സോഫ്റ്റ് വെയർ സംവിധാനമാണ് ബാങ്കിൽ കാണാൻ കഴിഞ്ഞത്. കമ്പ്യൂട്ടർ സോഫ്റ്റ് വെയർ സെർവ്വർ വളരെ വേഗതകുറഞ്ഞതും ആവശ്യം വേണ്ട വിവരങ്ങൾ സിസ്റ്റത്തിൽ നിന്നും ലഭിക്കാൻ ആയതിൽ തന്നെ വളരെയധികം സമയം വേണ്ടിവരികയും ചെയ്യുന്നതുമാണ്. സഹകരണ സംഘം രജിസ്ട്രാറുടെ 62/20 (അനുബന്ധം 6 A 3) സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ പലതും പാലിക്കപ്പെടുന്നില്ല. ബാങ്കിലെ സെക്രട്ടറി, ബ്രാഞ്ച് മാനേജറായ ശ്രീരാഗ് എന്നിവർക്ക് സോഫ്റ്റ് വെയർ അഡ്മിനിസ്ട്രേറ്റർ അധികാരം നൽകി കാണുന്നു. ഒരു ഇടപാടുമായി ബന്ധപ്പെട്ട് ഉൾപ്പെടെയുള്ള മാറ്റങ്ങൾ സോഫ്റ്റ് വെയറിൽ വരുത്താൻ ടി ജീവനക്കാർക്ക് കഴിയുന്നു. യൂസർ ഐ ഡി, പാസ് വേഡ്, എന്നിവ അനുവദിക്കാനും ഇവർക്ക് അധികാരമുണ്ട്. ഇടപാടുകൾ റിവേഴ്സ് എൻട്രിയിലൂടെ അല്ലാതെ ഇവർക്ക് മാറ്റം വരുത്താനോ ഒഴിവാക്കാനോ കഴിയും. അതിനേക്കാൾ എല്ലാം ഗുരുതരമായ ഒരു അപാകത "മേക്കർ ചെക്കർ" കൺസപ്റ്റിൽ അല്ലാതെ ഇടപാടുകൾ നടത്താൻ കഴി

യുന്നു എന്നതാണ്. മേൽ പരാമർശിച്ച ന്യൂനതകൾ/ അപാകതകൾ എല്ലാം തന്നെ ഒരു ധനകാര്യ സ്ഥാപനത്തെ സംബന്ധിച്ച് ഗുരുതരമായി വീക്ഷിക്കേണ്ടതായുള്ള വിഴ്ചകളാണ്. കോസ്ടെക് എന്ന സ്ഥാപനത്തിലെ സോഫ്റ്റ് വെയർ സപ്പോർട്ട് എഞ്ചിനീയർമാരായ ശ്രീ നിഷാന്ത് സി വി, ശ്രീ രാജേഷ് വി വി എന്നിവർ ടി അപാകതകൾ/ന്യൂനതകൾ ഗുരുതരമായി വീക്ഷിക്കേണ്ടത് തന്നെ യെന്ന് മൊഴി നൽകിയിട്ടുണ്ട് (അനുബന്ധം 6 A 1). കൂടാതെ 2021 ആഗസ്ത് മാസത്തിൽ മാത്രം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയ നിരവധി ഇടപാടുകൾ " ഡിലീറ്റ്" ചെയ്തത് തെളിയിക്കുന്ന റിപ്പോർട്ട് ടിയാളുകൾ മുഖേന അന്വേഷണ ഉദ്യാഗസ്ഥൻ കൈപ്പറ്റിയിട്ടുള്ളത് അനുബന്ധമായി ഈ റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്യുന്നുമുണ്ട് (അനുബന്ധം 6 A 2). ഒരു ധനകാര്യ സ്ഥാപനത്തിൽ ഇപ്ര കാരം യാതൊരു സുരക്ഷയുമില്ലാതെ കമ്പ്യൂട്ടർ ഡേറ്റ സൂക്ഷിക്കുന്നത് ഗുരുതര പ്രത്യാഘാതം ഉണ്ടാക്കുന്നതാണ്. ഇതുപോലുള്ള സോഫ്റ്റ് വെയർ ദാതാക്കളെ അടിയന്തിരമായി നിയന്ത്രിക്കേണ്ട തായുണ്ട്. കോടികണക്കിന് രൂപയുടെ ഇടപാടുകൾ കൈകാര്യം ചെയ്യുന്ന കണ്ടല സർവ്വീസ് സഹ കരണ ബാങ്ക് പോലുള്ള സ്ഥാപനങ്ങളിൽ വളരെ ലാഘവത്തോടെയും കുറ്റകരമാവും വിധവും ക്രമ ക്കേടുകൾ നടത്താൻ ഉതകുന്ന തരത്തിലും കമ്പ്യൂട്ടർ വൽകരണം നടത്തി കാണുന്ന സ്ഥാപനങ്ങളെ കരിംപട്ടികയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുണ്ടെന്നും കാണുന്നു.

ബി) വകുപ്പ് അനുവാദം കൂടാതെ വാഹനം വാങ്ങിയത്

1969 ലെ കേരള സഹകരണ ചട്ടം 180 പ്രകാരം"No Society shall do any act is not expressly provided for by the byelaws of such society without the previous sanction of the Registrar for the same" എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ബാങ്ക് നിയമാവലിയിൽ വാഹനം വാങ്ങാൻ അനുമതിയുള്ളതായി വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് 1345975 രൂപ ചെലവ് (അനുബന്ധം 6 B 3) ചെയ്ത് 29.09.2014 ൽ മഹേന്ദ്ര XUV 500 (അനുബന്ധം 6 B 1)എന്ന വാഹനം വാങ്ങിയിട്ടുണ്ട്. ഇപ്രകാരം സംഘം ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് ജോയിന്റ് രജിസ്ട്രാർ(ജനറൽ) ടെ അനുവാദം വാങ്ങിയിട്ടില്ല. ബാങ്കിലെ ടി കാലയളവിലെ ഭരണസമിതി സഹകരണ ചട്ടത്തിന് വിരുദ്ധമായി ബോധപൂർവ്വം പ്രവർത്തിച്ചിരിക്കുകയാണ്. ടി കാലയളവിലെ ഭരണസമിതിയ്ക്കുമേൽ നിയമാനുസൃതം തുടർനടപടികൾ സ്വീകരിക്കേണ്ട തുണ്ടെന്ന് കാണുന്നു.KL 20 H 197 ആയി രജിസ്റ്റർ ചെയ്ത ടി വാഹനം വകുപ്പിന്റെ മുൻകൂർ അനുമതി ഇല്ലാതെ വാങ്ങി എന്ന് മാത്രമല്ല ആയത് 18.06.2020 ൽ 580000 രൂപയ്ക്ക് വിൽക്കു കയും ചെയ്തു. വാഹനം വാങ്ങാനും വിൽക്കാനും വകുപ്പിന്റെ മുൻകൂർ അനുമതി വേണ മെന്ന സഹകരണ സംഘം രജിസ്ട്രാറുടെ 55/2003 സർക്കുലറിൽ(അനുബന്ധം 6 B 4) നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇപ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറിന് വിരുദ്ധമായി വാഹനം വാങ്ങുകയും തുടർന്ന് വിൽപ്പന നടത്തിയും ബാങ്കിന് ഭീമമായ നഷ്ട മാണ് ഭരണസമിതി വരുത്തി വച്ചിരിക്കുന്നത്.

ബാങ്ക് കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുമ്പോഴും ബാങ്ക് ഭരണസ മിതി 18.06.2020 ൽ 1796968 രൂപ ചെലവഴിച്ച് വകുപ്പിൽ നിന്നും മുൻകൂർ അനുമതി ഒന്നും

വാങ്ങാതെ MG Motors ന്റെ Hector എന്ന മറ്റൊരു വാഹനം വാങ്ങിയിട്ടുണ്ട്. വാഹനത്തിന്റെ വിലയ്ക്ക് പുറമേ 287472 രൂപ റോഡ് ടാക്സ് ഇനത്തിലും 140641 രൂപ ഇൻഷുറൻസ് ഇനത്തിലും ഉൾപ്പെടെ 2224811 രൂപയാണ് ടി വാഹനത്തിനായി ചെലവഴിച്ചത് (അനുബന്ധം 6 B 2). KL 74 A 9000 ആയി രജിസ്റ്റർ ചെയ്ത ഈ വാഹനം ബാങ്കിന്റെ പൊതു ഫണ്ട് ദുർവിനിയോഗം ചെയ്ത് വാങ്ങിയതു വഴി ബാങ്ക് ഭരണസമിതി ബാങ്കിനെ നഷ്ടപ്പെടുത്തിയിരിക്കുകയാണ്.

ക്രപ്രകാരമല്ലാത്ത വാഹനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

1. 29.09.2014 ൽ വകുപ്പ് അനുമതി കൂടാതെ 1345975 രൂപ ചെലവഴിച്ച് വാഹനം വാങ്ങി ബാങ്കിന്റെ പണ്ട് ദുർവിനിയോഗം ചെയ്തു.
2. 18.06.2000 ൽ മേൽ പരാമർശിച്ച വാഹനം 580000 രൂപയ്ക്ക് വിൽപ്പന നടത്തി ബാങ്കിന് നഷ്ടം വരുത്തി.
3. സഹകരണ സംഘം രജിസ്ട്രാറുടെ 55/2003 സർക്കുലർ നിർദ്ദേശത്തെ ബോധപൂർവ്വം ധിക്കരിച്ച ഭരണസമിതി വകുപ്പിന്റെ മുൻകൂർ അനുമതി കൂടാതെ 18.06.2020 ൽ 22 ലക്ഷത്തിലേറെ തുക ചെലവഴിച്ച് പുതിയ വാഹനം വാങ്ങി ബാങ്കിന് നഷ്ടം വരുത്തി.

സി) വകുപ്പ് അനുമതി കൂടാതെ കണ്ടല സഹകരണ ആശുപത്രിയ്ക്കായി ആശുപത്രി ഉപകരണങ്ങളും അകസാമാനങ്ങളും വാങ്ങിയത് സംബന്ധിച്ച്

വകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ സഹകരണ ആശുപത്രിയ്ക്കായി നാളിതുവരെ 10816891 രൂപ (അനുബന്ധം 6 C 1) യുടെ അകസാമാനങ്ങളും, ആശുപത്രി ഉപകരണങ്ങളും വാങ്ങി കാണുന്നു. സഹകരണ രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബാങ്കിന്റെ പൊതുഫണ്ട് വിനിയോഗിക്കുന്നതുൾപ്പെടെയുള്ള ബൈലായിൽ വ്യക്തമായി പരാമർശിക്കാത്ത പ്രവർത്തികൾ ചെയ്യാനായി പാടുള്ളൂവെന്ന് സഹകരണചട്ടം 180 ൽ വിപക്ഷിക്കുന്നുണ്ട്. ടി സഹകരണ ചട്ടത്തെ ബോധപൂർവ്വം ലംഘിച്ച് അതാത് ഭരണസമിതികൾ ബാങ്ക് ഫണ്ട് ചെലവഴിച്ച് ആശുപത്രി ഉപകരണങ്ങളും അകസാമാനങ്ങളും വാങ്ങിയിട്ടുണ്ട്. 31.03.2021 വരെ 10759192 രൂപ ഇപ്രകാരം അനധികൃതമായി ചെലവഴിച്ച ബാങ്ക് 01.04.2021 നും 30.11.2021 നും ഇടയിൽ മാത്രം 57699 രൂപ കൂടി വകുപ്പ് അംഗീകാരം കൂടാതെ ചെലവഴിച്ചിട്ടുണ്ട്. 30.11.2021 ൽ 10816891 രൂപയാണ് സഹകരണ ആശുപത്രിയിൽ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ മുൻകൂർ അനുമതി കൂടാതെ ജംഗമ ആസ്തി സമ്പാദനത്തിനായി ബാങ്ക് ഫണ്ട് വിനിയോഗിച്ചത്. ചട്ടവിരുദ്ധമായ ടി പ്രവർത്തി ബോധപൂർവ്വമായ ചട്ടലംഘനമായി കണ്ട് തുടർനടപടികൾ അതാത് ഭരണസമിതികൾക്ക് മേൽ സ്വീകരിക്കേണ്ടതാണ്.

ഡി) ബാങ്ക് അകസാമാനങ്ങൾ, കൗണ്ടിംഗ് മെഷീൻ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങാൻ അനധികൃതമായി തുക ചെലവഴിച്ചത് സംബന്ധിച്ച്

സഹകരണ ആഡിറ്റ് മാന്വലിൽ ബാങ്കിന്റെ പൊതുഫണ്ട് വിനിയോഗം സംബന്ധിച്ച് ചുവടെ പറയും പ്രകാരം പരാമർശമുണ്ട്.

" without the previous Sanction of the Registrar, Societies shall not incur any expenditure which is not directly connected with the business or management of the society."

സഹകരണ ചട്ടം 180 പ്രകാരം "No Society shall do any act is not expressly provided for by the byelaws of such society without the previous sanction of the Registrar for the same"എന്നും പ്രതിപാദിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച ചട്ടവും ആഡിറ്റ് മാന്വലിലെ വ്യവസ്ഥയും പ്രകാരം സ്ഥാവര ആസ്തികൾ പോലെ ജംഗമ ആസ്തികൾ വാങ്ങാൻ ബാങ്ക് ഫണ്ട് വിനിയോഗിക്കുന്നതിന് രജിസ്ട്രാറുടെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് 2019-20 വർഷം വരെ 2952660 രൂപ അകസാമാനങ്ങൾ വാങ്ങാനും 150580 രൂപ കൗണ്ടിംഗ് മെഷീനും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങാനും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ക്രമപ്രകാരം തുക ചെലവഴിക്കും മുമ്പ് ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ മുൻകൂർ അനുവാദം വാങ്ങിയിട്ടില്ല. ചട്ടവിരുദ്ധമായി ടി പ്രവൃത്തി ബോധപൂർവ്വമായ ചട്ടലംഘനമായി കണ്ട് തുടർ നടപടികൾ അതാത് ഭരണസമിതികൾക്ക് മേൽ സ്വീകരിക്കേണ്ടതുണ്ട്.

ഇ) ഭരണസമിതി യോഗത്തിന്റെയും പൊതുയോഗത്തിന്റെയും മിനിട്ട്സ് ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിക്കാത്തത് സംബന്ധിച്ച്

സഹകരണ സംഘങ്ങളിൽ സഹകരണ നിയമം വകുപ്പ് 29(1) പ്രകാരം വാർഷിക പൊതുയോഗം എല്ലാ സാമ്പത്തിക വർഷവും വിളിച്ചു കൂട്ടേണ്ടതുണ്ട്. ടി പൊതുയോഗം കൂടുമ്പോൾ പങ്കെടുക്കേണ്ട ഏറ്റവും കുറഞ്ഞ അംഗങ്ങളുടെ എണ്ണം സംഘം നിയമാവലിയിൽ പരാമർശിക്കേണ്ടതുണ്ട്. കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ നിയമാവലിയിലെ 26 വ്യവസ്ഥയിൽ പൊതുയോഗം കൂടുന്നതിനുവേണ്ട കുറഞ്ഞ അംഗസംഖ്യ 25 എന്ന് പ്രതിപാദിച്ചിട്ടുണ്ട്. അതുപോലെ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയിലെ യോഗങ്ങൾ കൂടുമ്പോഴും പങ്കെടുക്കേണ്ട ഏറ്റവും കുറഞ്ഞ ഭരണസമിതി അംഗങ്ങളുടെ എണ്ണം പ്രതിപാദിച്ചിരിക്കും. ടി ബാങ്കിന്റെ ഭരണസമിതി കൂടുന്നതിനുവേണ്ട കുറഞ്ഞ അംഗസംഖ്യ 6 ആണ്. പൊതുയോഗം, ഭരണസമിതി യോഗം എന്നിവ കൂടുമ്പോൾ പങ്കെടുക്കുന്ന അംഗങ്ങൾ നിശ്ചിത എണ്ണത്തിനും താഴെയാണെങ്കിൽ കോറം നഷ്ടമായി എന്ന കാരണത്താൽ യോഗം നടത്താൻ സാധിക്കുന്നതല്ലാത്തതും ഇപ്രകാരം കോറം ഇല്ലാതെ യോഗ നടപടികൾ തുടർന്നാൽ ടി യോഗത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്ക് സാധുത നഷ്ടപ്പെടുന്നതുമാണ്. ബാങ്കിന്റെ 20.02.2016, 12.04.2017, 23.03.2016, 11.07.2020, 12.01.2016 എന്നീ തീയതികളിലെ ഭരണസമിതി യോഗങ്ങളിലെ തീരുമാനങ്ങൾ പരിശോധിച്ചതിൽ നിന്നും ടി തീയതികളിൽ

മിനിട്ട്സ് ആരും തന്നെ ഒപ്പ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. (അനുബന്ധം 6 e1, A 18 ).

സംഘങ്ങളിൽ യോഗനടപടികളുടെ മിനിട്ട്സ് തയ്യാറാക്കി സൂക്ഷിക്കുന്ന വിധം ബഹു സഹകരണ സംഘം രജിസ്ട്രാറുടെ 11/72 നമ്പർ സർക്കുലറിൽ (അനുബന്ധം 6 e 2) പ്രതിപാദിച്ചിട്ടുണ്ട്. പൊതുയോഗവും ഭരണസമിതിയോഗവും കൂടുമ്പോൾ എത്രപേർ പങ്കെടുക്കുന്നുവെന്നത് പ്രധാനമാണ്. എന്നാൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ പൊതുയോഗത്തിലോ ഭരണസമിതി യോഗങ്ങളിലോ പങ്കെടുക്കുന്ന അംഗങ്ങൾ യോഗ ആരംഭത്തിൽ ഒപ്പ് രേഖപ്പെടുത്തി ഹാജർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല. ആയതിനാൽ തന്നെ തീരുമാനങ്ങൾ എടുക്കുന്ന വേളയിൽ അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നുവെന്ന് കരുതുക വയ്യ. ടി യോഗങ്ങൾക്ക് കോറം ഉണ്ടായിരുന്നുവെന്നതിൽ വ്യക്തത ഇല്ലാത്തതിനാൽ യോഗതീരുമാനങ്ങൾ ക്രമപ്രകാരമുള്ളവയല്ലെന്ന് കാണാൻ സാധിക്കുന്നതാണ്. യോഗം അവസാനിക്കുമ്പോൾ മാത്രം മിനിട്ട്സിൽ ഒപ്പ് രേഖപ്പെടുത്തുന്ന രീതിയാണ് ബാങ്കിൽ അവലംബിച്ചുകാണുന്നത്. ഭരണസമിതി യോഗങ്ങൾ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നതായി പരാമർശിക്കുമ്പോഴും പല യോഗങ്ങളിലും പ്രസിഡന്റിന്റെ ഒപ്പും രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. പങ്കെടുക്കുന്ന അംഗങ്ങളുടെ കോറം ബോദ്ധ്യപ്പെടും വിധം യോഗ ആരംഭത്തിൽ അംഗങ്ങൾ ഒപ്പ് രേഖപ്പെടുത്താതെ മിനിട്ട്സ് ക്രമരഹിതമായി സൂക്ഷിക്കുന്നതിനുപുറമേ യോഗ ആരംഭത്തിലോ യോഗം അവസാനിക്കുമ്പോഴും അംഗങ്ങൾ ഒപ്പ് രേഖപ്പെടുത്താത്തതായ നിരവധി കമ്മിറ്റി യോഗങ്ങളും നടന്നിട്ടുള്ളതായി കാണുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തെ ധിക്കരിക്കുന്ന വിധമാണ് സംഘത്തിൽ ഭരണസമിതി യോഗങ്ങൾ നിലവിലും നടത്തി വരുന്നത്.

<u>എഫ്) ബാങ്കിന്റെ വെളിയംകോട് ശാഖ അനധികൃതമായും നിയമവിരുദ്ധമായും മാറ്റിസ്ഥാപിച്ചതും ടിയിനത്തിൽ അധിക ചെലവ് വരുത്തിയതും സംബന്ധിച്ച്</u>

ബഹു ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 27.04.2005 ലെ സി ആർ പി(1)/7556/04/കെഡിസ് ഉത്തരവ് പ്രകാരം കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിയിൽപെട്ട "വെളിയംകോട്" എന്ന സ്ഥലത്ത് ഒരു ശാഖ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. (അനുബന്ധം 6 f 1) ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെളിയംകോട് എന്ന സ്ഥലത്ത് ശാഖ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 23.10.2018 ലെ 1014-ാം നമ്പർ ബാങ്ക് ഭരണസമിതി തീരുമാന പ്രകാരം (അനുബന്ധം 6 f 2) 2018 നവംബർ 14 മുതൽ വെളിയംകോട് നിന്നും പുന്നാവൂർ എന്ന സ്ഥലത്ത് വാടകകെട്ടിടത്തിൽ പ്രതിമാസം 8000 രൂപ മാസവാടകയ്ക്ക് മാറ്റുന്നതിന് തീരുമാനിക്കുകയും ഇതേ തീയതിയിലെ 1015-ാം നമ്പർ തീരുമാനപ്രകാരം വെളിയംകോട് ശാഖയിലെ ലോക്കറും കൗണ്ടറും പൊളിച്ച് പുന്നാവൂർ ബ്രാഞ്ച് സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 25.04.2019 ലെ 128-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം പുന്നാവൂർ ജംഗഷനിലേയ്ക്ക് മാറ്റിയ വെളിയംകോട് ശാഖയുടെ പുതിയമന്ദിരത്തിൽ കൗണ്ടർ പണിയുന്നതിന് തീരുമാനിക്കുകയും ഇതിലേയ്ക്ക്

1509259 രൂപ ചെലവഴിക്കുന്നതിനായി 13.06.2019 ലെ 400-ാം നമ്പരായി (അനുബന്ധം 6 f 3) തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ബഹു രജിസ്ട്രാറുടെ 43/2005-ാം നമ്പർ(അനുബന്ധം 6 f 4) സർക്കുലറിൽ ശാഖകൾ മാറ്റി സ്ഥാപിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതായുണ്ട്.

ബഹു ജോയിന്റ് രജിസ്ട്രാർ(ജനറൽ) വെളിയംകോട് എന്ന സ്ഥലത്ത് ആരംഭിക്കാൻ അനുവാദം നൽകുകയും ആയത് അനുസരിച്ച് ടി സ്ഥലത്ത് ആരംഭിക്കുകയും ചെയ്ത ശാഖ നിയമവിരുദ്ധമായും മുൻകൂർ വകുപ്പനുമതി കൂടാതെയും രജിസ്ട്രാറിന്റെ 43/2005 സർക്കുലറിനെ ധിക്കരിച്ചും പുന്നാവൂർ എന്ന സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ച് നടപ്പിൽ വരുത്തിയ ഭരണസമിതിയുടെ നടപടി ഗുരുതര വീഴ്ചയും നിയമവിരുദ്ധവുമാകയാൽ ഇപ്രകാരം തീരുമാനം കൈക്കൊണ്ട ഭരണസമിതിയ്ക്കുമേൽ തുടർനടപടി സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ പുന്നാവൂരിൽ ശാഖ മാറ്റി സ്ഥാപിച്ചതുവഴി കൗണ്ടർ പണിയുന്നതിനുൾപ്പെടെ അധിക ചെലവ് വരുത്തിയിരിക്കുകയുമാണ്. ടി ഇനങ്ങളിലാകെ 1509259 രൂപ അനധികൃതമായി ചെലവഴിച്ച് ബാങ്കിന് നഷ്ടമുണ്ടാക്കിയ ഭരണസമിതിയുടെ വീഴ്ച ബോധപൂർവ്വവും ബഹു ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ ഉത്തരവിനെ മനഃപൂർവ്വം ധിക്കരിക്കുന്നതുമാകയാൽ ബാങ്കിനുണ്ടായ ടി ഇനത്തിലെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമുണ്ടെന്നും കാണുന്നു.

ജി) സംഘാംഗങ്ങളിൽ നിന്നും അനധികൃതമായി ബിൽഡിംഗ് ഫണ്ട് ഈടാക്കുന്നത് സംബന്ധിച്ച്

സംഘാംഗങ്ങളിൽ നിന്നും ബിൽഡിംഗ് ഫണ്ട് ഈടാക്കാൻ പാടുള്ളതല്ലായെന്ന വ്യവസ്ഥ ഉണ്ടായിരിക്കെ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ടി സർക്കുലർ നിർദ്ദേശത്തെ ധിക്കരിച്ചും ടി ന്യൂനത വകുപ്പിൽ നിന്നും പല തവണ ചൂണ്ടികാട്ടിയിട്ടും ആവർത്തിച്ചും വൻതുക ടി ഇനത്തിൽ ഈടാക്കി വരുന്നു. 2019-20 വർഷ ആഡിറ്റിൽ 6677267 രൂപ ടിയിനത്തിൽ അനധികൃതമായി അംഗങ്ങളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ 540850 രൂപയും 2021-22 വർഷത്തിൽ 31.12.2021 വരെ 103600 രൂപയും ടി ഇനത്തിൽ അംഗങ്ങളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം 31.12.2021 വരെ 7321717 രൂപയാണ് അംഗങ്ങളിൽ നിന്നും നിയമപ്രകാരമല്ലാതെ ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം നിയമ വിരുദ്ധമായി തീരുമാനം കൈക്കൊണ്ട് അംഗങ്ങളിൽ നിന്നും അനധികൃതമായി ബിൽഡിംഗ് ഫണ്ട് ഇനത്തിൽ തുകകൾ ഈടാക്കിയ ഭരണസമിതിയ്ക്കുമേൽ നിയമാനുസൃത തുടർനടപടി സ്വീകരിക്കേണ്ടതുണ്ട്.

എച്ച്) ആഡിറ്റ് പൂർത്തീകരണത്തിന് ആവശ്യമായ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി നൽകാത്തത് സംബന്ധിച്ച്

സഹകരണ നിയമം വകുപ്പ് 64(4എ) യിൽ ആഡിറ്റിന് ആവശ്യമായ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ട് സമയബന്ധിതമായി ആഡിറ്റർക്ക് സമർപ്പി

ക്കാതെ വന്നാൽ ആയത് ഭരണസമിതിയുടെ വീഴ്ചയായി കണ്ട് സ്വീകരിക്കേണ്ടതായ നടപടിയെ സംബന്ധിച്ച് പരാമർശിക്കുന്നുണ്ട്. ടി ബാങ്കിൽ 2020-21 ലെ ആഡിറ്റ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആഡിറ്റിന് വേണ്ടതായ സ്റ്റേറ്റ്മെന്റുകൾ ആഡിറ്റർക്ക് നിലവിലും സമർപ്പിക്കാത്തത് കാരണമാണ് ആഡിറ്റ് പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത്. സഹകരണ നിയമം 64(4എ) പ്രകാരം ടി വീഴ്ചയ്ക്ക് ഭരണസമിതിയാണ് ഉത്തരവാദിയെന്നതിനാൽ അപ്രകാരം വീഴ്ച വരുത്തുന്ന ഭരണസമിതിയിലെ അംഗങ്ങൾക്ക് ഭരണസമിതിയിലെ അംഗങ്ങളായി തുടരുന്നതിന് യോഗ്യതയില്ലാത്തതാണെന്നും ടിയാളുകളെ അയോഗ്യരാക്കേണ്ടതുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി 2020-21 ലെ ആഡിറ്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പരിശോധിച്ച് ആഡിറ്റർക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് മാത്രമല്ല 30.12.2021 തീയതിയിലെ തീരുമാനപ്രകാരം 2020-21 ലെ ആഡിറ്റ് സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ട് 1072-ാം നമ്പരായി ഭരണസമിതി തീരുമാനം കൈക്കൊണ്ടും കാണുന്നു (അനുബന്ധം 6 h 1). ഇപ്രകാരം ഭരണസമിതി തീരുമാനം കൈക്കൊണ്ടു കാണുന്നതിൽ നിന്നും ഭരണസമിതി സഹകരണ നിയമം വകുപ്പ് 64(4എ) യിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥ ബോധപൂർവ്വം പാലിക്കാതിരിക്കുന്നത് വ്യക്തമാവുന്നതാണ്. സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കൂട്ടാക്കാത്ത ഭരണസമിതിയ്ക്ക് മേൽ ഉചിതമായ തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് കാണുന്നു.

<u>ഐ) കളക്ഷൻ ഏജന്റുമാർക്ക് അനധികൃതമായി കളക്ഷൻ കമ്മീഷൻ നൽകുന്നത് സംബന്ധിച്ച്</u>

ബാങ്കിൽ അനധികൃതമായി നിരവധി കളക്ഷൻ ഏജന്റുമാരെ നിയമിച്ച് കാണുന്നതും നിയമനങ്ങളിലെ ക്രമക്കേടുകളും ഈ അന്വേഷണ റിപ്പോർട്ടിൽ ക്രമ നമ്പർ 1 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ഇപ്രകാരം അനധികൃതമായും നടപടി ക്രമങ്ങൾ പാലിക്കാതെയും നിയമിച്ച കളക്ഷൻ ഏജന്റുമാർ മുഖേനയാണ് "നിത്യനിധി" എന്ന പേരിൽ ഉള്ള നിക്ഷേപം ബാങ്ക് സ്വീകരിക്കുന്നത്. നിത്യനിധി നിക്ഷേപ ഇടപാടു തന്നെ ക്രമപ്രകാരമല്ലാത്തതും ആയത് ഈ അന്വേഷണ റിപ്പോർട്ടിൽ ക്രമനമ്പർ 5 ൽ പ്രത്യേകമായി പരാമർശിച്ചിട്ടുമുണ്ട്. ഒരു മാസത്തേയ്ക്ക് മാത്രം നിക്ഷേപ കണക്കിൽ ബാക്കിനിൽപ്പ് വരുന്ന ടി നിക്ഷേപം സ്വീകരിക്കുന്ന കളക്ഷൻ ഏജന്റിന് 1 ശതമാനം കമ്മീഷൻ നൽകി വരുന്നത് ക്രമപ്രകാരമാണെന്ന് കാണുന്നില്ല. എന്നാൽ നിക്ഷേപത്തിന് ബാങ്ക് നിക്ഷേപകന് പലിശ നൽകുന്നില്ലെന്നതിനാൽ കമ്മീഷൻ നൽകുന്ന തുക മാത്രമാണ് ബാങ്കിന് നഷ്ടമായി വരുന്നതെന്നും കാണുന്നു. ആർ ജെ സി നിക്ഷേപമെന്നപേരിൽ കളക്ഷൻ ഏജന്റ് മുഖേന നിക്ഷേപം സ്വീകരിക്കുമ്പോൾ 5 ശതമാനം കമ്മീഷൻ നൽകുന്നതും ബാങ്കിന് നഷ്ടം വരുത്തുന്നു. ആർ ജെ സി നിക്ഷേപ ഇടപാട് വിശദമായി അന്വേഷണ റിപ്പോർട്ടിൽ ക്രമനമ്പർ 5 ൽ പരാമർശിച്ചിട്ടുണ്ട്. ഡെയ്‌ലി കളക്ഷൻ നിക്ഷേപം കളക്ഷൻ ഏജന്റ് മുഖേന സ്വീകരിക്കുമ്പോൾ 3 ശതമാനം കമ്മീഷൻ നൽകുകയും നിക്ഷേപത്തിന് സേവിംഗ്സ് ബാങ്ക് പലിശ നൽകുകയും ചെയ്യുന്നു. ഇതുവഴി നിക്ഷേപം

സ്വീകരിക്കുന്നതിലെ ചെലവ് കൂടുന്നതായും കാണുന്നു. ദണ്ഡാരനിക്ഷേപം സ്വീകരിക്കുന്നതിന് കളക്ഷൻ ഏജന്റിന് 3 ശതമാനം കമ്മീഷനും നിക്ഷേപത്തിന് 6 ശതമാനം പലിശയും നൽകുന്നു. സ്ഥിരനിക്ഷേപത്തിന് പരമാവധി 6.75 ശതമാനം പലിശമാത്രമുള്ളപ്പോഴാണ് ദണ്ഡാരനിക്ഷേപം സ്വീകരിക്കുമ്പോൾ 9 ശതമാനം ചെലവ് കാണുന്നത്. ബാങ്ക് ഭരണസമിതിയുടെ ഭരണകെടുകാര്യസ്ഥതയ്ക്ക് പ്രധാനമായ ഒരു ഉദാഹരണമാണ് ഇത്. ഇപ്രകാരം കളക്ഷൻ ഏജന്റുമാരെ അനധികൃതമായി നിയമിച്ച് അനർഹമായി കമ്മീഷൻ അനുവദിച്ച് നൽകി ബാങ്ക് ഭരണസമിതി ബാങ്കിന് നഷ്ടമുണ്ടാക്കിയിട്ടുണ്ട്.

ജെ) <u>ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുന്നതിലെ കുറ്റകരമായ വീഴ്ച സംബന്ധിച്ച്</u>

സഹകരണ നിയമം വകുപ്പ് 69(4)ന് വിധേയമായുള്ള 3-ാം ഷെഡ്യൂൾ പ്രകാരം വായ്പ/എം ഡി--എസ് ഇനങ്ങളിൽ ബാങ്ക് വ്യക്തികൾക്ക് അനുവദിച്ചിട്ടുള്ളതും തിരിച്ചടയ്ക്കേണ്ട കാലാവധി പൂർത്തിയായ ശേഷം 3 വർഷം കഴിഞ്ഞിട്ടുമുണ്ടെങ്കിൽ വായ്പ/ എം ഡി എസുകളിൽ തിരികെ ലഭിക്കേണ്ട തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യാനാവുന്നതല്ല. കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ അനവധി വായ്പ/ എം ഡി എസ് കളിൽ കുടിശ്ശിക തുകകൾ ഈടാക്കിയെടുക്കുന്നതിന് നിയമാനുസൃതം ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യാൻ കഴിയുകയില്ലെന്ന് കാണുന്നു. സഹകരണ നിയമം വകുപ്പ് 69(4) ന് വിധേയമായുള്ള 3-ാം ഷെഡ്യൂൾ പ്രകാരം സമയപരിധി കഴിഞ്ഞതിനാൽ കാലഹരണ നിയമം ബാധകമാകുന്നതും ആകയാൽ തന്നെ ടി വായ്പ/ എം ഡി എസ് കുടിശ്ശിക തുകകൾ ഈടാക്കാൻ നിയമാനുസൃതം എ ആർ സി ഫയൽ ചെയ്യാൻ കഴിയാത്തതായ സാഹചര്യത്തിലുമാണ് ബാങ്ക്. നിയമപ്രകാരം വായ്പ/ എം ഡി എസ് തുകകൾ ഈടാക്കാൻ കഴിയുന്ന സാഹചര്യം ബോധപൂർവ്വം ഒഴിവാക്കിയ അതാത് ഭരണസമിതികൾ ടിക്കാര്യത്തിൽ കുറ്റകരമായ വീഴ്ചയാണ് വരുത്തികാണുന്നത്. കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ആകെ 665 ആർബിട്രേഷൻ കേസുകൾ മാത്രമാണ് നാളിതുവരെ ഫയൽ ചെയ്തിട്ടുള്ളത്. 15.04.2017 ന് ശേഷം മാത്രമാണ് എ ആർ സി കൾ ഫയൽ ഫയൽ ചെയ്തു തുടങ്ങിയതെന്നും ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള ആർബിട്രേഷൻ കേസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെടുന്നു. ടി കേസുകളിൽ 562 എണ്ണത്തിൽ വിധിന്യായം ബാങ്കിന് ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്നതായ വായ്പ/ എം ഡി എസ് കളിൽ എ ആർ സി ഫയൽ ചെയ്തിട്ടില്ലാത്തതും ആകയാൽ തന്നെ നിരവധി എണ്ണം വായ്പ/എം ഡി എസ് കളിൽ നിയമാനുസൃതം ഇനി എ ആർ സി ഫയൽ ചെയ്യാൻ ബാങ്കിന് കഴിയാത്തതുമാണ്. 562 വിധിന്യായം ലഭിച്ച ബാങ്ക് ആകെ 6 എണ്ണത്തിൽ മാത്രമാണ് എക്സിക്യൂഷൻ ഫയൽ ചെയ്തിട്ടുള്ളതെന്നും കാണുന്നു.

ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ സമയബന്ധിതമായി ഫയൽ ചെയ്യാതെ നിയമാനുസൃതം വായ്പ/ എം ഡി എസ് കുടിശ്ശിക ഈടാക്കിയെടുക്കാൻ സാധിക്കാത്തവിധം

ബാങ്കിനെ ബോധപൂർവ്വം നഷ്ടപ്പെടുത്താൻ ഉതകുംവിധമുള്ള കുറ്റകരമായ വീഴ്ചയ്ക്ക് അതാത് ഭരണസമിതികൾ ഉത്തരവാദികളാണെന്നും കാണുന്നു.

കെ) ബാങ്ക് തരളധനം സൂക്ഷിക്കാത്തതും നിക്ഷേപം തിരികെ നൽകുന്നതിൽ പ്രതിസന്ധി അഭിമുഖീകരിക്കുന്നതും സംബന്ധിച്ച്

സഹകരണ ചട്ടം 63 പ്രകാരം 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത സംസ്ഥാനത്തെ ക്ലിപ്തബാദ്ധ്യതയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന എല്ലാ സഹകരണ സംഘങ്ങളും തരളധനമായി സൂക്ഷിച്ചിരിക്കേണ്ട ഏറ്റവും ചുരുങ്ങിയ തുക കണക്കാക്കുന്ന വിധം പ്രതിപാദിച്ചിട്ടുള്ളതും അപ്രകാരം കണക്കാക്കുന്ന തുകയിൽ കുറയാതെയുള്ള തുക തരളധനം സൂക്ഷിച്ചിരിക്കേണ്ടതുമാണ്. എന്നാൽ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ചട്ടം 63 പ്രകാരം സൂക്ഷിച്ചിരിക്കേണ്ട തരളധനം മിക്കദിവസങ്ങളിലും സൂക്ഷിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടില്ല. ചട്ടപ്രകാരം തരളധനം സൂക്ഷിക്കാൻ കഴിയാത്തത് ബാങ്കിന്റെ സാമ്പത്തിക നില തികച്ചും തൃപ്തികരമല്ലാത്തതിനാലാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ബാങ്കിന് വലിയതോതിൽ നിക്ഷേപ മൂല്യശോഷണം സംഭവിച്ചിട്ടുണ്ട്. ഇത് കാരണം നിക്ഷേപ ബാക്കി നിൽപ്പ് തുകയുടെ പകുതിയ്ക്ക് താഴെ തുക മാത്രമേ വരുമാനം ലഭിക്കുന്ന ആസ്തിയിൽ നിക്ഷേപമായി ബാങ്കിനുള്ളതായി കാണുന്നുള്ളൂ. ആസ്തി മൂല്യശോഷണത്തിന്റെ കാരണങ്ങൾ പ്രത്യേകമായി ഈ അന്വേഷണ റിപ്പോർട്ടിൽ ക്രമ നമ്പർ 6 (എം) ൽ പ്രതിപാദിക്കുന്നുണ്ട്. ആസ്തിമൂല്യശോഷണം കാരണം സാമ്പത്തിക നില തൃപ്തികരമല്ലാതായ ബാങ്കിന് കടുത്ത സാമ്പത്തിക പ്രതിസന്ധി ഭാവിയിൽ നേരിടേണ്ടതായി വരുമെന്നും കാണുന്നു. വൻതോതിലെ ആസ്തിമൂല്യശോഷണം കാരണം ബാങ്ക് ചട്ടം 63 പാലിക്കുന്നതിൽ പരാജയപ്പെട്ടിരുന്നതായും ആയത് ബാങ്കിലെ വർഷങ്ങളായുള്ള ഭരണകെടുകാര്യസ്ഥതയും ധൂർത്തും ക്രമരഹിത ഇടപാടുകളും മൂലമാണെന്നും ബോദ്ധ്യപ്പെടുന്നതിനാൽ ആയതിന് അതാത് കാലയളവിലെ ഭരണസമിതികൾ ഉത്തരവാദികളാണെന്നും കാണുന്നു.

എൽ) തൻചെലവ് ഇനത്തിലെ ബാങ്കിന്റെ ദുർചെലവുകൾ സംബന്ധിച്ച്

ബാങ്കിന് പലിശ വരവിനേക്കാൾ പലിശ ചിലവാണ് കൂടുതലെന്ന് കാണാൻ കഴിഞ്ഞ വിവരം ഈ റിപ്പോർട്ടിൽ പരാമർശിച്ചു കഴിഞ്ഞതാണ്. സിൽബന്ധി ചിലവുകൾ നിക്ഷേപത്തിൽ നിന്നുമാണ് നൽകി വരുന്നതെന്നും സഹകരണ സംഘം രജിസ്ട്രാറുടെ 73/2013 സർക്കുലറിന് വിധേയമായ തുടർ നടപടികൾ ഇപ്രകാരം നിക്ഷേപത്തിൽ നിന്നും തുക വകമാറ്റി ദുർവിനിയോഗിച്ച ഭരണസമിതിയ്ക്കുമേൽ കൈക്കൊള്ളേണ്ടതുണ്ടെന്നും ടി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ സിൽബന്ധി ചിലവുകൾ നിർവ്വഹിക്കുന്നതിനുപുറമേ ഓരോ വർഷവും ബാങ്കിന്റെ തൻചെലവും നിക്ഷേപത്തിൽ നിന്നുമാണ് വകമാറ്റി വിനിയോഗിച്ചതെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ടിലെ അന്വേഷണ വിഷയങ്ങളിലെ ക്രമനമ്പർ 2 ൽ

ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയിൽ ഓരോ വർഷവും തൻചിലവ് ഇനത്തിൽ ബാങ്ക് ചിലവഴിച്ച തുക വ്യക്തമാക്കിയിട്ടുണ്ട്. 2005-06 മുതൽ 18.72 കോടി രൂപയാണ് ടി ഇനത്തിലെ ആകെ ചെലവ്. 2019-20 വർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ച് കഴിഞ്ഞതിനാലും ആഡിറ്റ് പൂർത്തീകരിച്ച വർഷങ്ങളിലെ വൗച്ചറുകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാലും പ്രസ്തുത വർഷങ്ങളിലെ തൻചെലവ് സംബന്ധിച്ച വൗച്ചറുകൾ പരിശോധനാ വിധേയമാക്കിയിട്ടില്ല. എന്നാൽ 2020-21 വർഷത്തിലെ തൻചെലവ് പരിശോധിക്കുമ്പോൾ പരസ്യം, സംഭാവന, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി, ഡയറക്ടർമാരുടെ റ്റി എ, സിറ്റിംഗ് ഫീ, പ്രസിഡന്റിന്റെ ഓണറേറിയം എന്നീ ഇനങ്ങളിൽ ഉൾപ്പെടെ അനിവാര്യമല്ലാത്തതായ ചിലവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പരസ്യമിനത്തിൽ 31.03.2021ൽ 373618 രൂപയും 31.12.2020 ൽ 319600 രൂപയും സംഭാവനയിനത്തിൽ 10.07.2020 ന് 18000 രൂപയും 31.03.2021 ൽ 84500 രൂപയും ഉദാഹരണങ്ങളാണ്. ഇതിൽ 31.03.2021 ലെ 373618 രൂപ കുടവാങ്ങി അംഗങ്ങൾക്ക് നൽകിയ ഇനത്തിലുള്ളതാണ് (അനുബന്ധം 611). 31.12.2020 ലെ 319600 രൂപ (അനുബന്ധം 612). കലണ്ടർ പ്രിന്റ് ചെയ്തവകയിലുള്ളതാണ്. 27.11.2021 ൽ പൊതുയോഗത്തിലെ ഭക്ഷണ ചിലവ് മാത്രം 120000 രൂപയാണ്(അനുബന്ധം 6 1 3).. 2021-22 വർഷത്തിൽ 31.12.2021 വരെ നാളിതുവരെ പരസ്യമിനത്തിൽ 419300 രൂപയും (അനുബന്ധം 6 1 4). സംഭാവയിനത്തിൽ 117000 രൂപയും(അനുബന്ധം 6 1 4). പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി ഇനത്തിൽ 343420 രൂപയും ചിലവുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ ഗിഫ്റ്റ് നൽകാൻ പാടില്ലഎന്ന് നിർദ്ദേശിച്ചിട്ടുള്ള 6/2000 സർക്കുലറിനെയും (അനുബന്ധം 6 1 5) പൊതുനൻമ ഫണ്ടിൽ നിന്നേ സംഭാവന നൽകാൻ പാടുള്ളു എന്ന് നിഷ്കർഷിക്കുന്നതിനെയും പൊതുയോഗ ചിലവ് നിയന്ത്രിക്കണമെന്ന 27/A/15 സർക്കുലറിനെയും (അനുബന്ധം 6 1 6). ബോധപൂർവ്വം ലംഘിച്ചുള്ള പ്രവർത്തനങ്ങളാണ് ഭരണസമിതി ഇക്കാര്യങ്ങളിൽ കൈക്കൊണ്ട് കാണുന്നത്. കൂടാതെ ക്ലാസ് 5 ക്ലാസിഫിക്കേഷൻ യോഗ്യത മാത്രമുള്ള ബാങ്ക് ക്ലാസ് 1 ക്ലാസിഫിക്കേഷൻ പ്രകാരമുള്ള അധിക ശമ്പളം ജീവനക്കാർക്ക് നൽകുന്നതിന് സമാനമായി ഭരണസമിതി അംഗങ്ങൾക്ക് അധിക തുക സിറ്റിംഗ് ഫീസ്, ഓണറേറിയം, റ്റി എ എന്നീ ഇനങ്ങളിലും നൽകി കാണുന്നു. ടി ഇനങ്ങളിലാകെ ഭാരിച്ച ചെലവുകൾ മൂലമാണ് തൻചെലവും നിക്ഷേപത്തിൽ നിന്നും വകമാറ്റാൻ ഇടവന്നിട്ടുള്ളത്. ഇപ്രകാരം തൻചെലവ് ഇനത്തിൽ ദുർചെലവുകൾ നടത്തി സംഘത്തിന് നഷ്ടമുണ്ടാക്കിയതിന് അതാത് ഭരണസമിതികൾ ഉത്തരവാദികളാണെന്ന് കാണുന്നു.

<u>എം) ബാങ്കിന്റെ ആസ്തിമൂല്യശോഷണവും ആയതിലേയ്ക്ക് ബാങ്കിനെ എത്തിച്ച ഘടകങ്ങളും സംബന്ധിച്ച്</u>

കണ്ടല സർവ്വീസ് സഹകരണ ബാങ്ക് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ആണ്. ചട്ടം 63 പ്രകാരം സൂക്ഷിക്കേണ്ടതായ തരളധനം സൂക്ഷിക്കുന്നതിനും ബാങ്കിന് കഴിയുന്നില്ല. വരുംനാളുകളിൽ നിക്ഷേപം തിരികെ നൽകുന്നതിൽ ബാങ്ക് പ്രതിസന്ധി നേരിടാൻ

വലിയ സാദ്ധ്യതയാണ് കാണുന്നത്. ആസ്തി മൂല്യശോഷണ തുകയും ആയതിനുള്ള കാരണങ്ങളും വിശദമായി ചുവടെ ചേർക്കുന്നു. 2020-21 വർഷങ്ങളിലെയും 31.12.2021 ലെയും ആസ്തി മൂല്യശേഷണ തുക ചുവടെ പട്ടിക രൂപത്തിൽ ചേർക്കുന്നു.

പട്ടിക എ

| ഇനം | 31.03.2021 ലെ തുക | 31.12.2021 ലെ തുക |
|---|---|---|
| ഓഹരി മൂലധനം | 16374886 | 16409836 |
| നിക്ഷേപ ബാക്കിനിൽപ്പ് | 1870432496 | 1896651909 |
| ജില്ലാ ബാങ്കിൽ നിന്നുൾപ്പെടെ ലഭിച്ചിട്ടുള്ള വായ്പകൾ | 186185564 | 216377201 |
| ആകെA | 2072992946 | 2129438946 |

പട്ടിക ബി

| ഇനം | 31.03.2021 ലെ തുക | 31.12.2021 ലെ തുക |
|---|---|---|
| രൊക്കം തുക കൈയിലും ബാങ്കിലും | 44357245 | 5260455 |
| വായ്പ ബാക്കിനിൽപ്പ് | 1026204814 | 1099211683 |
| മറ്റ് വരുമാന ശ്രോതസ്സിൽ ഉള്ള നിക്ഷേപങ്ങൾ | 14898950 | 14898950 |
| ആകെ B | 1085461009 | 1119371088 |

| | | |
|---|---|---|
| ആസ്തിമൂല്യശോഷണ തുക (പട്ടിക A-B) | 987531937 | 1010067858 |

മേൽ പട്ടികയിൽ നിന്നും 31.03.2021 ൽ 987531937 രൂപയും 31.12.2021 ൽ 1010067858 രൂപയും ആസ്തിമൂല്യശോഷണം സംഭവിച്ചു കഴിഞ്ഞിരിക്കുന്നതിനാലാണ് ബാങ്ക് കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടുകാണുന്നത്. ടി ആസ്തിമൂല്യശോഷണത്തിന് കാരണമായ ഘടകങ്ങൾ ചുവടെ പരാമർശിക്കുന്നവയാണ്.

| ആസ്തി മൂല്യശോഷണത്തിന് കാരണമായ ഘടകങ്ങൾ | തുക |
|---|---|
| 2005-06 വർഷം മുതൽ 31.12.2021 വരെ തൻചെലവും സിൽബന്ധി ചെലവും നിക്ഷേപത്തിൽ നിന്നും വകമാറ്റി നൽകിയിട്ടുണ്ട്. കൂടാതെ പലിശ വരവിനെ അധികരിച്ച് പലിശ ചിലവ് ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ടി കാലയളവിൽ നിക്ഷേപത്തിൽ നിന്നും വകമാറ്റിയ തുക | 802749943 |
| ബാങ്കിന്റെയും ആശുപത്രിയുടെയും സ്ഥാവരജംഗമ വസ്തുക്കളിൽ വകുപ്പ് അനുമതി കൂടാതെ തന്നെ നിക്ഷേപത്തിൽ നിന്നും 2005-06 വർഷം മുതൽ | |

| | |
|---|---|
| 31.12.2021 വരെ തുക വകമാറ്റപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ടി കാലയളവിൽ നിക്ഷേപത്തിൽ നിന്നും വകമാറ്റിയ തുക | 67590076 |
| ബാങ്കിന്റെ നിക്ഷേപത്തിൽ നിന്നും എം ഡി എസി ലേയ്ക്ക് വകമാറ്റിയ ഇനത്തിൽ 31.12.2021 ലെ ബാക്കി നിൽപ്പ് തുക | 100668530 |
| 2005-06 വർഷത്തിന് മുമ്പ് നിക്ഷേപത്തിൽ നിന്നും വകമാറ്റി തൻചെലവും സിൽബന്ധി ചെലവും നടത്തിയിട്ടുണ്ട്. കൂടാതെ പലിശ വരവിനെ അധികരിച്ച് പലിശ ചിലവ് ഉണ്ടായിട്ടുണ്ട്. ഈ അന്വേഷണം ടി കാലയളവിലേത് നടത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ലാത്തതും എന്നാൽ ഇപ്രകാരം വകമാറ്റപ്പെട്ടതായി കരുതുന്നതുമായ തുകയും സഹകരണ ആശുപത്രിയിലേയ്ക്ക് നിക്ഷേപത്തിൽ നിന്നും വകമാറ്റിയ 1.25 കോടി രൂപയും ചേർന്ന തുക | 39055309 |
| ആകെ | 1010067858 |

## അന്വേഷണ സംഗ്രഹം

1. തസ്തികാനുവാദം ഇല്ലാതെ നിരവധി പേരെ ബാങ്കിൽ നിയമിച്ചും ജീവനക്കാർക്ക് അനധികൃത ഉദ്യോഗകയറ്റം, ഗ്രേഡ് ആനുകൂല്യം മുതലായവ നൽകിയും സിൽബന്ധി ചിലവ് ഇനത്തിൽ നിക്ഷേപത്തിൽ നിന്നും വൻതുക വകമാറ്റി ചിലവഴിച്ച് സഹകരണ നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ എന്നിവകളിലെ വ്യവസ്ഥകൾ ബോധപൂർവ്വം ലംഘിച്ച് ബാങ്കിലെ കാലാകാലങ്ങളിലെ ഭരണസമിതി ബാങ്കിന് ഭീമമായ തുക നഷ്ടമുണ്ടാക്കിയിരിക്കുന്നു.
2. വായ്പ സംഘങ്ങളുടെ ക്ലാസ് 5 ൽ പ്രവർത്തിക്കാൻ മാത്രം യോഗ്യതയുള്ള സംഘത്തിന്റെ ക്ലാസിഫിക്കേഷൻ ക്ലാസ് 1 ൽ നിലനിൽത്തി, റീക്ലാസിഫിക്കേഷൻ നടത്താതെ സിൽബന്ധി ചിലവ് ഇനത്തിൽ വൻതുക നിക്ഷേപത്തിൽ നിന്നും വൻതുക വകമാറ്റി ചിലവഴിച്ച് സഹകരണ നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ എന്നിവകളിലെ വ്യവസ്ഥകൾ ബോധപൂർവ്വം ലംഘിച്ച് ബാങ്കിലെ കാലാകാലങ്ങളിലെ ഭരണസമിതി ബാങ്കിന് ഭീമമായ തുക നഷ്ടമുണ്ടാക്കിയിരിക്കുന്നു.
3. സഹകരണ ചട്ടം 54(1) ന് വിധേയമല്ലാതെ ജോയിന്റ് രജിസ്ട്രാറുടെ മുൻകൂർ അനുമതി കൂടാതെ ബാങ്കിൽ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി സഹകരണ

ചട്ടത്തെ ബോധപൂർവ്വം ലംഘിച്ച് ബാങ്ക് ഭരണസമിതി ബാങ്കിന് നഷ്ടമുണ്ടാക്കിയിരിക്കുന്നു.

4. മാറനല്ലൂർ ക്ഷീരവ്യവസായ സംഘത്തിന് സംഘം നിയമാവലിയ്ക്കും സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായി വൻതുക ക്രമരഹിതമായി വായ്പ അനുവദിച്ച് വർഷങ്ങളായി വായ്പ കുടിശ്ശികയാക്കി ബാങ്കിന് ഭീമമായ നഷ്ടം അതാത് ഭരണസമിതികൾ വരുത്തി വച്ചിരിക്കുന്നു.
5. മാറനല്ലൂർ ക്ഷീരവ്യവസായ സംഘത്തിൽ അനധികൃത ഓഹരി നിക്ഷേപം നടത്തി സംഘം നിയമാവലിയ്ക്ക് വിരുദ്ധമായി ബാങ്ക് ഭരണസമിതികൾ പ്രവർത്തിച്ചിരിക്കുന്നു.
6. നിയമാവലി വ്യവസ്ഥയെ ബോധപൂർവ്വം ലംഘിച്ച് വൻതുക വായ്പ നൽകിയും, 3 സെന്റിന് താഴെ വസ്തു ജാമ്യമായി സ്വീകരിച്ച് വായ്പ നൽകിയും, ഒരു വസ്തുവിന്റെ ജാമ്യത്തിൽ നിരവധി വായ്പകൾ നൽകിയും, കൃത്രിമ വസ്തുമൂല്യനിർണയത്തിലൂടെ മതിപ്പ് വില കൂട്ടികാണിച്ച് വായ്പ തരപ്പെടുത്താൻ വ്യക്തികളെ അനുവദിച്ച് സി ക്ലാസ് അംഗങ്ങൾക്ക് പോലും വായ്പ നൽകിയും, വായ്പ കുടിശ്ശിക ഈടാക്കാൻ ആർബിട്രേഷൻ എക്സിക്യൂഷൻ കേസുകൾ യഥാവിധി ഫയൽ ചെയ്യാതെയും, അംഗമറിയാതെ എം ഡി എസ് ബാക്കിനിൽപ്പ് തുക അനധികൃത വായ്പയാക്കി മാറ്റിയും, സഹകരണ നിയമം ചട്ടം രജിസ്ട്രാറുടെ സർക്കുലറുകൾ എന്നിവകളിലെ വ്യവസ്ഥകളെ ബോധപൂർവ്വം ധിക്കരിച്ച് കുറ്റകരമായ വീഴ്ച വരുത്തിയ അതാത് കാലയളവിലെ ഭരണസമിതികൾ ടി അനധികൃത വായ്പ ഇടപാടുകളിലൂടെ ബാങ്കിന് ഭാരിച്ച നഷ്ടം വരുത്തി വച്ചിരിക്കുന്നു.
7. നിയമാവലിയിൽ ഇല്ലാത്ത നിക്ഷേപം സ്വീകരിച്ചും ഉപനിബന്ധന ഇല്ലാതെ നിക്ഷേപം സ്വീകരിച്ചും നിക്ഷേപങ്ങൾക്ക് അമിത പലിശ നൽകിയും ബാങ്ക് ഭരണസമിതികൾ രജിസ്ട്രാറുടെ സർക്കുലറുകളെ ബോധപൂർവ്വം ധിക്കരിച്ച് ബാങ്കിന് ഭീമമായ തുക നഷ്ടം ഉണ്ടാക്കിയിരിക്കുന്നു.
8. ഉപനിബന്ധന അംഗീകാരമില്ലാതെയും രജിസ്ട്രാറുടെ സർക്കുലർ വ്യവസ്ഥകൾ പാലിക്കാതെയും എം ഡി എസ് നടത്തി കോടികണക്കിന് രൂപ നിക്ഷേപ ചോർച്ചയ്ക്ക് ഇടയാക്കി ബാങ്കിന് അതാത് ഭരണസമിതികൾ ഭീമമായ നഷ്ടം ഉണ്ടാക്കിയിരിക്കുന്നു.
9. രജിസ്ട്രാറുടെ 62/2020 സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കാതെ ബാങ്കിൽ കമ്പ്യൂട്ടർവത്കരണം നടത്തി ക്രമക്കേടുകൾക്ക് ആക്കം കൂട്ടുന്ന തരത്തിലെ പ്രവർത്തനങ്ങൾനടത്തി ഭരണസമിതികൾ കുറ്റകരമായ വീഴ്ചവരുത്തിയിരിക്കുന്നു.
10. വകുപ്പ് അനുവാദം കൂടാതെ രജിസ്ട്രാറുടെ 55/2003 സർക്കുലർ വ്യവസ്ഥയെ ധിക്കരിച്ച് വാഹനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്ത ഭരണസമിതി കുറ്റകരമായ വീഴ്ചവരുത്തിയതിനോടൊപ്പം ബോധപൂർവ്വം ബാങ്കിന് നഷ്ടവും വരുത്തി വച്ചിരിക്കുന്നു.
11. വകുപ്പ് അനുമതി കൂടാതെ ബാങ്കിലും ബാങ്കിന്റെ അനുബന്ധ സ്ഥാപനമായ ആശുപത്രിയിലും അകസാമാനങ്ങളും ആശുപത്രി ഉപകരണങ്ങളും വാങ്ങിയതുവഴി സഹക

രണ ചട്ടം 180 ന് വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തിയ അതാത് ഭരണസമിതികൾ കുറ്റകരമായ വീഴ്ച വരുത്തിയിരിക്കുന്നു.

12. ബാങ്കിന്റെ വെളിയംകോട് ശാഖ വകുപ്പ് അനുവാദം കൂടാതെ പുന്നാവൂർ എന്ന സ്ഥലത്തേയ്ക്ക് മാറ്റി സർക്കുലർ 43/2005 ന് വിരുദ്ധമായി പ്രവർത്തിച്ച് ബാങ്ക് ഭരണസമിതി കുറ്റകരമായ വീഴ്ച വരുത്തിയിട്ടുള്ളതും ശാഖ മാറ്റുന്നതിന് സംഘം ഫണ്ട് ദുർവിനിനയോഗം ചെയ്ത് ബാങ്കിന് നഷ്ടമുണ്ടാക്കുകയും ചെയ്തിരിക്കുന്നു.

13. സംഘാംഗങ്ങളായ വായ്പക്കാരിൽ നിന്നും അനധികൃതമായി ബിൽഡിംഗ് ഫണ്ട് ഈടാക്കി സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തെ ബാങ്ക് ഭരണ സമിതി ബോധപൂർവ്വം ധിക്കരിച്ച് കാണുന്നു.

14. ആഡിറ്റ് പൂർത്തീകരണത്തിന് ആവശ്യമായ സ്റ്റേറ്റ്മെന്റുകൾ എടുത്ത് നൽകാതെ സഹകരണ നിയമം വകുപ്പ് 64(4എ) പ്രകാരമുള്ള അയോഗ്യത ബാങ്ക് ഭരണസമിതി ക്ഷണിച്ച് വരുത്തിയിരിക്കുന്നു.

15. കളക്ഷൻ ഏജന്റുമാരെ അനധികൃതമായി നിയമിക്കുക മാത്രമല്ല അവർക്ക് അനധികൃതമായും നിയമവിരുദ്ധമായും കമ്മീഷൻ അനുവദിച്ച് നൽകി അതാത് ഭരണസമിതികൾ ബാങ്കിന് ബോധപൂർവ്വം നഷ്ടം വരുത്തി വച്ചിരിക്കുന്നു.

16. ആർബിട്രേഷൻ എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്യാൻ ബോധപൂർവ്വം വീഴ്ച വരുത്തി വായ്പ/ എം ഡി എസ് കുടിശ്ശിക ഈടാക്കാതിരിക്കാൻ ശ്രമിച്ചു കാണുക വഴി കുറ്റകരമായ വീഴ്ച അതാത് ഭരണസമിതികൾ വരുത്തികാണുന്നു.

17. നിക്ഷേപ മൂല്യശോഷണം മൂലം 101 കോടി രൂപയുടെ ആസ്തിയിൽ കുറവുണ്ടായിരിക്കുന്ന ബാങ്കിന് തരളധനം സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതും ഇതുവഴി നിക്ഷേപം തിരികെ നൽകുന്നതിൽ പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിയും വന്നിരിക്കുന്നത് അതാത് ഭരണസമിതികളുടെ കെടുകാര്യസ്ഥതയും ബോധപൂർവ്വമായ വീഴ്ചയും കാരണമാണ്.

18. നിക്ഷേപത്തിൽ നിന്നും തുക വകമാറ്റി തൻചെലവ് ഇനത്തിൽ ഭീമമായ തുക ഓരോ വർഷവും ചെലവ് ചെയ്ത് അതാത് ഭരണസമിതികൾ ബാങ്കിനെ ഭീമമായ നഷ്ടത്തിലെത്തിച്ചിരിക്കുന്നു.

19. ക്രമപ്രകാരമല്ലാതെയും സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കാതെയും ഭരണസമിതി യോഗങ്ങൾ, പൊതുയോഗങ്ങൾ എന്നിവ കൂടി കൈക്കൊണ്ട തീരുമാനങ്ങൾക്ക് നിയമസാധുത ഇല്ലാതാകും വിധമുള്ള പ്രവൃത്തി ബോധപൂർവ്വം ഭരണസമിതികൾ വരുത്തിവച്ചിരിക്കുന്നു.

20. ബാങ്ക് നിക്ഷേപത്തിന് നൽകുന്ന പലിശയേക്കാൾ പലിശ വരവും പലവക വരവും ചേർന്ന തുക കുറവാകയാൽ എല്ലാ വർഷവും തൻചെലവും സിൽബന്ധിചെലവും ഇനത്തിൽ ഭരിച്ച തുക നിക്ഷേപത്തിൽ നിന്നും വകമാറ്റിയും, എം ഡി എസ് കുടിശ്ശിക കൂടുന്നതിനനുസരിച്ച് നിക്ഷേപ തുക എം ഡി എസിലേയ്ക്ക് വകമാറ്റിയും, വകുപ്പ് അനുമതി കൂടാതെ കെട്ടിടനിർമ്മാണം, വാഹനം, അകസാമാനങ്ങൾ എന്നിവയ്ക്കായി നിക്ഷേപ തുക അനധികൃതമായി വകമാറ്റിയും, കണ്ടല സഹകരണ ആശുപത്രിയിലെ

പ്രവർത്തനത്തിന് നിക്ഷേപതുക വകമാറ്റിയും മറ്റും 31.12.2021 ൽ 101 കോടി രൂപയുടെ നിക്ഷേപ മൂല്യശോഷണം ബാങ്കിന്റെ അതാത് ഭരണസമിതികൾ വരുത്തി വച്ചിരിക്കുന്നു.

മേൽ പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് 31.12.2021 ലെ താൽക്കാലിക ബാക്കിപത്രവും(അനുബന്ധം A 17) മറ്റ് അനുബന്ധങ്ങളും സഹിതം തുടർനടപടികൾക്കായി സമർപ്പിക്കുന്നു.

**എസ് ജയചന്ദ്രൻ**
65-ാം വകുപ്പ് അന്വേഷണ ഉദ്യോഗസ്ഥൻ
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
കാട്ടാക്കട

കാട്ടാക്കട
22.01.2022

അംഗീകരിക്കുന്നു
Baheela
സെക്ഷൻ ഓഫീസർ